30 Smt. Kusumam
31 Shri V. Madura
32 ,, M. M. Mathai
33 ,, T. Murugesan
34 Smt. A. Nafeesath Beevi
35 Shri K. Narayana Kurup
36 ,, M. Narayana Kurup
37 ,, Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, A. A. Rahim
40 Shri R. Raghava Menon
41 ,, R. Sankar
42 Smt. O. T. Sarada Krishnan
43 ,, K. R. Saraswathi Amma
44 Shri C. M. Stephen
45 ,, T. A. Thomman
46 ,, P. P. Ummer Koya
47 ,, K. R. Vijayan
48 ,, K. K. Viswanathan
49 ,, C. F. Pereira

Noes—31

1 Shri P. C. Adichan
2 Smt. K. O. Aisha Bai
3 Shri Antony D'Cruz
4 ,, Baby John
5 ,, N. E. Balaram
6 ,, D. Damodaran Potti
7 ,, E. P. Eapen
8 ,, E. P. Gopalan
9 ,, K. V. John
10 ,, Joseph Chazhikattu
11 ,, O. Koran
12 ,, K. Krishnan
13 ,, M. Krishnan
14 ,, R. Krishnan
15 ,, V. R. Krishna Iyer
16 ,, K. Krishna Pillai
17 ,, S. Kumaran
18 ,, P. K. Kunjachan
19 Shri P. M. Kunhiraman Nambiar
20 ,, P. K. Narayanan Nambiar
21 ,, T. C. Narayanan Nambiar
22 ,, P. Narayanan Thampi
23 ,, P. C. Raghavan Nair
24 ,, A. K. Ramankutty
25 ,, P. Ramunni Kurup
26 ,, T. K. Ramakrishnan
27 ,, P. Ravindran
28 ,, E. M. Sankaran Namboodiripad
29 ,, R. Sugathan
30 ,, M. V. Vasu
31 ,, P. Viswambharan

Neutrals—7

1 Shri P. Abdul Majeed
2 ,, K. Avukadarkutty Naha
3 ,, M. P. M. Ahammed Kurikkal
4 ,, K. Hassan Gani
5 ,, K. Moideenkutty Haji
6 ,, Mohsin Bin Ahamed
7 ,, V. P. C. Thangal

Mr. Speaker: For the motion 49.
Against the motion 31
Neutrals 7.

The motion that the time for the presentation of the Report of the Select Committee on the Kerala Land Revenue Settlement and Assessment (Revival) Bill, 1963 be extended till the 30th June 1964, was carried.

Discussion on the Governor's Address

Mr. Speaker: Now, we pass on to the discussion on the Governor's Address. Two days, the 28th and the 29th January, 1964,

LIBRARY ARCHIVES Kerala Legislative Assembly

have been allotted for the discussion on the Governor's Address. The time available will be distributed among the different parties as follows:

Congress Party (including the time for the reply by the Ministers) 180 minutes.

Communist Party — 170 minutes.

P. S. P. — 50 minutes.

Muslim League — 40 minutes. and

Independents — 20 minutes.

Nearly an hour and a quarter has now been taken up for discussing other matters.

Shri K. K. Viswanathan may now move his Motion of Thanks to the Governor's Address.

Shri K. K. Viswanathan : Sir, I move that an address be presented to the Governor that the Members of the Kerala Legislative Assembly thank him for the address delivered to the members of the Legislative Assembly on the 24th January, 1964".

സർ, ഗവർണ്ണർ ചെയ്ത പ്രസംഗം ഗവണ്മെൻറിന്റെ ഒരു കൊല്ലത്തെ പ്രവർത്തനത്തെ വിലയിരുത്തുകയും, അടുത്തകൊല്ലത്തെ ചില കാര്യങ്ങളുടെ സൂചന നൽകുകയും ചെയ്യുന്ന ഒന്നാണു്. കഴിഞ്ഞ ഒരു കൊല്ലക്കാലം ഈ രാജ്യത്തു് ഒരു അടിയന്തിരാവസ്ഥ നിലവിലിരുന്ന കാലമാണു്. സ്വാഭാവികമായും ഒരു അടിയന്തിരാവസ്ഥയ്ക്കു ചേർന്ന രീതിയിൽ പലതും ഈ ഗവണ്മെൻറിനു ചെയ്യേണ്ടതായി വന്നിട്ടുണ്ടു്. ഈ അടിയന്തിരഘട്ടം തരണംചെയ്യുന്നതിനു കേരളം സ്വീകരിച്ച നടപടികളും കേരളീയരായ നമുക്കെല്ലാവർക്കും അഭിമാനത്തിനു വക നൽകുന്നുണ്ടു്. ഇൻഡ്യയിലെ ഏറ്റവുംചെറിയ സ്റ്റേറ്റാണെങ്കിലും താരതമ്യേന മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ചു് ഒരു അടിയന്തിരഘട്ടത്തിൽ നാം ചെയ്യേണ്ടതിൽ കവിഞ്ഞുതന്നെ പലതും ചെയ്യുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തെ ജനങ്ങൾക്കു് 185 ലക്ഷം രൂപയോളം പ്രതിരോധ കാര്യങ്ങൾക്കു് സംഭാവനയായി കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. 170 ലക്ഷം രൂപയാണു് ഉദ്ദേശിച്ചിരുന്നതെങ്കിലും ആ ടാർജറിലും കവിഞ്ഞു നമുക്കു് കൊടുക്കുവാൻ കഴിഞ്ഞു. ഇതു് ഈ സ്റ്റേറ്റിലെ ജനങ്ങളും നേരിട്ടു കേന്ദ്രത്തിലേയ്ക്കു് സംഭാവന ചെയ്തതിനു പുറമെയാണു്. സർ, ഇങ്ങനെ നോക്കുമ്പോൾ ഇവിടെ അടിയന്തിരഘട്ടം ഉണ്ടായ സന്ദർഭത്തിൽ, ആ സന്ദർഭത്തിനൊത്ത രീതിയിൽ ഈ രാജ്യത്തെ ഗവണ്മെൻറും ജനങ്ങളും ഒത്തുചേർന്നുവെന്നു കാണാവുന്നതാണു്. സർ, അതിനും പുറമേ ഈ സ്റ്റേറ്റു് ഒരു എം. എസ്സു്. പി. ബറാലിനെയും, ഒരു എസ്സു്. എ. പി. ബറാലിനെയും നാഗാലൻറു് പ്രദേശത്തേയ്ക്കു് പ്രതിരോധാവശ്യത്തിനു് അയയ്ക്കുകയുണ്ടായി. ഈ അടിയന്തിരഘട്ടം തരണംചെയ്യുന്നതിനു വേണ്ടത്ര ഡ്രൈവർമാരേയും, മെക്കാനിക്കുകളെയും, ഓപ്പർറേറ്റർമാരേയും എല്ലാം ആവശ്യമായിവരുമെന്നു കണ്ടുകൊണ്ടു് അവരെ ടെയിൻ ചെയ്യിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു. ഈ രാജ്യത്തെ ഇൻജീനിയറിംഗു് കാളേജിലും മറ്റും ഷോർട്ടു്ടേം കോഴ്സുകൾ ഏർപ്പെടുത്തി സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ധാരാളം ആളുകളെ നമുക്കു ഉണ്ടാക്കുവാൻ കഴിഞ്ഞു. സർ, സിവിൽ ഡിഫെൻസിന്റെ ആവശ്യത്തിനുവേണ്ടി ഒരു ഹോംഗാർഡു് സംഘടന മുവായിരം ആളുകളെ ഉൾപ്പെടുത്തി കാര്യക്ഷമമായി സംഘടിപ്പിക്കുവാൻ നമുക്കു കഴിഞ്ഞു. ഹോംഗാർഡു് സംഘടന രൂപീകരിച്ച അവസരത്തിൽ അതെപ്പറ്റി പലർക്കും ആക്ഷേപവും ചിലർക്കു് ഭയവും ഉണ്ടായിരുന്നുവെങ്കിലും അതിന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങൾ നോക്കിക്കഴിഞ്ഞാൽ അതു ഒരു ഉന്നതസ്ഥാനം നേടികഴിഞ്ഞിരിക്കുന്നുവെന്നു മനസ്സിലാക്കുവാൻ കഴിയും. അടിയന്തിരഘട്ടങ്ങളിൽ മാത്രമല്ല; അല്ലാത്ത ഘട്ടങ്ങളിലും ഈ രാജ്യത്തെ ജനങ്ങളെ സേവിക്കുന്നതിനു് ആത്മാർത്ഥതയുള്ള, അതിനു സന്നദ്ധതയുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

മുവായിരം അദ്ധ്യാപകരെ ഇതിലേയ്ക്ക് തെരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടുള്ളതു് ഗവണ്മെൻറിന്റെ ഒരു വലിയ നേട്ടമാണെന്നുള്ളതിനു സംശയമില്ല. സർ, പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ട അപകടം സംഭവിക്കുന്നവർക്ക് ഫസ്റ്റ് എയിഡ് മുതലായവ കൊടുക്കുന്നതിനു നേഴ്സുകളെ പരിശീലിപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. അതിനുപുറമെ നമ്മുടെ ഭടന്മാരുടെ ബന്ധുക്കൾക്കു കൂടുതൽ വിദ്യാഭ്യാസ സൗജന്യം കൊടുക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. സർ, ഇതെല്ലാം കാണിക്കുന്നതു് ഈ അടിയന്തിരഘട്ടം നേരിടുന്നതിനായി തരണം ചെയ്യണമെന്നുള്ള വിചാരത്തോടുകൂടി ആത്മാർത്ഥമായി ഗവണ്മെൻറ് പ്രവർത്തിച്ചുവെന്നുള്ളതാണു്. സർ, ഇതുകൊണ്ടുമാത്രം ഗവണ്മെൻറ് തൃപ്തിപ്പെട്ടില്ല.

ഈ അടിയന്തിരഘട്ടത്തിൽത്തന്നെ ഇവിടത്തെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതും വളരെ ആവശ്യമായിത്തീർന്നു. അതിനും ഗവണ്മെൻറ് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നു് ഈ പ്രസംഗം വായിച്ചുനോക്കിയാൽ കണാൻ കഴിയും. 1963-64-ൽ നമ്മുടെ പ്ലാൻ അലോട്ടുമെൻറ് ആദ്യം 32 കോടി 88 ലക്ഷം രൂപാ വച്ചിരുന്നതു് കാർഷികോല്പന്നങ്ങളുടെ വർദ്ധനവിനുവേണ്ടി പിന്നെയും വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട്. അതുപോലെ അടുത്തകൊല്ലത്തേക്കും ഈ കൊല്ലത്തേക്കാൾ വളരെ അധികം രൂപാ ഈ കാര്യത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്ക് 44 കോടിയിൽപ്പരം രൂപാ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. പ്ലാൻ പ്രവർത്തനങ്ങളെ മൊത്തത്തിൽ നോക്കിക്കഴിഞ്ഞാൽ, മിക്കകാര്യങ്ങളിലും മൂന്നാം പദ്ധതി അവസാനിപ്പിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ ടാർജറ്റ് അധീകരിക്കുന്നതായി നമുക്കു കാണാൻ കഴിയും. ഇതു തെളിയിക്കുന്നതു് പ്ലാൻ പ്രവർത്തനത്തിൽ ഗവണ്മെൻറ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുള്ളതാണു്. ആദ്യ കാലഘട്ടങ്ങളിൽ കുറെ കാലതാമസം നേരിട്ടെങ്കിലും സ്വാഭാവികമായി പ്ലാനിന്റെ അവസാന ഭാഗങ്ങളിൽ പ്രവർത്തനം ത്വരിതപ്പെടുത്തുക സാധാരണമാണു്. ആ നിലയിൽ ത്വരിതപ്പെടുത്തിയതിന്റെ ഫലമായി ഇന്നു നീക്കിവച്ചിരിക്കുന്ന തുക മിക്കവാറും ചെലവഴിക്കുമെന്നുള്ളതിന്റെ സൂചനകളും നമുക്കു കാണാൻ കഴിയുന്നുണ്ട്. ഇവിടെ കാർഷികോല്പന്നങ്ങളും വർദ്ധിപ്പിക്കേണ്ടയാവശ്യത്തെ മുൻനിറുത്തി ഗവണ്മെൻറ് ചില പ്രവർത്തനങ്ങളും നടത്തുന്നതായി പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പാക്കേജ് പ്രോഗ്രാം 30 ബ്ലോക്കുകളിലേയ്ക്കു വ്യാപിപ്പിച്ചു എന്നുള്ളതാണു്. ഇനി, രണ്ടു ബ്ലോക്കുകളിലേക്കുകൂടി അടുത്തകൊല്ലം വ്യാപിപ്പിക്കുമെന്നുകാണുന്നുണ്ട്. മൊത്തത്തിൽ ഇവിടത്തെ കാർഷികോല്പന്നങ്ങളും വർദ്ധിപ്പിക്കുന്നകാര്യത്തിൽ ആദ്യം അല്പം കുറവുകളും ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ നാം വിചാരിക്കുന്ന ടാർജറിൽ എത്താൻകഴിയുമെന്നാണു പ്രതീക്ഷിക്കുന്നതു്. 1963–'64 വർഷത്തിൽ ഉല്പാദനം 12.30 ലക്ഷം ടണ്ണായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതു നമ്മുടെ രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ 10.54 ലക്ഷം ടൺ മാത്രമായിരുന്നു. ഈ വർദ്ധനവു് ഈ രംഗത്തു കാര്യമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ളതാണു്. 1964–'65 ആകുമ്പോൾ 13.61 ലക്ഷം ടൺ ആകുമെന്നാണു പ്രതീക്ഷിക്കുന്നതു്. എന്തായാലും ഈ രംഗത്തു് ഇത്രയധികം വർദ്ധനവുണ്ടാക്കാൻകഴിഞ്ഞതു് അതിനുവേണ്ടി കാര്യക്ഷമമായി പ്രവർത്തനം നടത്തിയതുകൊണ്ടാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. കാർഷികോല്പാദനവർദ്ധനവിന്റെ കാര്യത്തിൽ മറെറാരു പ്രത്യേകതയുണ്ടായിട്ടുള്ളതു് സഹകരണപ്രസ്ഥാനത്തിനു് ഈ രംഗത്തു കൂടുതൽ സ്ഥാനംകൊടുത്തു എന്നുള്ളതാണു്. നമ്മുടെ രാജ്യത്തു വില്ലേജ് കോവാപ്പറേറീവു് സൊസൈറ്റികളും ക്രെഡിറ്റ് സംഘങ്ങളും സർവ്വീസു സംഘങ്ങളും ഇന്നു കാർഷികോല്പാദന വർദ്ധനവിനുവേണ്ടി വളരെ അധികം സഹായം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. മുമ്പത്തേക്കാളും കൂടുതലായി ചില ഫാമിംഗ് സൊസൈറ്റീസും് ഇവിടെ രൂപം കൊണ്ടിട്ടുണ്ട്. അങ്ങനെ കാർഷികമേഖലയിൽ ഗവണ്മെൻറ് നേരത്തെ വിഭാവനചെയ്തതുപോലെ, ഒരുഘട്ടത്തിൽ മിക്കവാറും എല്ലാ കാർഷികരംഗങ്ങളും സഹകരണാടിസ്ഥാനത്തിൽ ആയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു സംശയമൊന്നുമില്ല. സർവ്വീസു് സഹകരണസംഘങ്ങളും വന്നതുകൊണ്ടുമാത്രം നാം തൃപ്തിപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകൃഷി നടത്തുന്ന സംഘങ്ങളായി അവയെ രൂപാന്തരപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തിലാണു് അവ ആരംഭിക്കപ്പെട്ടിരിക്കുന്നതു്. ഈ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമായി മുമ്പോട്ടു പോകുന്നെങ്കിൽ ഇവിടെ കൂട്ടുകൃഷിമൂലം ഉല്പാദനം വളരെ വർദ്ധിക്കുമെന്നുള്ളതിൽ തർക്കമൊന്നും ഇല്ല. ഈ രംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല സഹകരണസംഘങ്ങളും വിജയപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടു് കാർഷികരംഗത്തു് സഹകരണപ്രസ്ഥാനം വളരെ അധികം പ്രയോജനം ചെയ്യുമെന്നു് ഇതിനകം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. മറെറാരു പ്രധാന സംഗതി, ഇവിടെ ചോദ്യോത്തരവേളയിൽ വന്ന, ഈ രാജ്യത്തെ ഭക്ഷ്യനിലയെ സംബന്ധിക്കുന്നതാണു്. ഈ അടുത്തകാലത്തു് ദൌർഭാഗ്യവശാൽ പെട്ടെന്നു അരിക്കു വില വർദ്ധിക്കുകയുണ്ടായി. അതിന്റെ കാരണം, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ടു്. ഗവണ്മെൻറു് വിചാരിച്ചാൽ തടുക്കാൻകഴിയാത്ത ചില സാഹചര്യങ്ങൾകൊണ്ടാണു വില വർദ്ധിച്ചതു്. നമുക്കു എവിടെനിന്നാണോ ഈ അരിവരേണ്ടതു്, അവിടെ ഉണ്ടായ ചില കുഴപ്പങ്ങളാൽ അരി ഇങ്ങോട്ടുകൊണ്ടുവരുന്നതിനു് ബുദ്ധിമുട്ടു് നേരിടുകയും അതുകൊണ്ടു് തൽകാലം വിലവർദ്ധനവു് ഉണ്ടാവുകയും ചെയ്യുവെന്നുള്ള നിലയിൽ, ഗവണ്മെൻറിനെ അതിന്റെപേരിൽ ആക്ഷേപം കുറെപ്പെടുത്താൻ കഴിയുകയില്ല. ഈ അവസരത്തിൽ, ഗവണ്മെൻറു് ഫലപ്രദമായ നടപടികളും സ്വീകരിച്ചു, പ്രത്യേകം ഉദ്യോഗസ്ഥനെ നിയോഗിച്ചും വാഗൺ സൌകര്യം ഉണ്ടാക്കിയും പെട്ടെന്നു അരി ഇവിടെ എത്തുന്നതിനുള്ള നടപടികളും എടുത്തു എന്നു മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായി പെട്ടെന്നു വിലവർദ്ധനവു് മാറി മിതമായും പഴയ രീതിയിൽ എത്തുകയും ചെയ്തു എന്നു അദ്ദേഹം പറഞ്ഞു. അതുകൊണ്ടു അരിവിതരണക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള അനാസ്ഥ ഗവണ്മെൻറു് കാണിക്കുന്നില്ലെന്നുമാത്രമല്ല, ഏതെങ്കിലും ദുർഘടഘട്ടങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ആ ദുർഘടഘട്ടത്തെ തരണംചെയ്യുന്നതിനു ഗവണ്മെൻറു് ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും തെളിയുന്നതാണു്. ഇവിടെ വിലക്കയറ്റം ഉണ്ടാകുന്നതിനെ തടയുന്നതിനു് നാം സാധാരണ സ്വീകരിക്കുന്ന സമ്പ്രദായം സാധനങ്ങളുടെ വില നിയന്ത്രിക്കുകയെന്നുള്ളതാണു്. യുദ്ധകാലഘട്ടങ്ങളിൽ സാധനങ്ങളുടെ വില നിയന്ത്രിക്കുകയും, റേഷനിംഗു് ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള അനുഭവം നമ്മുടെ മുമ്പിലുണ്ടു്. റേഷനിംഗും വിലനിയന്ത്രണവും ഏർപ്പെടുത്തിയ കാലത്തെല്ലാംതന്നെ അതെത്രയുംവേഗം എടുത്തുകളയണമെന്നായിരുന്ന ഈ രാജ്യത്തെ ജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതു്. കാരണം, റേഷനിംഗും നിയന്ത്രണവും എല്ലാംവന്നുകഴിഞ്ഞാൽ, കൂടുതൽ അഴിമതിയുണ്ടാകുന്നു. കൂടുതൽ കുഴപ്പങ്ങളും ബുദ്ധിമുട്ടും ജനങ്ങൾക്കുണ്ടാകുന്നു എന്നുള്ള നിലയിലാണു് അതു നിലവിലിരുന്നകാലത്തു് എത്രയുംവേഗം അതു മാറണമെന്നു പറഞ്ഞിരുന്നതു്. ഇന്നു വിലവർദ്ധനവിനെ നേരിടുന്നതിനു് വിലനിയന്ത്രിക്കണമെന്നും, എല്ലാസാധനങ്ങൾക്കും റേഷനിംഗു് ഏർപ്പെടുത്തണമെന്നും ചിലയാളുകൾ പറയുന്നുണ്ടു്. അങ്ങനെ പറയുന്നവർ പഴയകാര്യങ്ങൾ വിസ്മരിച്ചുകൊണ്ടാണു് പറയുന്നതു്. റേഷനിംഗും മറും ഏർപ്പെടുത്തിക്കഴിഞ്ഞാൽ അതിൽനിന്നുണ്ടാകുന്ന മറെറ പ്രശ്നങ്ങൾ പരിഹരിക്കാൻ വളരെ പ്രയാസം നേരിടും. അതുകൊണ്ടു് പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കാതെ അത്യാവശ്യമുള്ള സാധനങ്ങൾ സഹകരണസംഘങ്ങളിൽകൂടി വിതരണംചെയ്യുന്നതിനുള്ള ഏർപ്പാടുകൾ സ്വീകരിക്കുന്നതാണു്. അതിന്റെ അടിസ്ഥാനത്തിലാണു് ഇൻഡ്യാഗവണ്മെൻറു് അങ്ങനെയൊരു പദ്ധതി ആവിഷ്കരിക്കുകയും നമ്മുടെ ഗവണ്മെൻറു് ഇന്നു പലസ്ഥലങ്ങളിലും കൺസ്യൂമേഴ്സു് കോവാപ്പറേറീവു് സൊസൈറികൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതു്. ചില ഡിസ്ട്രിക്ടുകളിൽ ഹോൾസെയിൽ സ്റ്റോറുകളും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ രാജ്യത്തു് പൂർണ്ണ അത്യാവശ്യസാധനങ്ങളും സഹകരണസംഘങ്ങളിൽകൂടി വിതരണംചെയ്യാൻ സാധിക്കുമെങ്കിൽ വിലവർദ്ധനവിനെ ഫലപ്രദമായി തടയാൻ കഴിയുമെന്നുള്ളതിനു സംശയമൊന്നുമില്ല. ഈ വിലവർദ്ധനവിന്റെ ഒരുഭാഗം ഇടനിലക്കാർ എടുക്കുന്ന ലാഭമാണു്. ഉല്പാദകർ കാര്യമായി വില വർദ്ധിപ്പിക്കുന്നില്ല. എന്നാൽ, ഉൽപ്പന്നങ്ങൾക്കു് വില കൂടുന്നതു് രാജ്യത്തിനു ഗുണകരവും, കൃഷികാർക്കു് നല്ലതുമാണു്. അതുകൊണ്ടു് കൃഷികാരുടെ നില മെച്ചപ്പെടും. എന്നാൽ പലപ്പോഴും ഈ ഉൽപാദ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

നങ്ങളുടെ വില മുഴവനും ഉൽപാദകരുടെ കൈയിലേയ്ക്കു പോകുന്നില്ല. ഇട നിലക്കാർ തട്ടിയെടുക്കുകയാണു്. ആ നില മാറണമെങ്കിൽ, ഈ രംഗത്തു് സഹകരണസംഘങ്ങളുടെ പ്രവർത്തനംകൊണ്ടുമാത്രമെ സാധിക്കുകയുള്ളു. നിയന്ത്രണവും റേഷനിംഗും പരാജയപ്പെട്ട സ്ഥാനത്തു് ഈ സഹകരണപ്രസ്ഥാനം വിജയിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. പക്ഷേ ഇന്നുള്ള ബുദ്ധിമുട്ടു് എന്താണെന്നുവച്ചാൽ, പല സ്ഥലങ്ങളിലുള്ള റീട്ടെയിൽ സഹകരണ സംഘങ്ങൾക്കും മറ്റു കച്ചവടക്കാരിൽനിന്നും സാധനങ്ങൾ വാങ്ങേണ്ടിവരുന്നു എന്നുള്ളതാണു് അതുകൊണ്ടു് സ്വാഭാവികമായും വിലകുറച്ചു വിൽക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണു് ഹോൾസെയിൽ സഹകരണസംഘങ്ങൾ വേണമെന്നു പറയുന്നതു്. അവരിൽനിന്നും റീട്ടെയിൽ സഹകരണസംഘങ്ങൾക്കു് എല്ലാ സാധനങ്ങളും കിട്ടുകയാണെങ്കിൽ വലിയ വിലവർദ്ധനവില്ലാതെ കൊടുക്കാൻ കഴിയും. ഇന്നു ഹോൾസെയിൽ സഹകരണ സംഘങ്ങൾ രൂപം കൊണ്ടിട്ടുള്ളവയ്ക്കു് എല്ലാസ്ഥലത്തുമുള്ള അവരുടെ റീട്ടെയിൽ സഹകരണസംഘങ്ങൾക്കു് കൊടുക്കാൻ മതിയായ സാധനങ്ങൾ വാങ്ങിവയ്ക്കാൻ ആവശ്യമായ പണം ഇല്ല. അവർ ക്രെഡിറ്റും മറ്റു പല സഹായങ്ങളും ആവശ്യപ്പെട്ടിട്ടുണ്ടു്. അങ്ങനെ അവയ്ക്കു് കൂടുതൽ പണം ഉണ്ടാക്കാൻ കഴിയുകയാണെങ്കിൽ അവയ്ക്കു് നേരിട്ടു് നിത്യോപയോഗസാധനങ്ങൾ ഉൽപ്പാദകരിൽനിന്നു വാങ്ങാനും റീട്ടെയിൽ സൊസൈറ്റികൾക്കു് വിതരണം ചെയ്യാനും കഴിയും. അങ്ങനെയായാൽ വിലവർദ്ധനവിനെ കാര്യമായി തടയാൻകഴിയും. ആ കാര്യത്തിൽ ഗവണ്മെൻറു് സവിശേഷമായ ശ്രദ്ധപതിപ്പിക്കുന്നുണ്ടെന്നാണു് ഈ പ്രസംഗംകൊണ്ടു് കാണാൻകഴിയുന്നതു്. ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തതയുള്ള ഒരു പ്രദേശമല്ല നമ്മുടെ രാജ്യം. എന്നാൽ നമുക്കു് സ്വയംപര്യാപ്തതനേടാനുള്ള നിരവധി മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിലുണ്ടു്. ഈ രാജ്യത്തു് കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കാൻ എളുപ്പമില്ലാത്തതുകൊണ്ടുള്ള സ്ഥലത്തു് കൂടുതൽ ഉൽപ്പാദിപ്പിക്കുക മാത്രമേ സാദ്ധ്യമുള്ളു. പക്ഷേ, നമുക്കു കൃഷിയെക്കാളും കൂടുതൽ സഹായകരമായ അമൂല്യമായ സമ്പത്തു് നമ്മുടെ പടിഞ്ഞാറൻ കടലിൽ കിടക്കുന്നുണ്ടു്. അതു ശരിക്കും ചൂഷണം ചെയ്യുകഴിഞ്ഞിട്ടില്ല അതു പരമാവധി ചൂഷണംചെയ്യുകയാണെങ്കിൽ, നമ്മുടെ രാജ്യത്തെ ഭക്ഷ്യക്ഷാമം തീരുമെന്നുമാത്രമല്ല, നമുക്കു് പുറത്തുനിന്നും വളരെ ഡാളർ സമ്പാദിക്കുന്നതിനും സാധിക്കും. കേരളത്തിലുള്ളതുപോലെ അനുകൂല സാഹചര്യം ഇതിനു മറ്റൊരു സ്റ്റേറ്റിലുമില്ല. പക്ഷേ പണത്തിന്റെ കുറവുകൊണ്ടു് നമുക്കു് അതു വേണ്ടവോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇന്നു് നമ്മുടെ ഗവണ്മെൻറും സഹകാര്യവ്യക്തികളും ഈ രംഗത്തുവന്നു് യന്ത്രീകൃത ബോട്ടുകൾ വഴി കടലിൽ പോയി മത്സ്യം പിടിക്കുന്നുണ്ടു്. പക്ഷേ അതെല്ലാം വളരെ തുച്ഛമായ നിലയിൽമാത്രമെയുള്ളു. ഈ രംഗത്തു് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ നമ്മുടെ തീരപ്രദേശത്തെ ജനങ്ങൾക്കു് വളരെ അധികം ക്ഷേമം അനുഭവിക്കത്തക്കവിധത്തിൽ, വളരെ അധികം മത്സ്യം പിടിക്കാനും അതു സൂക്ഷിച്ചുകയറ്റുമതിചെയ്യാനും കഴിയും. അതു സൂക്ഷിക്കുന്നതിനുള്ള ഫ്ലോട്ടിംഗ് ഗവണ്മെൻറു് ചെയ്തിട്ടുണ്ടെന്നു് ഈ പ്രസംഗത്തിൽ കാണുന്നുണ്ടു്. മൂന്നു്, അഞ്ചു ടൺ സ്റ്റോറേജുപ്ലാൻറും, ഒരു 25 ടൺ റെഫ്രിജറേഷൻ പ്ലാൻറും ഫ്ലോട്ടിംഗായി പറയുന്നുണ്ടു്. ഇനിയും അങ്ങനെയുള്ള പ്ലാൻറുകളും തീരപ്രദേശത്തു് പല സ്ഥലങ്ങളിലും ഉണ്ടാക്കേണ്ടതുണ്ടു്. കൂടുതൽ കൂടുതൽ മത്സ്യം പിടിക്കുമ്പോൾ അതു് സൂക്ഷിക്കുന്നതിനുള്ള പ്ലാൻറുകളും ഇല്ലെങ്കിൽ മത്സ്യം പിടിച്ചതുകൊണ്ടു് പ്രയോജനമില്ല. ഈരംഗത്തു് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ വളരെയധികം മത്സ്യം പിടിക്കുന്നതിനും ഈ രാജ്യത്തു് സമ്പത്തു വർദ്ധിപ്പിക്കുന്നതിനും സഹായിക്കുമെന്നുള്ളതിനു് സംശയമൊന്നുമില്ല. ഫിഷിംഗ് രംഗത്തു് ഗവണ്മെൻറു് ചെയ്തിട്ടുള്ള മറ്റൊരു കാര്യം ഒരു ഹൗസിംഗ് സ്കീം ഉണ്ടാക്കി നടപ്പിൽവരുത്തുന്നതാണു്. കൂടാതെ ഒരു റിലീഫ് ഫണ്ടു് ഉണ്ടാക്കി മീൻപിടിത്തക്കാരുടെ കുടുംബങ്ങൾക്കു് ദുരിതാശ്വാസം നൽകുന്നതിനുള്ള പ്രവർത്തനവും നടത്തുന്നുണ്ടു്. മത്സ്യം പിടിക്കുന്നതിനു് കടലിൽപോയി അപകടം പറ്റുന്നവരുടെ കുടുംബങ്ങൾക്കു് സഹായധനം ചെയ്യുന്ന ഒരേർപ്പാടാണതു്. അങ്ങനെ ഫിഷറിരംഗത്തു് ഗവണ്മെൻറിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടതു് നമ്മുടെ രാജ്യത്തിനാവശ്യമാണു്. യന്ത്രീകൃതബോട്ടുകൾ ധാരാളമായി ഉണ്ടാക്കുന്നതിനു് ഇന്നു് ആവശ്യമായ എൻജിൻ കിട്ടുന്നില്ല. അക്കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നു് കാണാവുന്നതാണു്. ഡീസൽ എൻജിൻ ഉണ്ടാക്കുന്ന ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റു് സ്ഥാപിക്കാൻ ഗവണ്മെൻറു നടപടി എടുത്തിട്ടുണ്ടു്. അതുകൊണ്ടും ആവശ്യമായ ഡീസൽ എൻജിനുകൾ ഉണ്ടാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. എന്നിരുന്നാലും ആ കാര്യത്തിലും ഗവണ്മെൻറു ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്. അങ്ങനെ ഡീസൽ എൻജിൻ ഉണ്ടാക്കി ധാരാളം യന്ത്രീകൃത ബോട്ടുകൾ ഉണ്ടാക്കാൻ കഴിയുമെങ്കിൽ അതുവഴി മത്സ്യബന്ധനം വളരെ പ്രയോജനകരമായി നടത്താൻ സാധിക്കുമെന്നുള്ളതിനു് സംശയമില്ല.

സർ, മറ്റുക്ഷേമകാര്യത്തിൽ നാം എടുത്തിരിക്കുന്ന പ്രധാനമായ ഒരു കാര്യം ഇവിടെ ഡയറി പ്രോജക്ടുകൾ കൂടുതലായി ആരംഭിച്ചിരിക്കുന്നു എന്നുള്ളതാണു്. വിദേശസഹായത്തോടുകൂടിയാണെങ്കിലും അതും ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ സഹായകമായിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സർ, ഇവിടെ ഗവർണറുടെ പ്രസംഗത്തിൽ മറ്റൊരുകാര്യം ഉന്നിപ്പറഞ്ഞിരിക്കുന്നതു്, എൻക്രോച്ചേഴ്സിൻെറ റീസെറ്റിൽമെൻറു നടത്തുന്നതിനെ സംബന്ധിച്ചാണു്. അതു ഈ അടുത്തകാലത്തു ഉണ്ടായ സംഭവമാണു് അതേപ്പറ്റി പല അഭിപ്രായഗതികളും ഈ രാജ്യത്തുണ്ടായിട്ടുണ്ടു്. അവ ഒഴിപ്പിക്കരുതു്, ഒഴിപ്പിക്കുന്നതബദ്ധമാണു് എന്നുള്ള അഭിപ്രായഗതിപോലും ഉണ്ടായിട്ടുണ്ടു്. എന്നാൽ അവരെയെല്ലാം ഈ പ്രോജക്റ്റുപ്രദേശങ്ങളിൽനിന്നും ഒഴിപ്പിച്ചു മറ്റൊരു സ്ഥാനത്തു കൂടിയിരുത്തി. ഇതു ഒരു വലിയ കാര്യമായിട്ടല്ലാതെ കാണാൻ നിവൃത്തിയില്ല. അങ്ങനെ കൂടിയിരുത്തിയ ആർക്കും ഒരു ദോഷവും വരാതെയിരിക്കത്തക്കരീതിയിൽ ഗവണ്മെൻറു പ്രവർത്തിച്ചു. അതിൽ ഗവണ്മെൻറിനെ നാം അഭിനന്ദിക്കേണ്ടതാണു്. കാരണം, ഒരു സ്ഥലത്തുനിന്നും കുടിയിറക്കി അവരെ മറ്റൊരു സ്ഥലത്തു കൂടിയിരുത്തുക എന്നുള്ളതു അത്ര വളരെ എളുപ്പമുള്ള ഒരു കാര്യമല്ല. അവരെ ഇറക്കിവിടുന്നതിനെതിരായി വളരെ കാര്യങ്ങളും പറഞ്ഞിട്ടും അവരുടെ ഇടയിൽനിന്നും വലുതായ ഒരു പ്രക്ഷോഭണമുണ്ടായില്ല, ഈ രാജ്യം വളരെ അധികം ഭൂമിയില്ലാത്ത ഒരു രാജ്യമാണു്. എന്നിട്ടും ഈ പ്രോജക്റ്റുപ്രദേശത്തുനിന്നും അവരെ മറ്റുപ്രദേശങ്ങളിൽ കൊണ്ടുപോയി അവർക്കു പകരം സ്ഥലം കൊടുത്തു അവരെ അതിൽ കുടിയിരുത്തിയതുതന്നെ വലുതായ ഒരു കാര്യമാണു്.

സർ, ഇതിൽ പറഞ്ഞിട്ടുള്ള മറ്റൊരുകാര്യം ഈ രാജ്യത്തെ വ്യവസായ വൽക്കരണം സംബന്ധിച്ചാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ചോദ്യമൊക്കെ അവസാനമാണു്. അവസാനം പറഞ്ഞാൽ മതി.

സർ, ഈ രാജ്യത്തെ വ്യവസായവൽക്കരണത്തെപ്പറ്റിയാണു് മറ്റൊരു കാര്യം ഉന്നിപ്പറഞ്ഞിരിക്കുന്നതു്. ഇവിടെ പുതിയതായി പല വ്യവസായങ്ങളും വന്ന എന്നുള്ളകാര്യം പ്രതിപക്ഷത്തിരിക്കുന്ന ആരും നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തു കേന്ദ്രസെക്റ്ററിൽ വ്യവസായങ്ങളും ആരംഭിക്കുന്നില്ല, കേന്ദ്രസെക്റ്ററിൽ കൂടുതൽ വ്യവസായങ്ങളും ആരംഭിക്കണം എന്നു പറഞ്ഞിട്ടുള്ളവർ ഇനി അതിൻെറ പേരിൽ എന്തെങ്കിലും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ കേന്ദ്രസെക്റ്ററിൽ ഒരു ആയിൽ റിഫൈനറി, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾ ഫാക്റ്ററി, ഒരു ഷിപ്പ് ബിൽഡിംഗ് യാർഡു് ഇതെല്ലാം ഉണ്ടായി. ഇതെല്ലാം ഇവിടെ ആരംഭിച്ചുകഴിഞ്ഞ സ്ഥിതിക്കു ഇനി ആ രംഗത്തു ആരും ഗവണ്മെൻറിനെ ആക്ഷേപിക്കുമെന്നു വിചാരിക്കുന്നില്ല. സർ, ഇതുവരെ ആർക്കും സാധിക്കാത്ത കാര്യമാണു് ഈ ഗവണ്മെൻറു നിവ്വഹിച്ചിരിക്കുന്നതു്. സർ, അതുമൂലം ഈ രാജ്യത്തു വ്യവസായങ്ങൾക്കുള്ള അടിത്തറ പാകിക്കഴിഞ്ഞിരിക്കുകയാണു്. മാത്രമല്ല, ഈ വൻകിടവ്യവസായങ്ങൾ ആരംഭിക്കുന്നതോടുകൂടി അതേതുടർന്നു ധാരാളം ആൻസിലിയറി ഇൻഡസ്ട്രീസും ഉണ്ടാകും, ആയിൽ റിഫൈനറിയുടെയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഷിപ്പ് ബിൽഡിംഗ് യാർഡിന്റെയും സ്ഥാപനംമൂലം വളരെ അധികം ആൻസിലിയറി ഇൻഡസ്ട്രീസ് ഉണ്ടാകാൻ പോകുകയാണ്. അങ്ങനെ ആൻസിലയറി ഇൻഡസ്ട്രീസ് ധാരാളം ഉണ്ടാകുന്നതുകൊണ്ട് ഈ രാജ്യത്ത് വ്യവസായവൽക്കരണം വളരെ അധികം മുന്നോട്ടുപോകും എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇപ്പോഴത്തെ വളരെ അധികം വ്യവസായികരും വ്യവസായങ്ങളും ആരംഭിക്കുന്നതിനുവേണ്ടി മുന്നോട്ടുവന്നിരിക്കുകയാണ്. അങ്ങനെ വന്നിരിക്കുന്നതുതന്നെ ഈ രാജ്യത്തു വ്യവസായം നടത്തുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അതിന്റെ ഫലമായി ഇവിടെ സ്വകാര്യരംഗങ്ങളിൽ ധാരാളം വ്യവസായങ്ങളും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഒരു വ്യവസായം ഉയർന്നാൽ പിന്നീടും കൂടുതൽ വ്യവസായങ്ങളും ഉണ്ടാകും. ഇങ്ങനെ പല വ്യവസായങ്ങളും ഈ കേരളത്തിൽ വന്നിരിക്കുന്നതുകൊണ്ട് അതു കൂടുതൽ കൂടുതൽ വർദ്ധിക്കുകയും ചെയ്യുന്നതായ ഒരു പ്രവണത നമുക്കു കാണാൻ കഴിയും. അങ്ങനെ നോക്കുകയാണെങ്കിൽ ഈ ഗവണ്മെന്റിന്റെ ഭരണകാലത്ത് ഏതൊരുകാലത്തും ഉണ്ടാകാത്ത ഒരു നേട്ടമാണ് ഉണ്ടായിരിക്കുന്നതു്. സർ, അതുപോലെതന്നെ ഈ രാജ്യത്തു ഈ വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകുക എന്നു പറഞ്ഞാൽ, ഈ വ്യവസായങ്ങളും ഉണ്ടായിക്കഴിഞ്ഞാൽ അതു നിലനിറുത്താൻ കഴിയുന്നു എന്നുള്ളതാണല്ലോ. 1947—നു ശേഷം ഇത്രയേറെ നല്ല വ്യവസായസമാധാനമുള്ള ഒരു അവസരം ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടുമാത്രമാണ് വ്യവസായരംഗത്തേക്കു കൂടുതലായി വ്യവസായികരും കടന്നുവരുന്നതു്. അതിനനുകൂലമായ സാഹചര്യങ്ങളും ഇപ്പോൾ ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

സർ, ഇവിടെ ആരോഗ്യരംഗത്തു പല പ്രവർത്തനങ്ങളും ഇപ്പോൾ നടത്തുന്നുണ്ട്. പക്ഷേ, നമ്മുടെ സാമ്പത്തികപരിമിതിവച്നോക്കുമ്പോൾ കൂടുതലായി ആശുപത്രികളും കൂടുതൽ കിടക്കകളും ഉണ്ടാക്കാൻ സാദ്ധ്യമാകുന്നില്ലെന്നിരുന്നാലും ഗവണ്മെന്റു് ആക്കാര്യത്തിൽ സവിശേഷമായ ശ്രദ്ധ പതിപ്പിച്ചുവരുന്നുണ്ടെന്നു കാണാം. ഇവിടെ മലേറിയ ഇറാഡിക്കേഷൻ പ്രവർത്തനങ്ങളും അതുപോലെ സ്മാൾ പാക്സ് ഇറാഡിക്കേഷൻ പ്രവർത്തനവും വളരെ കാര്യമായി നടത്തുന്നതായി നമുക്കു അനുഭവപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാമും, സ്മാൾപാക്സ് ഇറാഡിക്കേഷൻ പ്രോഗ്രാമും വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. സ്മാൾ പാക്സ് ഇറാഡിക്കേഷൻ പ്രവർത്തനം ഈ രാജ്യത്തു ഏതാനും മാസങ്ങൾകൂടി കഴിഞ്ഞുതന്നെ പൂർത്തിയാകും. അതു പൂർത്തിയായിക്കഴിഞ്ഞാൽ പിന്നെ കാലാകാലം ഉണ്ടായിക്കൊണ്ടിരിക്കുന്ന മസൂരിബാധ പൂർണ്ണമായി തടയാൻ കഴിയും. അതുപോലെതന്നെ വളരെ അധികം ക്ഷയരോഗബാധിതരായിട്ടുള്ളവർക്ക് ചികിത്സയുള്ള ഏർപ്പാടുകളും ചെയ്തുചെയ്തുകൊടുക്കുകയും അതു വർദ്ധിക്കാതിരിക്കുന്നതിനുള്ള നടപടികളും ഗവണ്മെന്റു് എടുത്തിട്ടുണ്ട്. എന്നു ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ കഴിഞ്ഞവർഷത്തിൽ ക്ഷയരോഗികൾക്കു വീട്ടിലിരുന്നു ചികിത്സ നടത്തുന്നതിനുള്ള സൗകര്യങ്ങളും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ആരോഗ്യരംഗത്തു ഇങ്ങനെയുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി ക്ഷയരോഗം മാറാനും സ്മാൾപാക്സും അതുപോലെയുള്ള മറ്റു രോഗങ്ങളും ഉണ്ടാകാതെയിരിക്കുന്നതിനും അവയെ ഫലപ്രദമായി തടയാനും കഴിയത്തക്കവണ്ണമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു വലുതായ ഒരുകാര്യമല്ലേ എന്നു നാം ചിന്തിക്കേണ്ടതാണ്.

സർ, അതുപോലെതന്നെ മറ്റൊരു പ്രധാനമായ സംഗതി, ഈ രാജ്യത്തെ പൗവ്വർ ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളമാണ്. ഈ രാജ്യത്തു ഇൻഡസ്ട്രീയലൈസേഷൻ ക്രമേണ നടക്കുന്നതിനുവേണ്ടി ഇവിടെ പൗവ്വർ വളരെ ആവശ്യമാണ്. എല്ലാക്കാലത്തും ഗവണ്മെന്റു അതു ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. അതു ഈ അടുത്തകാലത്തുതന്നെ ഇവിടെ പൗവ്വർ ഷാർട്ടേജ്കളായി. അതു ആരു വിചാരിച്ചാലും തടയാൻ സാദ്ധ്യമല്ലാത്ത ഒന്നാണ്. ഇപ്പോഴത്തെ നമ്മുടെ പൗവ്വർക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇരുപത്തിഓരായിരം കിലോവാട്സ് പൗവ്വർ നമ്മുടെ അയൽസംസ്ഥാനത്തുനിന്നും വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടും നമ്മുടെ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാകാതെ ഈ പൗവ്വർക്ഷാമം തീരുകയില്ല. കേരളത്തിലെ ഒരു ദോഷമെന്താണെന്നുവച്ചാൽ നമുക്കു ഹൈഡ്രോ ഇലക്ട്രിക്കു പ്രോജക്ടുകളുടെ മാത്രമാണു് ഇപ്പോഴുള്ളതു്. കാലാവസ്ഥ പ്രതികൂലമായിരുന്നാൽ, മഴയില്ലാതിരുന്നാൽ അതു വിദ്യുച്ഛക്തി ഉൽപ്പാദനത്തെ സാരമായി ബാധിക്കും സർ, അതുകൊണ്ടു് ഹൈഡ്രോ ഇലക്ട്രിക്കു പ്രോജക്ടുകളെ ആശ്രയിച്ചു മാത്രം പൗവ്വർ ഉൽപ്പാദനം നടത്തണമെന്നുള്ള ഒരു നില നാം സ്വീകരിക്കുകയാണെങ്കിൽ ഭാവിയിലും ഇതുപോലെ പൗവ്വർ കട്ടു ഉണ്ടാകും. അതുകൊണ്ടു് അതിനെ നേരിടാൻവേണ്ടി ഇവിടെ തെർമ്മൽ സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

സർ, ഗവർണ്ണരുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള മറെറാരു പ്രധാനകാര്യം ഇവിടെ ഒരു ട്രേപരിഷ്ക്കരണബിൽ കൊണ്ടുവന്നു പാസ്സാക്കി എന്നുള്ളതാണു്. അതിന്റെ ഗുണകരം എല്ലാംതന്നെ ഉടനെ ഫ്രെയിം ചെയ്യുന്നതാണു്. ഇതിനെ സംബന്ധിച്ചു ചില ആക്ഷേപങ്ങളും ഉണ്ടു്. പക്ഷെ, ഒരു കാര്യം. ട്രേപരിഷ്ക്കരണബില്ലിനെപ്പററി എന്തെല്ലാം ആക്ഷേപങ്ങളും ഉണ്ടായിരുന്നാലും കൂടുതൽ ആളുകൾക്കു അതുകൊണ്ടു സംരക്ഷണം കിട്ടുന്നുണ്ടു്. ചെറുകിടക്കാർക്കു് സംരക്ഷണം നൽകുന്നുണ്ടു്. അതെല്ലാം കാൺഗ്രസ് ഗവണ്മെൻറിന്റെ നേട്ടങ്ങളും തന്നെയാണു്. കാൺഗ്രസ് ഇതു 1960–ലെ എലക്ഷനു് മുമ്പുതന്നെ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ളതാണു്, അങ്ങനെ ജനങ്ങളുടെ മുമ്പിൽ വച്ച ഒരു കാര്യം നിറവേറാൻ എന്നുള്ളതിൽ കവിഞ്ഞു അതു എടുക്കേണ്ട കാര്യമില്ല.

സർ, ഇനി ഒരു സംഗതി പറഞ്ഞിട്ടുള്ളതു് ഇവിടെ നമ്മുടെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണു്. അതിൽ ഇവിടെ ഇനി ചെയ്യാൻ പോകുന്നകാര്യങ്ങളെപ്പററി പറഞ്ഞിട്ടുണ്ടു്. ഇവിടെ ഒരു ഡിവൽസര പ്രീയൂണിവേഴ്സിറ്റികോഴ്സു് ഏർപ്പെടുത്താൻ പോകുകയാണു്. അതു ഇവിടത്തെ കാളേജ്വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡു് ഉയർത്തുന്നതിനു വേണ്ടിയാണു്. കാളേജ്വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡു് വളരെ അധികം താഴ്ന്നുപോയി എന്നു ഈ രാജ്യത്തെ എല്ലാ ആളുകളും ആക്ഷേപിക്കുന്നുണ്ടു്. അതുകൊണ്ടു് സ്റ്റാൻഡേർഡു് ഉയർത്തുന്നതിനുള്ള ഒരു നടപടി എന്ന നിലയ്ക്കു് അതു വളരെ ആവശ്യമാണു്. സർ, വിദ്യാഭ്യാസവകുപ്പിന്റെ പുനഃസംഘടനയെപ്പററി ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. വിദ്യാഭ്യാസകാര്യങ്ങൾക്കുവേണ്ടി നമ്മുടെ സ്റ്റേററിന്റെ വരുമാനത്തിന്റെ മൂന്നിലൊന്നു ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുകയാണു്. ഇത്രയധികം സംഖ്യ ചെലവാക്കുന്നു ആ സ്ഥാപനത്തെപ്പററിയും അതു ആളുകൾക്കു പ്രയോജനപ്പെടുന്നുണ്ടോയെന്നതിനെപ്പററിയും പൊതുവേ ആലോചിക്കേണ്ടതുണ്ടു്. ആ പ്രശ്നങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കുവാൻവേണ്ടി കൂടുതൽ വേഗം കാര്യങ്ങൾ നടക്കുന്നതിനും ഫയലുകൾ വേഗം നീങ്ങുന്നതിനും ഒരു പുനഃസംഘടന വേണ്ടിവരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ വഴിക്കു ഗവണ്മെൻറു നീങ്ങുകയാണു്. അതുമാത്രമല്ലാ ഒരു പുതിയ കേരളായൂണിവേഴ്സിറ്റി ബിൽ കൊണ്ടുവരാൻപോകുന്നു എന്നു് ഗവർണ്ണരുടെപ്രസംഗത്തിൽ പറയുന്നുണ്ടു്. ഇതുവരെയുള്ള പോരായ്മകളുടെ വെളിച്ചത്തിൽ ഒരു പുതിയ ബിൽ എത്രയും ആശാസ്യമായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

സർ, എന്റെ സമയം വളരെ ചുരുക്കമായതുകൊണ്ടു ഞാൻ അധികമൊന്നും പറയുന്നില്ല. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒന്നുരണ്ടുകാര്യങ്ങൾകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇവിടെ അടുത്തകാലത്തു പഞ്ചായത്തുതെരഞ്ഞെടുപ്പു നടന്നു, അതു വളരെ വിജയപ്രദമായിരുന്നു, അതിൽ ഒരാക്ഷേപവും ഇതുവരെ ആരും പറഞ്ഞിട്ടില്ല. ആ പഞ്ചായത്തുതെരഞ്ഞെടുപ്പു കഴിഞ്ഞതിനെ തുടർന്നു ഈ രാജ്യത്തു ഒരു പഞ്ചായത്തുരാജ് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുകയാണു്. പഞ്ചായത്തുരാജിന്റെ പൂർണ്ണമായ നടത്തിപ്പിനുവേണ്ടിയുള്ള ഒരു ബിൽ ഇപ്പോൾ അവതരിപ്പിക്കുവാൻ പോകുകയാണു്, അതേ തുടർന്നു പഞ്ചായത്തു കൗൺസിലുകളും ജില്ലാപരിഷത്തുകളും ഉണ്ടാകും. അതിനുള്ള നടപടികളും നടത്തിവരികയാണു്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഈ ഗവണ്മെൻറിന്റെ ചെലവുചുരുക്കൽപദ്ധതിയെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനകംതന്നെ ഗവണ്മെൻറിനു കുറെ ചെലവുചുരുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രാരംഭമായി മറ്റു ചിലകാര്യങ്ങളും ചെയ്തതിനെപ്പറ്റിയും ഗവണ്മെൻറു ഈ പ്രസംഗത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻകാര്യക്ഷമമാക്കുന്നതിനു വേണ്ടി സുഗമമാക്കുതിനുവേണ്ടി ചില നടപടികളും ഗവണ്മെൻറു എടുക്കാൻപോകുന്നതായി ഇതിൽ പറയുന്നുണ്ട്. ഇവിടെ ഒരു സെക്രട്ടേറിയറ്റു സ്റ്റാഫ് ഉണ്ടാക്കി ഉദ്യോഗസ്ഥന്മാക്കു ട്രെയിനിംഗ്ഗ് കൊടുക്കാൻപോകുന്നതായും പറയുന്നുണ്ട്. ഈ രാജ്യത്തെ സെക്രട്ടേറിയറ്റു ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള ഏതു നടപടിയും സ്വാഗതംചെയ്യേണ്ട ഒന്നാണു്. സർ, ഈവകകാര്യങ്ങളും എല്ലാം നോക്കിക്കഴിഞ്ഞാൽ ഭാവിയിൽ ഈ ഗവണ്മെൻറു ചെയ്യാൻപോകുന്ന എല്ലാകാര്യങ്ങളും പറഞ്ഞില്ലെങ്കിലും പല കാര്യങ്ങളും ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതായിക്കാണാം. അവയിൽപലതും ഗുണകരമായ കാര്യങ്ങളാണു്.

സർ, ഒരുകാര്യം. ഈ ഭരണം വന്നതിനുശേഷം നാലുകൊല്ലക്കാലം ഇതുകൊണ്ടു തികയുകയാണു്. ഇനി ഒരുകൊല്ലംമാത്രമേ ഉള്ളു. ഈ ഒരു കൊല്ലവും ഈ ഭരണം തുടർന്നുകൊണ്ടുപോകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ രാജ്യത്തു ദീർഘമായി ഭരണംനടത്തിയ ഒരു ഗവണ്മെൻറു് 1947-നുശേഷം ഇതുവരെ ഉണ്ടായിട്ടില്ല. ഈ രാജ്യത്തു ഇപ്പോഴത്തെപ്പോലെയുള്ള ഒരു ഉറച്ച ഭരണം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പലപ്രതിപക്ഷകക്ഷികളും അതു സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഒരു ഉറപ്പുള്ള ഭരണം രാജ്യത്തുണ്ടാകാതെ രാജ്യത്തു സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാക്കുവാൻ സാധിക്കുകയില്ല. അങ്ങനെ ഒരു ഉറപ്പുള്ള ഒരു ഭരണമുണ്ടായതിന്റെ ഫലമായിട്ടാണു ഇവിടെ സമാധാനം ഉണ്ടാക്കാൻ സാധിച്ചതും, അതിന്റെ ഫലമായി വ്യവസായവൽക്കരണം ഉണ്ടാക്കാൻ സാധിച്ചതും, നാട്ടിൽ സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാക്കുന്നതിനും വ്യവസായവൽക്കരണത്തിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കഴിവുള്ള ഒരുഭരണം കേരളത്തിൽ ആദ്യമായി ഉദയംചെയ്തതു് ഇപ്പോഴാം മാത്രമാണു് പാറമേൽ പണിതവീടുപോലെ ഉറപ്പുള്ള ഒരു ഭരണം കേരളത്തിനു പ്രദാനം ചെയ്തതു് ഈ ഭരണത്തിന്റെ മാത്രമായ ഒരു നേട്ടമാണു്. ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ശ്രീ. കെ. കെ. വിശ്വനാഥന്റെ നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണു്. ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയും മറ്റു കഴിവുകളും അനുസരിച്ചു് കഴിഞ്ഞ വർഷം ചെയ്തുതീർത്തിട്ടുള്ള വികസനപ്രവർത്തനങ്ങളെപ്പറ്റിയും, അടുത്ത സാമ്പത്തികവർഷത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാനകാര്യങ്ങളെപ്പറ്റിയും ചുരുക്കത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണരുടെ പ്രസംഗത്തിൽ പരാമർശിച്ചിണ്ടു്. ഇന്നു വർദ്ധിച്ചുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചു് ഈ ഗവണ്മെൻറിനു് എന്തെല്ലാം ചെയ്തുതീർക്കാൻ സാധിച്ചിട്ടുണ്ടെന്നു പ്രസംഗത്തിൽനിന്നു മനസ്സിലാക്കാവുന്നതാണു്. കഴിഞ്ഞവർഷം കേരളത്തിൽമാത്രമല്ല, ഭാരതം ഒട്ടാകെത്തന്നെ ഒരു പ്രത്യേക പരിതഃസ്ഥിതിയെ നേരിടുകയായിരുന്നു. ധാരാളം സാമ്പത്തികഭാരം ഗവണ്മെൻറുകൾക്കു വഹിക്കേണ്ടതായി വന്നിട്ടുണ്ടു്. അങ്ങനെ ഒരു പ്രത്യേക പരിതഃസ്ഥിതിയിലൂടെ ഈ ഗവണ്മെൻറും ഭാരതഗവണ്മെൻറും കഴിഞ്ഞവർഷത്തിൽ മുമ്പോട്ടു നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. അടിയന്തിരാവസ്ഥയുടെ പ്രത്യേക സമ്മർദ്ദംമൂലം വളരെയേറെ കാര്യങ്ങളും ചെയ്തു തീർക്കാൻ സാധിച്ചില്ലെങ്കിലും, പലകാര്യത്തിലും വളരെ ശ്രദ്ധാന്തിയോടുകൂടി ഗവണ്മെൻറിനു് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നു ഗവർണ്ണരുടെ പ്രസംഗത്തിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതാണു്. ആ കാര്യം നമുക്കു് അനുഭവപ്പെട്ടിട്ടുള്ളതുമാണു്. സർ, രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഈ ഗവണ്മെൻറിനു കഴിഞ്ഞവർഷം സ്തുത്യർഹമായ പലതും ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. നമ്മുടെ ഗവണ്മെൻറിന്റെ സാമ്പത്തികനില അനുസരിച്ചും, ഇന്നത്തെ ആളുകളുടെ സാമൂഹികമായ നില അനുസരിച്ചും,നമ്മെ ആക്രമിച്ച ശത്രുവിനെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നിച്ചുനിന്നെതിർക്കാൻ കഴിഞ്ഞവഷ്ത്തിൽ അഭിമാനിക്കത്തക്ക പല പ്രവത്തനങ്ങളും ഈ ഗവണ്മെൻറിനു് ചെയ്യുതീക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതു വളരെ വ്യക്തമാണു്. വിദേശശക്തികളുടെ ആക്രമണത്തെ എതിർക്കാൻ ഈനാട്ടിലെ ജനങ്ങൾ വളരെ മുമ്പുതന്നെ അവരുടെ കഴിവുകൾ ഉപയോഗിച്ചിരുന്നുവെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. ശ്രീ. ചാഴിക്കാടന്റെ ഭാഷയിൽ പറഞ്ഞാൽ, വിദേശശക്തികളുടെ ആക്രമണത്തെ ധീരപൂർവ്വം എതിർക്കുന്നതു് കൊള്ളയും, കൊലയുമാകും; ആ അഭിപ്രായത്തോടു യോജിക്കാൻ ഞാൻ തയ്യാറല്ല.

സർ, കഴിഞ്ഞ സാമ്പത്തികവഷ്ം കോടിക്കണക്കിനു് ശ്രപാ പിരിച്ചെടുത്തു് ഈ ഗവണ്മെൻറു വികസനപ്രവത്തനങ്ങൾ നടപ്പാക്കുന്നതിനും, അതേ അവസരം രാജ്യരക്ഷാ പ്രവത്തനങ്ങൾ നടത്തുന്നതിനും പരമാവധി ശ്രമിച്ചിരുന്നു. ശത്രുവിന്റെ ആക്രമണംമൂലം യാതൊരുകോട്ടവും വാട്ടവും തട്ടാതെ നമ്മുടെ രാജ്യരക്ഷാപ്രവത്തനങ്ങൾ അഭിമാനിക്കത്തക്കനിലയിൽ പുരോഗമിച്ചിരുന്നു. അതിന്റെ ഒരു പ്രതിഫലനംമാത്രമായിരുന്ന ഗവണ്മെൻറുടെ പ്രസംഗത്തിൽ കാണാൻകഴിഞ്ഞതു്.

സർ, കഴിഞ്ഞവഷ്ത്തെ എല്ലാ പ്രവത്തനങ്ങളെപ്പറ്റിയും പ്രത്യേകം എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനും സുഖത്തിനും അനുകൂലമായി കാർഷികരംഗത്തും, വ്യവസായികരംഗത്തും, വിദ്യാഭ്യാസരംഗത്തും, തൊഴിൽരംഗത്തും ഈ ഗവണ്മെൻറു സ്വീകരിച്ച നിലപാടു് എന്തായിരുന്നു. അതു് ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനു് അനുകൂലമായിരുന്നോ, പ്രതികൂലമായിരുന്നോ എന്നതാണു നാം ഇവിടെ ചിന്തിക്കേണ്ടതു്. തർക്കിക്കാനും വാദിക്കാനും വേണ്ടിയല്ല, യഥാർത്ഥ്യങ്ങൾ നേരിട്ടു മനസ്സിലാക്കാൻ അനുഭവങ്ങൾമൂലം വസ്തുതകൾ വെളിപ്പെടുത്താൻ നാം ഈ അവസരം വിനിയോഗിക്കണം. പ്രത്യക്ഷത്തിൽ അനുഭവേപ്പോദ്ധ്യമുള്ള കാര്യങ്ങൾ മറന്നു വാദത്തിനുവേണ്ടി എന്തെങ്കിലും പറയുന്നതു ശരിയല്ല. കാർഷികരംഗത്തു് വളരെയേറെ അഭിവൃദ്ധി ഇതിനകം ഉണ്ടായിട്ടുണ്ടു്. നാം ആഗ്രഹിക്കുന്നതുപോലെ ഒരു അഭിവൃദ്ധി ആ രംഗത്തു കൈവരുത്താൻ സാധിച്ചില്ലെങ്കിൽക്കൂടി അഭിവൃദ്ധിക്കു് അല്പം പരിമിതിയുണ്ടെങ്കിലും ഇന്നു കൈവരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നു ആലോചിക്കേണ്ടതാണു്. നമ്മുടെരാജ്യത്തു് ഭൂമി വളരെ കുറവാണു്. കുറച്ചുഭൂമിയിൽ, നമുക്കാവശ്യമായ എല്ലാ സാധനങ്ങളും ഉണ്ടാക്കി എടുക്കുക എന്നുള്ളതു ശ്രമസാധ്യമായ ഒരു കാര്യമല്ല. ഇൻറൻസീവു കൾട്ടിവേഷനെ കേരളത്തിൽ സാധിക്കുകയുള്ളു. എത്രതരം കൃഷിചെയ്താലും കേരളത്തിലെ ജനങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങൾ, ഭക്ഷ്യസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കാൻ സാധിക്കുകയില്ല. അതിനു് വളരെ പരിമിതിയുണ്ടു്. വളരെ ചുരുങ്ങിയ ഭൂമിയിൽ എത്രതന്നെ കൃഷിചെയ്താലും ഭക്ഷ്യസാധനത്തെ സംബന്ധിച്ചിടത്തോളം നമുക്കു സ്വയംപര്യാപ്തത കൈവരികയില്ല. എത്രതന്നെയാലും കേരളത്തിൽ പരമാവധി ശ്രമിച്ചു് കാർഷികവിഭവങ്ങൾ ഉല്പാദിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് ഗവണ്മെൻറുടെ പ്രസംഗത്തിൽ നിന്നു മനസിലാക്കാം. കൃഷി പരമാവധി അഭിവൃദ്ധിപ്പെടുത്താനുള്ള എല്ലാപ്രകാരത്തിലുമുള്ള നടപടികളും കഴിഞ്ഞകൊല്ലം ഗവണ്മെൻറു് സ്വീകരിച്ചിരുന്നു. കൃഷികരംഗത്തു പ്രൈവറ്റു സെക്ടറിനെ കൂടുതൽ ഉത്തേജിപ്പിക്കുന്നതിനുള്ള ശ്രമവും നടത്തിയിട്ടുണ്ടു്. ഗവണ്മെൻറു് അതിനുവേണ്ട പ്രോത്സാഹനം നൽകിയിരുന്നു. കൺസ്യൂമേഴ്സിന്റെ സൊസൈറ്റികൾ സ്ഥാപിച്ചു് എല്ലാ അത്യാവശ്യസാധനങ്ങളും വിതരണംചെയ്യാനുള്ള പദ്ധതിയും നടപ്പാക്കാൻ ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടു്. വിലക്കയറ്റത്തെ തടയാനുള്ള ഒരു നടപടിയായി കുറഞ്ഞ വിലയ്ക്കു് സാധനങ്ങൾ ഈ സൊസൈറ്റികൾമുഖേന എത്തിച്ചുകൊടുക്കാൻ ഗവണ്മെൻറു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെ മുൻപൊരു ഗവണ്മെൻറും എടുത്തിട്ടില്ലാത്ത തരത്തിൽ, കാർഷിക രംഗത്തു് അഭിവൃദ്ധി കൈവരുത്താൻ ഈ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടു്. അങ്ങനെ കാർഷികരംഗത്തു കഴിഞ്ഞവഷ്ം വളരെയേറെ കാര്യങ്ങൾ ചെയ്തു തീർത്തിട്ടുണ്ടെന്നു ഗവണ്മെൻറുടെ പ്രസംഗത്തിൽ നിന്നു കാണാൻകഴിയും. അടുത്തവഷ്ത്തിൽ ഈ ഗവണ്മെൻറു കാർഷികരംഗത്തു ചെയ്യാൻ വിചാരിക്കുന്ന കാര്യങ്ങൾ എല്ലാം ചെയ്യാൻ സാധിച്ചാൽ നമ്മുടെ ഭക്ഷ്യനില വളരെ അഭിമാനിക്കത്തക്കനിലയിൽ അഭിവൃദ്ധിപ്പെടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. നാരായണക്കുറുപ്പ്]

1947-നുശേഷം ഈ രാജ്യത്തു സമാധാനപരമായ ഒരന്തരീക്ഷം വ്യാവസായികരംഗത്തുണ്ടായിരുന്നില്ല. ഇവിടെ വ്യവസായസമാധാനം ഇല്ലാതിരുന്നതുകൊണ്ടാണ് ഇതുവരെ ആ രംഗത്തു കാര്യമായ നേട്ടം ഉണ്ടാകാതിരുന്നിട്ടുള്ളതു്. സർ, വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ ഏറ്റവും അത്യാവശ്യമായ ഒരു ഘടകമാണു് 'വ്യവസായികസമാധാനം.' ഇതിനു മുമ്പു് ഒരു ഗവണ്മെൻറിന്റെ കാലത്തും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ, അസൂയാർഹമായ നിലയിൽ ഈ ഗവണ്മെൻറിന്റെ കാലത്തു് വ്യാവസായികസമാധാനം നിലനിറുത്തി അങ്ങനെ തൊഴിലാളികളും, മുതലാളികളും ഗവണ്മെൻറും തമ്മിൽ ഉറച്ചു, ഉലച്ചിലില്ലാത്ത ഒരു ബന്ധം പുലർത്തിപ്പോരികയുമാണു്. അതിന്റെ ഫലമായി വ്യാവസായികരംഗത്തു് വളരെഅഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നു കാണാവുന്നതാണു്. സഹകാര്യമേഖലയിലും, പൊതുമേഖലയിലും വ്യവസായം ഇന്നു് കൂടുതൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. അടുത്തകാലത്തു സന്ദർശിക്കാൻ കഴിഞ്ഞിട്ടുള്ള പല വ്യവസായസ്ഥാപനങ്ങളും ഈ പരമാർത്ഥത്തെ വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ടു്. കാർഷികരംഗത്തും, വ്യവസായികരംഗത്തും കൈവരുത്താൻ കഴിയുന്ന അഭിവൃദ്ധിയെ അടിസ്ഥാനമാക്കിയാണു് ഒരു രാജ്യത്തെ സാമ്പത്തിക പുരോഗതിയെ നിശ്ചയിക്കേണ്ടതു്. അങ്ങനെ രാജ്യത്തിന്റെ പുരോഗതി വ്യവസായത്തെയും, കൃഷിയേയും പ്രധാനമായി ആശ്രയിച്ചിരിക്കയാണെങ്കിൽ ഈ രാജ്യത്തു് ആ രണ്ടു രംഗത്തും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും, അതുകൊണ്ടു രാജ്യം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നും സമ്മതിക്കണം. ആ വസ്തുത അനുഭവത്തിൽ നിന്നുതന്നെ അറിയാവുന്നതാണു്.

സർ, വിദ്യാഭ്യാസരംഗത്തു് ഇതിനകം എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും, ഭാവിയിൽ എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഗവർണ്ണരുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. നേരത്തേതന്നെ വളരെയേറെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉള്ള ഒരു ഡിപ്പാർട്ടുമെൻറാണു് വിദ്യാഭ്യാസവകുപ്പു്. വളരെ അധികം പണം ചെലവഴിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറുമാണതു്. അങ്ങനെ വളരെഅധികം പണം ചെലവുചെയ്യുന്ന വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു് നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു് സഹായകമായ എല്ലാ സൗകര്യങ്ങളും നൽകുന്നതിനു് പര്യാപ്തമായവിധം കാര്യക്ഷമമാക്കാൻ ഗവണ്മെൻറു് ശ്രമിക്കുന്നുണ്ടു്. എല്ലാവിധത്തിലും അതിനുള്ള കളം ഒരുക്കാൻ ഈ ഗവണ്മെൻറു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സെക്കണ്ടറി വിദ്യാഭ്യാസത്തിൽ ആവശ്യമുള്ള വ്യതിയാനം വരുത്താൻവേണ്ടി ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടു്. പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കു് വളരെയേറെ പരാധീനതകളും ഉണ്ടെന്നു സമ്മതിക്കുന്നു. ആ പരാധീനതകളും കഴിയുന്നതും പരിഹരിക്കാൻ ഈ ഗവണ്മെൻറു മുൻകൈയെടുത്തു പരിശ്രമിക്കുന്നതാണു്. അങ്ങനെ പ്രൈമറി മുതൽ കാളേജു വിദ്യാഭ്യാസസ്ഥാപനങ്ങൾവരെ ആവശ്യമുള്ള എല്ലാ പരിഷ്കാരങ്ങളും വരുത്താൻ ഈ ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടു്, അതിനുവേണ്ടി എത്ര കോടി രൂപ ചെലവായാലും ഒരു നല്ല ഉദ്ദേശത്തോടുകൂടി അതു സാധിക്കാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണു്. ഈ വർഷത്തിൽതന്നെ അധികം കാളേജുകളും ഈ രാജ്യത്തു സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

സർ, നമ്മുടെ നാട്ടിലെ ഭൂമിയെപ്പറ്റി പറയുമ്പോൾ, സ്വന്തം ഭൂമിയിൽ താമസിക്കുന്നവർ ഇവിടെ വളരെ കുറച്ചേ ഉള്ളു. ഭൂരിപക്ഷം ആളുകളും ഇന്നു് അന്യരുടെ ഭൂമിയിലോ, ഗവണ്മെൻറു ഭൂമിയിലോ താമസിക്കുന്നവരാണു്. ഗവണ്മെൻറുവക ഭൂമിയിൽ കിടക്കുന്ന ആളുകളെ അണക്കെട്ടുകൾ ഉണ്ടാക്കാനും അതുപോലുള്ള പ്രത്യേക ആവശ്യങ്ങൾ നേരിടുമ്പോഴും ഇറക്കിവിടാറുണ്ടു്. അണക്കെട്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടി അങ്ങനെ ചില കുടിയൊഴിപ്പിക്കലുകൾ ഈ ഗവണ്മെൻറു നടത്തിയതിന്മേൽ കഴിഞ്ഞവർഷം ചില ഒച്ചപ്പാടുകൾ ഉണ്ടായിട്ടുണ്ടു്. അതിനെപ്പറ്റി വളരെ വിശദമായി ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യം ഭരിച്ചിരുന്നകാലത്തു് ഇതുപോലെ ചില ഒഴിപ്പിക്കലുകൾ ഉണ്ടായതായി നമുക്കറിയാം. പന്നിയാർ അണക്കെട്ടുസംബന്ധിച്ചാണു് അതുണ്ടായതു്. അതിന്റെ പേരിൽ ആരെയും ഇറക്കിവിടാൻ അന്നു് അവർ ആഗ്രഹിച്ചില്ലെങ്കിലും, അണക്കെട്ടിൽ വെള്ള

LIBRARY ARCHIVES Kerala Legislative Assembly

പൊങ്ങിയപ്പോൾ കുടികിടപ്പുകാർ ജീവൻ രക്ഷിക്കാൻ വസ്തുവകകളും പാപ്പിടങ്ങളും ഉപേക്ഷിച്ചു ഇറങ്ങിപോകേണ്ടതായിവന്നു. കുടികിടപ്പുകാരെ ഇറക്കിവിടുകയില്ലെന്നു പറയുകയും, അതേസമയത്തു് അവരുടെ ജീവനും വസ്തുവകകൾക്കും സുരക്ഷിതത്വമില്ലാതിരിക്കുകയും ചെയ്യുന്ന ഉഭയസ്ഥയേക്കാൾ ഭേദം, പദ്ധതി കൾ നടപ്പാക്കാൻവേണ്ടി കുടിയൊഴിപ്പിക്കുമ്പോൾ, അവർക്കു താമസത്തിനു സൗകര്യവും, വീടുണ്ടാക്കാൻ ധനസഹായവും നൽകുന്നതല്ലേ? അതാണു് ഈ ഗവണ്മെൻറു ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയം. ഇങ്ങനെയുള്ള ആവശ്യത്തിനു് ഭാവിയിലും ഇത്തരം കുടിയിറക്കലുകൾ വേണ്ടിവന്നേയ്ക്കും. ചില പ്രത്യേക സാഹചര്യത്തിൽ അങ്ങനെചെയ്യേണ്ടിവരും. പക്ഷേ, അങ്ങനെ ഇറക്കിവിടുമ്പോൾ അവരുടെ പുനരധിവാസത്തിനുള്ള എല്ലാ സഹായസഹകരണങ്ങളും ഗവണ്മെൻറു ഭാഗത്തുനിന്നുണ്ടാകുമെന്നുള്ളതു വളരെ വ്യക്തമാണു്. ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം വിശദമായിട്ടില്ലെങ്കിലും ഗവണ്മെൻറുടെ പ്രസംഗത്തിൽ കാണാൻകഴിയും.

സർ, നമുക്കു് ഏറ്റവും അത്യാവശ്യമായി ഇന്നു വേണ്ടതു് വിദ്യുച്ഛക്തിയാണു്. വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനു കൂടുതൽ പണം ചെലവുചെയ്യേണ്ടിവരും. പക്ഷേ, ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ കുറേ വിദ്യുച്ഛക്തി നമുക്കു ലഭിക്കുന്നുണ്ടു്. മൂന്നാം പദ്ധതി അവസാനിക്കുന്നതിനുമുമ്പു് നമ്മുടെ കാഷ്ടികവും, വ്യവസായികവുമായ ആവശ്യങ്ങൾക്കു് മറ്റു രാജ്യങ്ങളിലെപ്പോലെ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും, നമ്മുടെ സാമ്പത്തിക നിലവാരം എതാണ്ടു മറ്റു രജ്യങ്ങൾക്കൊപ്പം ഉയർത്തുന്നതിനും സാധിക്കുമെന്നുള്ളതിനു സംശയമില്ല. കഴിഞ്ഞ വർഷത്തിൽ ഗവണ്മെൻറിനു് അഭിമാനിക്കത്തക്ക ചെയ്തികളാണു് ഉണ്ടായിട്ടുള്ളതു്. ഈ ഗവണ്മെൻറിന്റെ നടപടികളെപ്പറ്റി വളരെ ചുരുക്കത്തിൽ പ്രതിപാദിക്കുകയും, ഇനി ചെയ്യാൻപോകുന്ന കാര്യങ്ങൾ ചുരുക്കത്തിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി ഗവർണ്ണരുടെ പ്രസംഗം പരിശോധിച്ചാൽ വ്യക്തമാകും. ഇനിയും വളരെയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ പലതും ചെയ്യാനുണ്ടെന്നു സമ്മതിക്കുന്നതോടൊപ്പം, ഒരു പ്രത്യേക സാഹചര്യത്തിൽ ഇതിൽ കൂടുതലായിട്ടൊന്നും മറ്റു് ഒരു ഗവണ്മെൻറിനും ചെയ്യാൻ സാധിക്കുകയില്ലെന്നുള്ള വസ്തുതകൂടി നാം ഒക്കേണ്ടതുണ്ടു്. തർക്കിക്കാനും വാദിക്കാനും എല്ലാവർക്കും കഴിയും. അധികാരത്തിൽ ഇരിക്കുന്നവർക്കുമാത്രമേ, അധികാരം കൈകാര്യം ചെയ്യുന്നവർക്കുമാത്രമേ യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കൂ. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നിയമസഭാതലത്തിൽ എന്തെങ്കിലും പറയുന്നതിൽ അർത്ഥമില്ല. പറയുന്ന കാര്യങ്ങൾ മുഴുവൻ കഴമ്പുള്ളതാണോ എന്നുനോക്കണം. കഴിഞ്ഞകൊല്ലം ഈ ഗവണ്മെൻറു് ആത്മാർത്ഥമായി രാജ്യക്ഷേമത്തിനുവേണ്ട അത്യാവശ്യമായ പല പ്രവർത്തനങ്ങളും വിജയപൂർവ്വം നടത്തിയിട്ടുണ്ടെന്നുള്ളതു തർക്കമറ്റ ഒരു കാര്യമാണു്.

സർ, ഒരു കാര്യംകൂടി പറഞ്ഞിട്ടു ഞാൻ അവസാനിപ്പിക്കാം. ഗവണ്മെൻറിനെപ്പറ്റി വിമർശനം ആവശ്യമാണു്. വിമർശിക്കാൻ പലപ്പോഴും പ്രതിപക്ഷങ്ങൾക്കു് ആഗ്രഹം ഉണ്ടാകും. പക്ഷേ വിമർശനങ്ങളിൽ കഴമ്പുണ്ടോ, യാഥാർത്ഥ്യമുണ്ടോ എന്നുള്ളകാര്യം വിസ്മരിക്കരുതു്. നിയമസഭയിൽ എന്തും പറയാമെന്നുള്ള ധാരണയിൽ ഇവിടെ എന്തുപറഞ്ഞാലും, അതിൽ എന്തെങ്കിലും, കഴമ്പോ യാഥാർത്ഥ്യമോ ഉണ്ടോ എന്നു പരിശോധിക്കേണ്ടതു് രാജ്യസ്നേഹികളായ പൊതുജനങ്ങളുടെ കർത്തവ്യമാണു്. വിമർശനത്തിനു മുതിരുന്ന ബഹുമാനപ്പെട്ട സാമാജികന്മാരോടും, ഇവിടത്തെ വിമർശനങ്ങൾ കേൾക്കാനും വായിക്കാനും ഇടയാകുന്ന പൊതുജനങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണു്: വിമർശിക്കുന്ന കാര്യങ്ങളിൽ എന്തെങ്കിലും വാസ്തവമുണ്ടോ, കഴമ്പുണ്ടോ എന്നു സ്വയം പരിശോധിക്കണമെന്നു്. അതിനുശേഷമേ അത്തരം വിമർശനങ്ങൾക്കു വില കല്പിക്കാവൂ എന്നും അഭ്യർത്ഥനയുണ്ടു്.

സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ എല്ലാവരും പിൻതാങ്ങണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അതിനെ പിൻതാങ്ങുന്നു.

Mr. Speaker: I have received fourteen amendments. They are generally in order. In amendment No. 5, given notice of by Shri E. M. Sankaran Namboodiripad, in item (d), in line 8, there is

LIBRARY ARCHIVES Kerala Legislative Assembly

a word 'notorious' after the word 'become'. It is not parliamentary. The Member will kindly substitute some other word for it and move the amendment. Similarly, in amendment No. 14. given notice of by Shri P. Narayanan Tampi, what is mentioned in item (i) is purely a party matter and that may be omitted. The amendments may be formally moved.

Shri E. M. Sankaran Namboodiripad: Sir, the word 'notorious' occurring in item (d), last line after the word 'become' may be substituted by the word 'wellknown',

Shri K. Moideenkutty Haji: Sir, I move :

Add the following at the end:

"but regret to note :

(a) that no mention is made regarding the present financial position of the State, and nothing has been mentioned for the financial improvements of the State;

(b) that no concrete solution is outlined in the address for checking the growing unemployment problem in the State, especially educated unemployment;

(c) that the address is silent about the prohibition policy of the Government;

(d) that the address has not assured the minority communities, especially Muslims and Harijans, that justice will be done in the matter of appointments and services etc.; and

(e) that no mention is made of the betterment of the service conditions and pay of the low paid Government Servants, N.G.Os., Policemen, and Teachers."

Mr. Speaker: Shri P. M. Kunhiraman Nambiar is not in his seat.

ശ്രീ. ആർ. സുഗതൻ : ഞാൻ താഴെ പറയുന്ന ഭേഗതി അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട കേരള ഗവണ്മെന്റവർകളുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന്റെ അവസാനത്തിൽ താഴെ പറയുന്ന ഭേഗതികൂടി ചേർക്കുക:

(എ) ഗവണ്മെന്റിന്റെ തൊഴിൽനയത്തിലുള്ള പാപ്പരത്വം.

(ബി) വിലക്കയറ്റം തടയാനുള്ള നടപടികളും.

(സി) നിയമവാഴ്ചയുടെ തകർച്ച.

എന്നീ കാര്യങ്ങളെപ്പറ്റി പ്രസ്താവിച്ചു കാണാത്തതിൽ ഖേദിക്കുന്നു.

Shri. P. Ramunni Kurup: Sir, I move :

Add at the end:

"but regret to note :

(a) that no mention has been made about establishing Heavy Industries in Kerala particularly in Malabar ;

(b) that nothing has been mentioned about the increasing unemployment among the educated; and

(c) that no mention has been made about the problems facing the primary education and the teachers therein."

Shri E. M. Sankaran Namboodiripad : Sir, I move :

Add at the end:

"but regret to note:

LIBRARY ARCHIVES Kerala Legislative Assembly

(a) that the address gives a complacent picture of the working of the Five-Year Plan - a picture which is in striking contrast to the Mid-term Appraisal of the Third Five-Year Plan made by the Planning Commission for the whole country and is at complete variance with the experience of the people of Kerala;

(b) that the address, therefore, fails in outlining the path to be traversed by the Government and people of the State in order to find solutions for such major problems as food scarcity, unemployment, etc.;

(c) that the approach taken in the address to the industrialisation of the State, agrarian reforms, rural development, educational reforms, etc. is totally opposed to the interests of the common people of the State;

(d) that the address is blind to the acute discontent among the people of the State arising out of the inefficiency, extravagance, corruption, denial of the legit mate rights of different sections of the people, etc. for which the Council of Ministers as a whole and several individual Ministers have become well known;

(e) that at the very time when the address speaks of a "high standard of integrity" which 'is essential for the efficient functioning of any government' there are members of the Government against whom serious charges of corruption have been levelled without being disproved to the satisfaction of impartial people; there is also one among them who has admittedly violated the ordinary law of the land but not prosecuted for this crime and whose conduct in the case has raised in the minds of the people serious doubts regarding his integrity and moral worth; and

(f) that the address, therefore has become an attempt at white-washing a Government whose immediate dismissal is the minimum which the people of the State expect of the Governor."

Shri P. Balachandra Menon : Sir, 1 move :

Add at the end:

"but regret to note that His Excellency's address did not take into account.

(a) the abnormal rise in the cost of living consequent to the rise in prices of food stuffs and other essential commodities and the tax burdens imposed on the people last year by the Central and State Governments;

(b) the decline in real wages of all workers and employees;

(c) the wide spread black marketing and hoarding of essential commodities;

(d) the nepotism, corruption and bribery in all levels of administration;

(e) the offensive resorted to by the landlords after the enactment of the Kerala Land Reforms Act;

(f) the attacks made on the rights of the workers by the managements including the managements of Government owned industries;

LIBRARY ARCHIVES Kerala Legislative Assembly

(g) the refusal by the employers, especially the plantation owners to accept the principles of collective bargaining and voluntary arbitration to settle labour disputes; and

(h) the situation arising out of certain allegations on some Ministers including the Revenue Minister."

Shri N. E. Balaram : Sir, I move :

Add at the end the following :

"but regret to note:

(a) that His Excellency's address does not take into account the gravity of the situation arising out of the unprecedented increase in prices; and

(b) that the address did not take into account the need to effectively combat corruption, nepotism, favouritism and bribery in all levels of administration;

Shri P. K. Kunjachan: Sir, I move :

Add at the end of the motion the following:

"but regret to state:

(a) that nothing is mentioned in the address about the steps to be taken to redress the grievances of the scheduled castes and other backward classes in our State;

(b) that nothing is mentioned to curb the abnormal increase in the prices of consumer commodities; and

(c) that there is no mention about the conduct of the Law Minister who has acted in violation of law and of moral principles."

Shri M. P. M. Ahammed Kurikkal: Sir, I move :

Add at the end:

"but regret to state:

(a) that nothing has been mentioned in the Governor's address regarding the reservation of seats in the professional Colleges etc. for the students of the Backward Community; and

(b) that nothing has been mentioned regarding the growing unemployment problem of the State."

Mr. Speaker: Sarvashri Ponnara G. Sreedhar, C. Achutha Menon, E. P. Gopalan and Joseph Chazhikatt are not in their seats.

Shri P. Narayanan Tampi : Sir, I move the following amendment omitting item (i)

Add at the end:

"but regret to note:

(a) that the address is absolutelly silent as to any effective measures intended to be taken to arrest corruption which is rampant in the present administration and that the Government has failed to reach the plan targets especially in the agricultural sector;

(b) that the address is silent as to the danger involved in the precocious and ruinous steps intended to be taken by the Government in the frequent and repeated reorganisation of education and its department that the address has not

LIBRARY ARCHIVES Kerala Legislative Assembly

noted that Government has proved its irresponsibility by not successfully augmenting the Trivandrum Water Supply Scheme, though acute water shortage has been repeatedly felt in this developing city for the past years;

(c) that the address is silent as to the failure of the Government to make public enterprises a success and especially the failure to start the Phyto-Chemical Plant at Neriamangalam;

(d) that the address has not noted that the Government has not taken any effective steps to collect Land Revenue, that the Government has failed to take any steps towards speedy assignment of Government land to poor landholders and has only unreasonably stayed-land assignment procedure;

(e) that the Government has miserably failed to improve communication facilities of the State by improving the roads and bridges and has thus been guilty of refusing the primary necessity of the common man;

(f) that the address has not mentioned that the present Government has failed to make prohibition a success and by continuing this big farce are only shaking the financial stability of this State;

(g) that the address is silent about the present economic crisis of the common man due to the shooting prices of foodgrains and common necessities and the Government's inability to prevent it;

(h) that his Excellency has not noted the present Government's inability to force the employees to implement the labour laws; which are in avour of the labourers;

(i) * * * *

(j) that the address is silent as to whether the Government is prepared to bring down the disparity between the very high pay scales and very low grade posts, and thus take an effective step towards socialism; and

(k) that the Governor's address has not noted that the alarmingly static state of the present puerile administration, is completely unfit for this dynamic period, that the present Council of Ministers are more preoccupied in attempting to settle their petty squabbles and mainly trying to clean the Augean-stables of the Congress party rather than persevering to improve the deplorable conditions of this poor State and its people."

[Deputy Speaker in the Chair]

Shri P. Balachandra Menon: Mr. Speaker, Sir, the year 1963 was certainly a year of stress and strain for our people. The Chinese forces were invading our country. But how was this situation used by the employers, the landlords and the Government? This is what we have to consider. The entire people rose as one man in defence of the sacred soil of our country. We are proud of it. The workers did their jobs, they kept up production; in spite of provocation they refused to strike. But unfortunately, that period was used by the vested interests including the Government to start their offensive on the workers, on the peasantry, on

11 A. M.]

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

the middleclass and on the entire toiling people of our country. As soon as the emergency was declared, the prices went up. We have been insistently pointing out to the Government that in a State like ours, where we do not have sufficient rice we should certainly think of a price policy. We should insist on state trading in foodgrains. I remember, how during 1957-58 the various Ministers, including the Chief Ministers, in the presence of the Prime Minister thought about such a scheme. But it was unfortunately given up. I do not know why. I want to know why the Kerala Government did not insist on that. You are fully aware that we do not have sufficient foodgrains. We have to depend on other markets. Our workers are the lowest paid and our people have the lowest income in the whole of India. In the event of any rise in price we have to suffer the maximum. Even in such condition you do not care to introduce State trading in foodgrains. Sir, the prices have gone up by 14 to 40 per cent. That is the result of the enquiry conducted by the various expert committees. In certain cases, it has gone up even by cent percent. There is such abnormal rise in price, but there is no price policy either in the Centre or in the States. Who is responsible for the food scarcity in our country? Mr. Viswanathan may speak that the difficulties are due to scarcity of rain. There are members on the other side, who blame God, Nature or even our fate. But the fact is this scarcity is man-made. It is because of the stupid policy of the Government - a policy that does not take into consideration the sufferings of the millions of people here that there is food scarcity. The blackmarketeers, hoarders and such anti-social elements control the food market. Even the Congressmen at Bhubaneswar saw the danger and spoke of taking over the rice mills because they knew that these hoarders were controlling the rice mills. They thought about it. They talked about it. But they dare not introduce State trading. It is unfortunate. If we introduce State trading in foodgrains it will not mean that we wipe out the small traders and the small businessmen. It will only mean checking the activities of the food thieves. If State trading in foodgrains had been taken up, our people would have got enough to eat. They would not have been left to the tender mercies of the food hoarders. But you have not cared to do it.

Sir, don't you know that the Scheduled Banks in India give about Rs. 136 crores a year to these hoarders to create scarcity, they are also equally responsible for the rise in price of food commodities? The Congress Governments encouraged these banks, hoarders and rice-mill owners to create artificial scarcity in food and other essential commodities. Did you have any policy to control the price? Do you have any now? No Sir, this is a plain fact. Most of the toiling sections, including all employees, government servants, bank employees, factory workers, plantation workers—all are equally hit hard. What do the index figures show? I would like to point out that between 1960 July and 1964, prices have gone up. In Trivandrum, the cost of living index has gone up from 456 to 506 points in 1963, to 511 in November and to 529, now This is the position. So too, in Quilon, Alwaye Trichur and Calicut and all urban and rural centres. Everywhere the cost of living index has gone up by about 60 to 70 points in the course of the last two years. What have you done? You have been speaking

LIBRARY ARCHIVES Kerala Legislative Assembly

about industrial peace. We have consciously attempted to keep industrial peace. During these four years every attempt was made by the responsible trade union leaders of our State to see that matters are settled through collective agreements, through negotiations, and through voluntary arbitrations. But did the Government encourage voluntary arbitration here? No, Sir. His Excellency the Governor at the Industrial Relations Board meeting emphatically spoke about the need for arbitration to settle disputes. But the Government was not able to do anything in this matter. The planters refused to accept arbitration and you kept mum. Even today you are not able to take a firm stand against the planters. You speak about the code of conduct. But the employers violate the code and the Government keep quiet and helplessly look on and often-times support the attacks made by the employers on the workers. This is the position. You are the unashamed spokesmen of the planters, capitalists, landlords and hoarders.

Sir, the cost of living index has consistently registered an upward trend. Sir, today the transport workers irrespective of affiliations are mustered at the Secretariat gate behind the A. I. T. U. C. and I. N. T. U. C. flags. What do these Transport workers of the I. N. T. U. C. and the A. I. T. U. C. want? They are demanding that the Government should implement their promises. You do not care to implement your own promises; you do not care to implement the IRC recommendations; you do not care to see that the daily-rated employees are made permanent. These are elementary demands. Mr. Stephen and all of us know what these demands are just. That is why we are rousing the workers against you and your policies. Whatever be the political colour of the unions and the workers, take it from me, we are all united on the common demands of the workers. The struggles we unleash will be perfectly peaceful and will be conducted in conformity with all trade union practices so far adopted in our country. I make this clear so that you don't turn round and say 'oh'! yes, we know what you are going to do; you are making political capital out of it. Yes, sir, there is some politics in this. That is the politics of the ordinary workers who do not want socialism to be in the interests of the planters and hoarders. The workers who produce all wealth must have a square deal in Rama Raj. This is our common demand.

Then Sir, what about wages and dearness allowance in the country? The only State in India which does not have a proper dearness allowance is Kerala. About 10% 15% 20% neutralisation is all that we have in most of the 18 schedule industries of our State. The wages were fixed four years and five years back. They are continuing even today, in spite of material charges, consequent to the taxation of the Central Government, the taxation of the State Governments and the food situation created after the Chinese invasion. But our wages and the dearness allowance remain just what were before.

We have repeatedly requested the Government, we have repeatedly requested the employers to revise the minimum wages. Further, the minimum wages are not fixed on any scientific basis. The decisions of the 15th Indian Labour Conference will tell you what should be the

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

minimum wage, what should be the principle that should guide the minimum wage. You will also know how the dearness allowance should be fixed and on what basis. But you do not care about the directions of the Indian Labour Conference.

Sir, you have no Labour policy, you have no Industrial policy, you have no policy regarding the Land Reforms, you have no policy regarding Taxation. You hit every section.

Even the textile workers who get the maximum dearness allowance are not fully compensated in Kerala. In Bombay and Ahemmadbad, the cost of living has been completely compensated in the case of the Textile Industry. Not so in Kerala. Other workers are much worse.

Sir, there has been some loose talk by some of my friends on the other side that it is because of the labour unrest that employers from outside do not come to Kerala. Is that a fact? Then, why should employers go to Calcutta, Bombay, Madras and such other industrial cities of our country in spite of the fact that innumerable labour strikes take place there. I shall tell you, why? Employers don't invest money just for the sake of training up workers. They want technically efficient workers. You don't have a policy which is technically oriented, with the result that people who want to invest, go elsewhere. You are satisfied with your Khadi and your cottage industries.

Sir, you have been talking about your Industrial Policy. What is it? Because of the agitation conducted by all of us, including Congressmen, P. S. P., R. S. P., and the Muslim Leagues because of the workers incessant demand, because of the peoples incessant demand the Government of India was compelled to yield a little and some industries are coming up. But they do not satisfy the requirements of our State. Even this halting and slow progress in industrialisation is being held up, because of lack of vision on the part of the Government. Mr. Panampilli Govinda Menon who was the Chairman of a sub-Committee of the State Planning Advisory Board told you the need for alternative or stand-by arrangements for generating electricity. You refused to pay heed to his suggestion. Government do not want to spend a few lakhs for thermal stations or for power generators. The result is factories stand idle. Every spindle loses Rs. 1½ per day, if it does not work. Lakhs and lakhs of rupees are being wasted, because of your failure to provide electricity. In Cannanore, there is a Co-operative Spinning Mill. There are two generators lying idle there. They belong to the Electricity Board. Repeatedly the management of the Mill requested the Government to see that the generators are given to them so that the work may be started. But nothing has been done so far. Why are you not able to get the generators even when private employers are able to get them? You have no policy, you have no respect for industries. You have created a situation where the spindles will not move, where wheels will not move even when factories come up.

Sir, your own publication, "the Kerala Labour and Industries Review" points out that Kerala is the next heavily taxed State in India. According to it, taxes in 1960-61 was 3·40 in Mysore and 4·60 in Kerala. In 1962-63, Kerala is at the top with 6.94 and Mysore at the bottom. This clearly shows that the heaviest tax

LIBRARY ARCHIVES Kerala Legislative Assembly

burden is in Kerala. This is your record. Sir, we pointed out that the lowest income is in Kerala. Now the highest taxes are also in Kerala, thanks to you.

Deputy Speaker : Your time is up.

Shri P. Balachandra Menon : No, I am entitled to speak for 25 minutes. I think I will get it.

As I stated before, the crisis is man-made. Profits have increased, production has increased, productivity has increased but the workers wages have not increased; it is at the 1939 level. The worker will see that the burden thrust upon his shoulder is shifted to other shoulders and to such shoulders which are capable of bearing the burden. He knows what methods he should adopt and how.

Sir, the Indian Labour Conference spoke about fair price shops. The Hon. Minister during the last session of the Assembly spoke of co-operative shops being got up. The two are entirely different. I repeatedly requested him to implement the decisions of the Indian Labour Conference. He was not able to give a definite reply. Even today he is not able to give a proper reply. In the context of a speculative market, what can the co-operatives do? As I told you, when the Banks give 136 crores of rupees to the speculators and hoarders to collect food grains they will be in a position to boost up prices in the market and the moment the co-operatives purchase the grains they raise the prices and once distribution is made the price in the open market goes down. Thus the co- operative sector gets thrown out of gear.

I know in Alwaye, one of the co-operative stores asked for rice from the whole sale store at Ernakulam. The prices were higher than that of the local market rate and therefore the co-operative society refused to purchase the rice from the co-operative whole sale store. So Sir, Co-operative stores will not be a remedy for stopping this type of hoarding and speculation. Mr. Viswanathan may think otherwise. Unless the co-operative stores are given rice at a controlled rate through State trading agency, they will not be able to give cheap grains. They will not be able to control prices.

Sir, here in this State during the last one year every labour legislation has been violated. There has been a veriable increase in workload in almost all the Tea plantations. In the estates, they have resorted to fine plucking which has resulted in the reduction of wages of the workers. In rubber, they have resorted to ladder tapping and the workers were denied the wages to them for the increase in production. This is the position as regards every section of our Workers Beedi workers, Plantation workers, Transport workers, etc. 25,000 workers in Cannanore are out of work. Here all the Transport workers are united in fighting you under the two flags. There in Chavara the U. T. U. C. has put its fight to see that elementary trade union rights are protected. In Alleppey the workers demand work. They cry aloud for food. Sir, in spite of repeated requests you have not cared to industrialise Alleppey—The cradle of all trade union movements, the cradle of all democratic political mevements. In that place today, you see starving workers and collapsing factories. You are criminally responsible for the neglect of Alleppey, once the pride of the Travancore State.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

Sir, the Boat workers under the Water Transport Corporation have demanded that they should get bonus as deferred wage. The Government of India have accepted this principle. The Bonus Commission has accepted it, and then may I ask why is it you don't accept the same for your workers under the Transport Corporation?

I wonder what we should do with the Industries Department which refuses to abide by any of the agreements of the Industrial Relations Committees or Tripartite Committees or the Evaluation Board. I shall mention the instances in detail when the Demand for Labour comes.

Sir, take the example of another Department, the Health Department. They do not want to accept the majority union as a representative labour Union. They do not want to discuss matters with the Union and settle differences. The Evalution and Implementation Committee had repeatedly informed the Minister concerned and the Director that they have no right to refuse recognition to the majority union. The decision of the Indian Labour Conference was to recognise the majority union but you have not cared to accept it. This is the position in your State. It is clear that you are against the workers.

Now, about your agrarian policy. The tenant under the petty land-holder who had security of tenure under the Malabar Tenancy Act will be forced to vacate his holding or part of it when the new land reforms get implemented. Now, most of the big landlords have succeeded in becoming small. Your mad policies have shown where you are. History is going to judge you; the working class is your judge. The worker under the A. I T. U. C., I. N T. U, C , H. M. S and the U. T. U. C. unitedly will fight your policies. We know what steps we should take in that direction. Do not try to bring that bogey of Chinese invasion. When it comes we will be in the forefront. I can tell you in that whirl wind of struggle you will be wiped out. You will no longer be able to help the employers, your masters, the black-marketeers the hoarders and the food thieves.

Sir, Mr. Chacko was replying that he will meet Smt, Gouri Amma in the Kurukshethra battle. Kurukshethra requires heroes. You are not such heroes. You will meet with the sad end of the drunken followers of Krishna, the Yadavas who went down ignominiously fighting among themselves. Your end is near. This ministry which has always supported and strengthened the hands of the employers, money lenders and blackmarketeers will be wiped out by the workers, toilers and other democratic people of this State.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മാഡം, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിനു് ആസ്പദമായ ചില വസ്തുതകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗം വായിച്ചുനോക്കിയപ്പോൾ എനിക്കു് ഒരു രംഗമാണു് ഓർമ്മയിൽ വരുന്നതു്. അതായതു് വിശന്നുകരയുന്ന കുഞ്ഞിനെ മടിയിൽവച്ചുകൊണ്ടു് മരിച്ചുപോയ അച്ഛൻ ഇപ്പോൾ അപ്പവും കൊണ്ടു് തിരിച്ചുവരുമെന്ന ഒരു അമ്മ പറയുന്നതാണു്. പക്ഷേ അതു ഒരിക്കലും സംഭവിക്കാത്ത ഒരു കാര്യമാണു്. അതുപോലെ സ്വർഗ്ഗത്തിലെ സുഖാനുഭവം വരാൻ പോകുന്നുവെന്നും അതിനു് ഇടയ്ക്കിടെ ചില ദുഷ്കരമായ കവാടങ്ങൾ കടക്കേണ്ടി വരുമെന്നും ബഹുമാനപ്പെട്ട ഗവർണർ ഈ സഭാമുമ്പാകെ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ വരാൻപോകുന്ന സ്വർഗ്ഗം ഒരു മഹത്തായ സോഷ്യലിസത്തിന്റെ ആവിർഭാവമായിരിക്കാം. ഒരു കുഞ്ഞായി സങ്കൽപ്പിക്കപ്പെടുന്ന കേരളത്തിലെ പൊതുജനങ്ങൾക്ക് ആ സ്വർഗ്ഗാനുഭൂതി എങ്ങനെ കൈവരാൻപോകുന്നുവെന്ന് അറിയാൻ പാടില്ല. ആ സോഷ്യലിസത്തിലേക്കുള്ള പ്രയാണം ഗവണ്മെന്റ് മരവിപ്പിച്ചിരിക്കുന്നു. സ്വർഗ്ഗാനുഭൂതി അനുഭവിക്കണമെങ്കിൽ അതിനിടക്കുള്ള കുറെ കഷ്ടപ്പാടുകളും സഹിക്കണമെന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലുള്ളത്. എന്നാൽ ശ്രീ. വിശ്വനാഥനും, ശ്രീ. കുറുപ്പും ഇവിടെ പറയുകയുണ്ടായി നാംഇപ്പോൾ സ്വർഗ്ഗത്തിൽ എത്തികഴിഞ്ഞിരിക്കുന്നുവെന്ന്. പൂർണ്ണമായി നാം ജീവിക്കുന്നത് സ്വർഗ്ഗത്തിൽ തന്നെയാണെന്ന്. നമ്മുടെ കേരളത്തിൽ ധാരാളം ഉദ്യോഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്, വ്യവസായവികസനവും, കാർഷികാഭിവൃദ്ധിയുമെല്ലാം ഉണ്ടായിട്ടുണ്ട്, പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നെല്ലാം പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗവും ഇതും തമ്മിൽ എങ്ങനെ യോജിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ.

എനിക്ക് ആദ്യമായി പറയുവാനുള്ളത് വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചാണ്. വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനത്തിൽ ഇന്നു കാണുന്ന പോരായ്മകൾ ദൂരീകരിക്കുകയും അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി പ്രസ്തുത വകുപ്പ് പുനഃസംഘടിപ്പിക്കണമെന്ന സംഗതി എന്റെ ഗവണ്മെന്റിന്റെ വ്യഗ്രമായ പരിഗണനയിലിരിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി കഴിഞ്ഞ മാർച്ച് 18-ാംതീയതിയാണെന്നു തോന്നുന്നു പറയുകയുണ്ടായി, കഴിഞ്ഞ പതിനഞ്ചു കൊല്ലക്കാലത്തു വിദ്യാഭ്യാസരംഗത്തു നടത്തിയ നിരവധി പരീക്ഷണങ്ങളുടെഫലമായി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസരീതി നശിക്കുകയും അങ്ങനെ വിദ്യാഭ്യാസനിലവാരം അധഃപതിക്കുകയാണെന്നും. അതു ശരിയാണെങ്കിൽ കേരളത്തിലെ വിദ്യാഭ്യാസരീതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ തലസ്ഥാനം മാറൽപോലെയാണെന്നാണ്. ഏതായാലും ഇതെല്ലാം കഴിഞ്ഞതിനുമേൽ വകുപ്പിൽ എന്തെല്ലാം പ്രശ്നങ്ങളാണ് അവശേഷിക്കുന്നതെന്നു ആലോചിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസനിലവാരം അധഃപതിച്ചുപോയിയെന്നു പറഞ്ഞിട്ട് ഇപ്പോഴത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ആദ്യമായി ചെയ്തത് പ്രാഥമികവിദ്യാഭ്യാസത്തിനു ഒരു ക്ലാസ്സിൽ നാൽപ്പത്തിയൊന്നു കുട്ടികളും എന്നുള്ളതു മാറ്റിയിട്ട് അൻപത്തിയൊന്നാക്കുകയുണ്ടായി. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാനുള്ള നല്ല ഒരു പദ്ധതി അതാണ്! ഇങ്ങനെ പുതിയ മാറ്റങ്ങളെക്കൊണ്ട് വിദ്യാർത്ഥികളുടെ ഇടയിലുള്ള അഭിവൃദ്ധിയെ തടസപ്പെടുത്തുകയാണ് ചെയ്തത്. മഹാത്മഗാന്ധി വിഭാവനം ചെയ്തിട്ടുള്ളതു വൻകിടവ്യവസായങ്ങളും ഈ രാജ്യത്തു എത്രതന്നെയുണ്ടായാലും ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയില്ലെന്നും, അതുകൊണ്ട് ഇവിടെ കുടിൽവ്യവസായമാണ് ആവശ്യമായിട്ടുള്ളതെന്നും, അതിനുവേണ്ടി കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്നുമാണ്. എന്നാൽ ഇവിടെ ചെയ്തിരിക്കുന്നത് കുടിൽവ്യവസായത്തിനു പരിശീലനം കൊടുക്കുന്നതിനുവേണ്ടി സ്കൂളുകളിൽ ഏർപ്പെടുത്തിയിരുന്ന ക്രാഫ്റ്റു നിറുത്തലാക്കുകയും ക്രാഫ്റ്റു ടീച്ചേഴ്സിനെയെല്ലാം പിരിച്ചുവിടുകയും അന്നു അതിൽ കുറെ കായികശേഷിയും പരിശീലനവും ഉള്ളവരെ പി. ടി. ഇൻസ്ട്രക്ടർമാരായും കുറെപേരെ ട്രെയിനിംഗിനു വേണ്ടിയും എടുക്കുമെന്നു പറഞ്ഞൊഴിഞ്ഞു. പരിശീലനം ഇല്ലാത്തവരും കായികശേഷിയില്ലാത്തവരുമായ ക്രാഫ്റ്റു ടീച്ചേഴ്സിനെ പിരിച്ചുവിടുകയും സ്കൂളുകളിൽ നിലവിലിരുന്ന ക്രാഫ്റ്റു ഇല്ലാതാക്കുകയും ചെയ്തു. അങ്ങനെ എല്ലാത്തിനെയും കശാപ്പുചെയ്തു കുടിൽവ്യവസായത്തെ നശിപ്പിച്ചു, വ്യവസായത്തിനു വിലങ്ങുതടി വലിച്ചിടുകയാണ് ഈ ഗവണ്മെന്റു ചെയ്തിട്ടുള്ളതു. വിദ്യാഭ്യാസത്തെ നശിപ്പിക്കുകയും, വളരെയേറെ അദ്ധ്യാപകന്മാരെ പിരിച്ചുവിടുകയും, അവർക്കു യാതൊരു സൗകര്യവും ഉണ്ടാക്കികൊടുക്കാതിരിക്കുകയും ഒരുകൊല്ലംജോലിചെയ്തിട്ടുള്ളവർക്കു അതിന്റെകാശുപോലും കൊടുക്കാതിരിക്കുകയും, പ്രാഥമികവിദ്യാഭ്യാസത്തിന്റെ നിലവാരം താഴ്ത്തുകയും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയുമാണ് ഇപ്പോഴത്തെ വിദ്യാഭ്യാസരംഗത്തുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

യിട്ടുള്ള പരിഷ്കാരം. ഇതിനെപ്പറ്റി ഒരക്ഷരംപോലും ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടില്ല. അതേപോലെ നമ്മുടെ രാജ്യത്തുള്ള നെഴ്സറി വിദ്യാഭ്യാസസമ്പ്രദായം ആകെ നശിച്ചിരിക്കുകയാണു്. നെഴ്സറി ടെയിനിംഗ് കഴിഞ്ഞിട്ടുള്ള ആളുകളെമാത്രമേ നെഴ്സറി സ്കൂളുകളിൽ അദ്ധ്യാപകരായിട്ടെടുക്കുകയുള്ള. അവർക്കാണെങ്കിൽ ശമ്പളമായിട്ടു് തുച്ഛമായ ഒരു സംഖ്യയാണു് കിട്ടുന്നതു്. രണ്ടായിരം രൂപമാത്രമാണു് ഒരു നെഴ്സറി സ്കൂളിനു് ഗ്രാൻറായി ലഭിക്കുന്നതു്. അതിൽനിന്നാണു് അതിലുള്ള അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കേണ്ടതു്. ടെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരെ ഇതിലേയ്ക്കു് കിട്ടുന്നതിനു് വളരെ വിഷമവുമാണു്. എന്നാൽ അതിൽ വല്ല വർദ്ധനവും എക്സംപ്ഷൻ കൊടുക്കുന്നതിനു് ഗവണ്മെൻറ് തയാറുമില്ല. ഇതിൽ എന്തെങ്കിലും എക്സംപ്ഷൻ കൊടുക്കണമെന്നു കാണിച്ചുകൊണ്ടുള്ള ഫയൽ മാർച്ചു് ഇരുപത്തിനാലു്, ഇരുപത്തിയഞ്ചു് തീയതിയായിട്ടും തീരുമാനം എടുക്കുന്നതിനുവേണ്ടി അയയ്ക്കുന്നില്ലാ, എക്സംപ്ഷൻ അധികാരം ഗവണ്മെൻറിനു് മാത്രവുമാണു്. നിരവധി നെഴ്സറി സ്കൂളുകൾക്കു് കിട്ടേണ്ട ഗ്രാൻറും കിട്ടിയിട്ടില്ല. ഇതിൻറെയെല്ലാം ഫലമായി കൊച്ചുകുഞ്ഞുങ്ങൾക്കാവശ്യമായ നെഴ്സറി വിദ്യാഭ്യാസം സ്തംഭിപ്പിക്കുകയും നശിപ്പിക്കുകയുമാണു് ഈ ഗവണ്മെൻറു് ചെയ്യുന്നതു്. അങ്ങനെ സമൂലമായി നശിപ്പിച്ചശേഷമാണു് വിദ്യാഭ്യാസരംഗത്തു് പുതിയതായ പരിവർത്തനങ്ങൾ ഉണ്ടാക്കാൻ പോകുകയാണെന്നു് പറയുന്നതു്. ഇതിനെപ്പറ്റി ചിന്തിക്കുമ്പോൾ കൊച്ചുകുഞ്ഞുങ്ങൾ മണ്ണുകൊണ്ടു് അപ്പം ചുടുന്ന രംഗമാണു് ഓർമ്മയിൽവരുന്നതു്. ഇതെല്ലാം കാണുമ്പോൾ വളരെ വേദനതോന്നിപ്പോകുന്നു.

ഗവർണറുടെ പ്രസംഗത്തിൽ രസാവഹമായ മറെറാരു വസ്തുത പറഞ്ഞിട്ടുണ്ടു്. ജനാധിപത്യ ജീവിതക്രമത്തിൻറെ ഒരു നേട്ടമായിരുന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പു് എന്ന അതിൽ പറയുന്നുണ്ടു്. ജനാധിപത്യത്തിൻറെ പ്രവർത്തനക്ഷമതക്കു് സഹായകരമായ ഒരു ഭരണമാണോ ഇവിടെ നടക്കുന്നതെന്നു് കഴിഞ്ഞ ഉപതിരഞ്ഞെടുപ്പുകൾ പരിശോധിച്ചാൽ നമുക്കു കാണാൻ സാധിക്കും. കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യം ഭരിച്ചിരുന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് ദേവികുളം ഉപതിരഞ്ഞെടുപ്പു വന്നപ്പോൾ ഈ സഭാതലത്തിൽവച്ചു് പറഞ്ഞു, ഞങ്ങൾ മന്ത്രിമാരാരും നിയോജകമണ്ഡലത്തിൽ പോകുകയില്ല, തിരഞ്ഞെടുപ്പു പ്രവർത്തനം നടത്തുകയില്ല എന്നൊക്കെ. അന്നു ഞങ്ങൾ അതു് പുച്ഛരസത്തോടെ വീക്ഷിച്ചു. തിരഞ്ഞെടുപ്പുവേളയിൽ മന്ത്രിമാർ നിയോജകമണ്ഡലത്തിൽ പോയില്ലെങ്കിലും അടുത്ത റവ. ബി. യിൽ ക്യാമ്പുചെയ്തു് തിരഞ്ഞെടുപ്പിൽ സ്വാധീനം ഉപയോഗിച്ച എന്ന ആക്ഷേപങ്ങൾ ഈ സഭയിൽ ഉന്നയിച്ച മെമ്പറന്മാർ ഇപ്പോഴും ഇവിടെയുണ്ടു്. ഈയിടെ നടന്ന ഉപതിരഞ്ഞെടുപ്പിൽ ഇവിടെ എന്താണു് സംഭവിച്ചതു്. ഒരു തിരഞ്ഞെടുപ്പിൽ നിഷ്പക്ഷമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനായ മന്ത്രിതന്നെ, സംസ്ഥാനത്തെ ഗവണ്മെൻറിൻറെ സഭാനേതാവുമായ മുഖ്യമന്ത്രിതന്നെ വ്യാപാരസായിക മന്ത്രിയോടൊരുമിച്ചു് ഔദ്യോഗികമായും അനൗദ്യോഗികമായും ഓരോ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിലും തൻറെ കക്ഷിയിൽപ്പെട്ട സ്ഥാനാർത്ഥിക്കു് വോട്ടുപിടിക്കാനും പ്രചരണം നടത്താനും സാമ്പത്തികവരുമാനം ഉണ്ടാക്കാനും ചെലവു ചെയ്യാനും മറും ഉത്തരവാദിത്വം ഏറെറടുത്തു് സ്റ്റേറുകാറിൽ സഞ്ചരിച്ചു് തിരഞ്ഞെടുപ്പുപ്രവർത്തനം നടത്തിയതു് വിരോധാഭാസമല്ലേ എന്നു ഞാൻ ചോദിക്കുകയാണു്. ഇതാണോ തങ്ങളുടെ ജനാധിപത്യ മാതൃക? പഞ്ചായത്തുതിരഞ്ഞെടുപ്പും ജനാധിപത്യരീതിയിൽ നടത്തിയെന്നാണു് ഗവർണർ അവകാശപ്പെടുന്നതു്. വാഴൂരും, പത്തനംതിട്ടയും തിരുവനന്തപുരത്തും ജനാധിപത്യത്തെ കശാപ്പുനടത്തി എന്നു പറയുവാനുള്ള നിഷ്പക്ഷതാബോധമെങ്കിലും ഗവർണറുടെ ഈ പ്രസംഗത്തിൽ കാണിക്കാമായിരുന്നു. ഇവിടെ ജനാധിപത്യത്തിൻറെ മാതൃക അംഗീകരിക്കുന്നതിനുപകരം അതിനെ കശാപ്പു നടത്തുകയാണു ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം കുടുംബാസൂത്രണ പരിപാടികളെ സംബന്ധിച്ചാണു് പറഞ്ഞിട്ടുള്ളതു്. കുടുംബാസൂത്രണ പരിപാടികളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നു പറയുകയുണ്ടായി. ഈ നാട്ടിൽ പരാജയപ്പെട്ടിട്ടുള്ള രണ്ടു പരിപാടികളാണു് മദ്യനിരോധനവും കുടുംബാസൂത്രണവും. ഇന്നു് എവിടെ വേണമെങ്കിലും മദ്യം വിതരണം ചെയ്യാം. അതുപോലെ കുടുംബാസൂത്രണ പരിപാടിയും പരാജയപ്പെട്ടിരിക്കുകയാണു്. ഇതു പരാജയപ്പെടുന്നതിനുള്ള കാരണങ്ങൾ ഞാൻ പറയാം. കുടുംബാസൂത്രണ പരിപാടികളുടെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നതു് അതിൽ വിശ്വാസമില്ലാത്ത ആളുകളുടെ കയ്യിലാണു്. അതുപോലെ മദ്യനിരോധനത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന വകുപ്പദ്ധ്യക്ഷന്മാർ മദ്യം പെരുമാറുന്ന ആളുകളാണു്. പോലീസു് വകുപ്പു് മദ്യനിരോധനം കൈകാര്യം ചെയ്യുന്നതു് മാറി ആഭ്യന്തരമന്ത്രിയും ഇൻസ്പെക്ടർ ജനറലും മദ്യനിരോധനത്തിൽ വിശ്വാസമുള്ള ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ഒരു പ്രത്യേക വകുപ്പു രൂപീകരിക്കാൻ സാധിക്കാത്തിടത്തോളംകാലം മദ്യനിരോധനം പ്രായോഗികമായി നടക്കുകയില്ല. മുക്കറം മദ്യപിക്കുന്ന ഉദ്യോഗസ്ഥന്മാർ രാജ്യത്തുണ്ടാവുകയും അവർ മദ്യനിരോധന പ്രവർത്തനം ഏറെറടുക്കുകയും ചെയ്താൽ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും.

പിന്നെ ക്ഷയരോഗികളുടേയും വിധവകളുടേയും പെൻഷന്റെ കാര്യത്തെ സംബന്ധിച്ചാണു് പറഞ്ഞിട്ടുള്ളതു്. നമ്മുടെ നാട്ടിൽ എത്ര ക്ഷയരോഗികൾ ഇങ്ങനെ കാശ്രുവാങ്ങി സുഖിച്ചു? ഇതുവരെയായി അതിനുവേണ്ടിയുള്ള ഫാറം പോലും ശരിയായിട്ടില്ലെന്നാണു് എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ആളുകൾക്കു് ഗ്രണകരമായിട്ടുള്ള എന്താണു് ഈ ഗവണ്മെൻറു് ചെയ്തിട്ടുള്ളതു്? ഇവിടത്തെ തൊഴിലില്ലായ്മയ്ക്കു് എന്തെങ്കിലും ഒരു പരിഹാരം കണ്ടിട്ടുണ്ടോ? ഈ മാതിരിയുള്ള പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കാതെ വെറും പിത്തലാട്ടംകൊണ്ടു് കാര്യം നടത്തിക്കളയാമെന്നാണു് വിചാരമെങ്കിൽ അതിവിടെ നടക്കുകയില്ലെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

ശ്രീ. എം. പി. എം. അഹമ്മദ്കുരിക്കൾ: മാഡം, ഗവർണ്ണറുടെ പ്രസംഗത്തിനു് നന്ദിരേഖപ്പെടുത്തികൊണ്ടു് ശ്രീമാൻ കെ. കെ. വിശ്വനാഥൻ അവതരിപ്പിച്ച പ്രമേയത്തോടു് യോജിക്കുവാൻ നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു. പക്ഷേ ഒരു കാര്യത്തിൽ അദ്ദേഹത്തിനു നന്ദി രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. നവവത്സര ആശംസനൽകിയതിൽ അദ്ദേഹത്തിനു് നന്ദി രേഖപ്പെടുത്തുന്നു. മറ്റുള്ള കാര്യങ്ങളെ സംബന്ധിച്ചു് അവയെല്ലാം വിശകലനം ചെയ്തുകൊണ്ടുള്ള ശ്രീ. കെ. കെ. വിശ്വനാഥന്റെ പ്രസംഗം ഞാൻ സശ്രദ്ധം ശ്രദ്ധിക്കുകയുണ്ടായി. സർ, ബ്രിട്ടീഷു് ഭരണകാലത്തെ സ്കൂൾ പുസ്തകങ്ങളിലെ ബ്രിട്ടീഷുകാർ ജനങ്ങൾക്കു് ചെയ്ത നന്മ എന്നുള്ള, പാഠപുസ്തകത്തിലെ പാഠങ്ങളാണു് എനിക്കു് ഈ അവസരത്തിൽ ഓർമ്മവരുന്നതു്. ഈ നാട്ടിൽ നാലുകൊല്ലം ഭരണം നടത്തിയിട്ടും അഞ്ചാമത്തെ കൊല്ലത്തിലേക്കു് പ്രവേശിക്കുന്ന ഈ അവസാന കാലഘട്ടത്തിൽ ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഈ അവസരത്തിൽ ന്യായമായും ജനങ്ങൾ പ്രതീക്ഷിച്ചു, ഈ നാട്ടിലെ നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരമാർഗ്ഗം വല്ലതും കണ്ടുപിടിക്കാൻ ഈ ഗവണ്മെൻറു് ശ്രമിക്കുമെന്നു്. ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളേയും ബാധിക്കുന്ന പ്രശ്നങ്ങൾക്കു് എന്തെങ്കിലും ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചു് ഗവർണ്ണർ ഈ നാട്ടിനെ അറിയിക്കുമെന്നു ഭൂരിപക്ഷം ആളുകളും പ്രതീക്ഷിച്ചു. എന്നാൽ മറിച്ചാണു് ഫലമുണ്ടായിട്ടുള്ളതു്. ഈ നാട്ടിൽ വ്യവസായം വർദ്ധിപ്പിക്കുവാൻ നൂറുകോടി രൂപയുടെ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടു്, ഇവിടെ പല സർവ്വേകളും നടത്തിക്കഴിഞ്ഞിട്ടുണ്ടു് എന്നുള്ള ആഹ്വാനമല്ലാതെ ഈ നാട്ടിൽ കൊടുമ്പിരി കൊള്ളുന്ന വിഷമപ്രശ്നങ്ങളെ സംബന്ധിച്ചു് ഒരു വാക്കോ ഒരക്ഷരമോ ഉച്ചരിക്കുകപോലും ചെയ്തിട്ടില്ല. ഈ നാട്ടിലെ ബഹുഭൂരിപക്ഷംവരുന്ന പിന്നാക്കസമുദായങ്ങളെ സംബന്ധിച്ചു് ഹൈക്കോടതി വിധിമൂലം ഉണ്ടായിട്ടുള്ള വിഷമത്തെ കണക്കിലെടുത്തു് എന്തെങ്കിലും ഒരു ആശ്വാസവാഗ്ദാനം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. എം. അഹമ്മദ് കരീക്കുട്ടി]

ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കുവാൻ മുഖ്യമന്ത്രി ശ്രമിച്ചിട്ടില്ലെന്ന പറയുമ്പോൾ ഞങ്ങൾക്ക് ഖേദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. പ്രൊഫഷണൽ കോളേജുകളിലെ റിസർവേഷൻ എടുത്തുകളഞ്ഞതിനുശേഷം സർവ്വീസിലെ റിസർവേഷൻ എടുത്തുകളയുവാൻ റിട്ട് സമർപ്പിച്ചിരിക്കുകയാണ്, ഇതുപോലുള്ള ന്യായംതന്നെയാണ് ഈ ഗവണ്മെന്റ് അംഗീകരിക്കുവാൻ പോകുന്നതെങ്കിൽ അതിന്റെ വിധിയെ സംബന്ധിച്ചും ഫലത്തെ സംബന്ധിച്ചും ഞങ്ങൾക്കെല്ലാം ആശങ്കയുണ്ട്. ഗവണ്മെന്റ് ഉറച്ച ഒരു നിലപാട് സ്വീകരിച്ച് ഈ നാട്ടിലെ 75 ശതമാനത്തോളം വരുന്ന ജനവിഭാഗത്തിന് ആശ്വാസം നൽകുന്ന കാര്യത്തിൽ തൽപ്പരരാകുന്നില്ലെങ്കിൽ ഈ പ്രസംഗങ്ങളെല്ലാം വൃഥാവിലായിപ്പോകുമെന്ന മാത്രമേ ഞാൻ പറയുന്നുള്ളൂ. സർ, പിന്നാക്കസമുദായങ്ങൾക്ക് ആശ്വാസം നൽകുന്ന കാര്യത്തിൽ ഈ അവസാന ഘട്ടത്തിൽ ഈ ഗവണ്മെന്റ് യാതൊന്നും പ്രവർത്തിക്കുവാൻ തുനിയുന്നില്ലെങ്കിൽ പിന്നാക്കസമുദായങ്ങളെക്കൊണ്ട് അവർക്ക് സ്വാധീനം നൽകത്തക്കനിലയിൽ ഒരു നിയമസഭ രൂപീകരിക്കേണ്ട പ്രഥമവും പ്രധാനവുമായ കർത്തവ്യത്തിലേയ്ക്ക് പിന്നാക്കസമുദായങ്ങൾ ഇറങ്ങേണ്ടതായി വരുമെന്നുള്ള കാര്യം ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

സർ, മറെറാരു പ്രശ്നം ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നതു ഈ നാട്ടിൽ ജീവിക്കാനാവാത്ത വിധത്തിൽ നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തെ സംബന്ധിച്ചാണ്. അതിനെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗം വായിച്ചാൽ അരിവില അടിച്ചമർത്താൻവേണ്ടി ഗവണ്മെന്റ് എടുത്ത നടപടികളെ വിസ്തരിക്കുന്നതു കാണാം. റേഷൻ അധികരിപ്പിച്ച് ഡബിളാക്കി ന്യായവിലഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നു എന്നാണ് അതിലൊന്ന്. എത്രകാലത്തേക്കാണ് ഇങ്ങനെ റേഷൻ ഡബിളാക്കി ന്യായവിലഷാപ്പുകളിൽക്കൂടികൊടുക്കുന്നതെന്നുള്ള കാര്യം പറയിപ്പിക്കുവാൻ ഈ ഗവണ്മെന്റ് മുതിർന്നില്ല. രണ്ടാഴ്ചക്കാലം മാത്രം ന്യായവിലഷാപ്പുകളിൽക്കൂടി ഡബിൾറേഷൻകൊടുത്തതുകൊണ്ട് ഈ നാട്ടിലെ ഭക്ഷണക്ഷാമം തീർന്നു എന്നു ഈ ഗവണ്മെന്റ് സമാധാനിച്ചിരിക്കുകയാണ്. സർ, വാസ്തവത്തിൽ ഗവർണ്ണറുടെ പ്രസംഗം റിപ്പോർട്ട ചെയ്ത അതേ പത്രത്തിൽത്തന്നെ എറണാകുളം കോവാപ്പറേറീവ് ഡപ്യൂട്ടി രജിസ്ട്രാരുടെ ഒരു പ്രസ്താവനയും ഞാൻ കാണുകയുണ്ടായി. വെറും 350 ചാക്ക് അരി കോവാപ്പറേറീവ് കൺസ്യൂമർ സൊസൈറ്റികളിൽക്കൂടി വിതരണം ചെയ്തുകൊണ്ട് എറണാകുളം ജില്ലയിലെ അരിവിലക്കയറ്റം തടയുവാൻ സാധിച്ചു എന്നും അദ്ദേഹം പറഞ്ഞതും, രണ്ടാഴ്ചക്കാലത്തോളം ന്യായവിലഷാപ്പുകളിൽക്കൂടി അരി ഡബിൾറേഷൻ കൊടുത്തതുകൊണ്ട് വില നിയന്ത്രിക്കുവാൻ സാധിച്ചുഎന്നും ഗവർണ്ണർ പറഞ്ഞതും ഒരേ സ്വരത്തിലാണെന്നു എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. സർ, ഈ നാട്ടുകാർക്കറിയാം അവരുടെ വിഷമതകളും. നിത്യേന ജീവിക്കാൻ നിവൃത്തിയില്ലാതെ ഈ നാട്ടിലെ ബഹുജനങ്ങളിൽ 90 ശതമാനവും കടബാദ്ധ്യസ്ഥരായി കഴിയുകയാണെന്നുള്ള പരമാർത്ഥം വിസ്തരിക്കേണ്ടതില്ല. കടംകൊണ്ടുവലഞ്ഞു കഷ്ടപ്പെട്ട ജീവിക്കുന്ന 90 ശതമാനം ജനങ്ങളും യാതൊരു വിധ സുഖവുമില്ലാതെ അദ്ധ്വാനിച്ചു കഷ്ടപ്പെടുന്ന ഈ കാലഘട്ടത്തിൽ മുൻപൊരിക്കലും കേരളത്തിലില്ലാത്ത വിധത്തിൽ സാധനങ്ങളുടെ വില കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്, അതിനു യാതൊരുവിധ പരിഹാരമാർഗ്ഗവും ഗവർണറുടെ പ്രസംഗത്തിൽ നിഴലിച്ചുകാണുന്നില്ല.

സർ, ഈ അവസരത്തിൽ സഹകരണപ്രസ്ഥാനത്തെ സംബന്ധിച്ചും, സർവ്വീസ് സൊസൈറ്റി രൂപീകരണത്തെ സംബന്ധിച്ചും പ്രസംഗങ്ങളും കേട്ടുകഴിഞ്ഞു. എന്നെ സംബന്ധിച്ചാണെങ്കിലും എനിക്ക് ഇതിൽ ഉറച്ച വിശ്വാസമുണ്ട്. സമത്വത്തിലും, സഹകരണ പ്രസ്ഥാനത്തിലുംകൂടി മാത്രമേ നമ്മുടെ ലക്ഷ്യങ്ങളും സുരക്ഷിതമാക്കാൻ സാധിക്കുകയുള്ളൂ എന്നു വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ. എന്നാൽ ഗവണ്മെന്റിന്റെ നയപ്രഖ്യാപനത്തോടുകൂടി ഗവണ്മെന്റ് പാർട്ടിയിലെ ഉന്നതന്മാരായ ചില വ്യക്തികളും നടത്തിയ പ്രചരണങ്ങളും ഇതിനോട് ബന്ധപ്പെട്ട കാണുകയുണ്ടായി. കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

പൊതുതിരഞ്ഞെടുപ്പിനെ എങ്ങനെയെല്ലാം നേരിടണമെന്നു് കാൺഗ്രസ്സു് പ്രവർത്തകന്മാർക്കു് ആഹ്വാനം നൽകുകയായിരുന്നു. ഈ നാട്ടിലെ ഉന്നതന്മാരായ കാൺഗ്രസ്സു് നേതാക്കന്മാർ സുപ്രീസു് സൊസൈറ്റികളും കാൺഗ്രസ്സു് കൈയടക്കി വച്ചാൽമാത്രമെ രക്ഷയുള്ളൂ എന്നു് ആഹ്വാനം നൽകുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ഭയാശങ്കകളോടുകൂടിയാണു് ഈ പ്രസ്താവന ചെയ്യുന്നതു്. സർ, ഏതൊരു രാജ്യത്തിലെയും സഹകരണപ്രസ്ഥാനം രാഷ്ട്രീയ പാർട്ടികളുടെ കുത്തകയാക്കിമാറ്റാൻ ഉത്സാഹിക്കുകയാണെങ്കിൽ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള ഈ പ്രസ്ഥാനംകൊണ്ടു് കർഷകർക്കോ, നാട്ടിനോ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല എന്ന ഭയാശങ്കയോടുകൂടിയാണു് ഞാൻ ഈ പ്രസ്ഥാനത്തെ കാണുന്നതു്. എനിക്കോർമ്മയുണ്ടു് സർ, പഞ്ചായത്തു് തിരഞ്ഞെടുപ്പു കഴിയുന്നതിനുമുമ്പു് വില്ലേജു് വാളണ്ടീയർ ഫോഴ്സു് രൂപീകരിച്ചുകൊണ്ടു് ഗവണ്മെന്റു് ചെയ്തതു്. ഈ വില്ലേജു് വാളണ്ടീയർ ഫോഴ്സു് ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തനത്തിനുവേണ്ടി ഉപയുക്തമായരീതിയിൽ രൂപീകരിച്ചതാണു്. പണ്ടു് കമ്മ്യൂണിസ്റ്റു് സർക്കാർ ഈ നാടു ഭരിച്ചിരുന്നകാലത്തു് പ്രതിപക്ഷത്തുനിന്ന നമ്മളെല്ലാം സെല്ലുഭരണം നടത്തുന്നു എന്നു് ഒറ്റ ശബ്ദത്തിൽ പറഞ്ഞിരുന്നതിനെ അനുസ്മരിപ്പിക്കുന്നതരത്തിൽ ഈ ഗവണ്മെന്റു് വില്ലേജു് വാളണ്ടിയർ ഫോഴ്സു് ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനത്തിനു് ഉപയുക്തമാക്കുകയുണ്ടായി. അതിൽ ഈ നാട്ടുകാർക്കു് പ്രതിഷേധമുണ്ടു്.

സർ, മറ്റൊരു പ്രശ്നം ഈ സഭയുടെ മുമ്പാകെ ഞാൻ ഉന്നയിക്കുന്നതു് ഈ ഗവണ്മെന്റിന്റെ വനം നയത്തെസംബന്ധിച്ചാണു്. വനം കയ്യേറി നശിപ്പിക്കുന്നതിനെതിരായി വളരെയധികംപ്രക്ഷോഭണങ്ങളും നാട്ടിൽഉണ്ടായിട്ടുണ്ടു്. ഈ നാട്ടിലെ പത്രങ്ങളും ജിഹ്വകളും അതിനെതിരെ വളരെയധികം ശബ്ദം ഉയർത്തിയിട്ടുണ്ടു്. എന്നാൽ ഈ വനം കയ്യേറ്റക്കാർക്കും കുടിയാന്മാർക്കും ആക്രമണ പ്രവണതകളിൽക്കൂടി വനം കൈവശം വച്ചിരിക്കുന്നതിനു് സ്ഥിരാവകാശം നൽകാൻ പോവുകയാണെന്നുള്ള പ്രസ്താവനയും കണ്ടു കഴിഞ്ഞു. സർ, ഞാൻ ചോദിക്കുകയാണു്, ഈ നാട്ടിന്റെ ഏറ്റവും വമ്പിച്ച വനസമ്പത്തു്, ഈ നാട്ടിന്റെ സാമൂഹ്യനീതിയേയും സോഷ്യലിസത്തേയും മുന്നോട്ടനയിക്കാൻ ഏറ്റവും വരുമാനമുള്ളതായ നമ്മുടെ വനസമ്പത്തു്, ഈ നിലയിൽ കയ്യേറ്റക്കാർക്കു് ഭാഗിച്ചു കൊടുക്കുകയാണെങ്കിൽ ഇതൊരു നയമായി നമുക്കു കാണാൻ സാധിക്കുമോ എന്നു്. സർ, വളരെ കൊല്ലമായി കൈവശം വച്ചതുകൊണ്ടു് ഈ വനം കയ്യേറ്റക്കാർക്കും അക്രമികൾക്കും സംരക്ഷണം നൽകുകയാണെങ്കിൽ അതൊരു സ്റ്റേറ്റിനും ഭൂഷണമല്ലെന്നു് ഞാൻ പറയുകയാണു്. കുറെകൊല്ലം കൈവശംവച്ച എന്നുള്ള കാരണമാണു് ഗവണ്മെന്റു് സ്വത്തു് വീതിച്ചു കൊടുക്കുന്നതിന്റെ നയമെങ്കിൽ ഞാൻ ചോദിക്കുകയാണു്, ഇൻഡ്യാരാജ്യത്തെ ആക്രമിച്ച ചൈന കുറെക്കാലം നമ്മുടെ പ്രദേശങ്ങൾ കൈവശംവച്ച എന്നുള്ള കാരണംകൊണ്ടു് അതു് വീതിച്ചു കൊടുക്കാൻ ഈ നാട്ടിലെ ഗവണ്മെന്റു് തയ്യാറാകുമോ എന്നു്. ഈ നിലയിലാണു് കാര്യങ്ങൾ കാണുന്നതെങ്കിൽ ഞങ്ങൾക്കതിനു പ്രതിഷേധമുണ്ടു്. സർ, ഈ വനസംരക്ഷണത്തെ സംബന്ധിച്ചു പറയുമ്പോൾ മലബാറിനെ സംബന്ധിച്ചും എം. പി. എഫ്. നെ സംബന്ധിച്ചും രണ്ടുവാക്കു് പറയേണ്ടതായിട്ടുണ്ടു്. മരത്തടികൾ മുറിച്ചു കൊണ്ടുവരാൻ കളക്ടറുടെ പെർമിറ്റു വേണമെന്നുള്ള ഒറ്റക്കാരണംകൊണ്ടു് നാലായിരവും, അയ്യായിരവും ഉറുപ്പിക വിലകിട്ടുന്ന ഈട്ടി മരത്തടികളും, ഘനമുള്ള ഇരുൾമരത്തടികളും ഇന്നു് ചുട്ടുകരിച്ചു് കരിയാക്കി ആയിരക്കണക്കിനു് ലോറികളിൽ കയറ്റിക്കൊണ്ടുപോവുകയാണു്. സർ, വനസമ്പത്തു് സംരക്ഷിക്കുന്നതിനു് ബാദ്ധ്യസ്ഥമായ ഈ ഗവണ്മെന്റു്, വനം നശിപ്പിക്കുന്നതിനെതിരായി വളരെയധികം പ്രതിഷേധശബ്ദങ്ങൾ ഈ നാട്ടിൽനിന്നു മുഴക്കിയിട്ടും ഇക്കാലംവരെ അതിനെ ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്തിട്ടില്ല. ഉദാഹരണത്തിനു് ഈട്ടിമരത്തടികളും ഇരുൾ മരത്തടികളും ഇന്നു് നിലമ്പൂർ വനഭാഗങ്ങളിൽ നിന്നു് നിർദ്ദയമായിട്ടാണോ കൊള്ളയിടുന്നു് കരിയാക്കി ഈ നാട്ടിലെ വനസമ്പത്തു് നശിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ഇതിനെ തടയേണ്ടതു് ഗവണ്മെന്റിന്റെ കർത്തവ്യമാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ]

സർ, അഴിമതിയെസംബന്ധിച്ചും രണ്ടുവാക്കു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഒന്നാമതായി എനിക്കു പറയാനുള്ളതു് ഒരു ഉറച്ച ഭരണകൂടത്തിന്റെ സംസ്കാരവും മാപിയും നിലനിറുത്തണമെങ്കിൽ ആസൂത്രിതമായ രീതിയിലുള്ള ഒരു ഭരണ വ്യവസ്ഥയും പരിപാടിയും ജനങ്ങളുടെ മുമ്പാകെ വയ്ക്കേണ്ടിയിരിക്കുന്നു എന്നാണു്. ജനങ്ങളുടെ ചുമതല ഏറ്റെടുക്കാൻ പര്യാപ്തമായ രീതിയിൽ അവരെ മുന്നോട്ടു നയിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയാണു്. അങ്ങനെ നയിക്കേണ്ടതിൽ ഈ ഗവണ്മെൻറു് പരാജയപ്പെട്ടിട്ടില്ലേ എന്നു ഞാൻ ചോദിക്കുകയാണു്. ഗവർണ്ണരുടെ പ്രസംഗത്തിൽ, ഈ കുറഞ്ഞ കാലഘട്ടത്തിൽ ഇതിലധികം നിങ്ങളം പ്രതീക്ഷിക്കുകയില്ല എന്നു അദ്ദേഹം പറഞ്ഞതു് വളരെ അൽഭുതകരമായിരിക്കുന്നു. സർ, നാലുകൊല്ലത്തോളം സമാധാനപൂർണ്ണമായ അന്തരീക്ഷം കിട്ടിയിട്ടും ഈ ഗവണ്മെൻറിനു് യാതൊരു പുരോഗമനവും ഉണ്ടാക്കാൻ സാധിച്ചില്ലെന്നു കാണുന്നതു് വളരെയധികം ഭവദനാജനകമാണു്. സർ, ഇന്നു് അഴിമതിയില്ലാത്ത ഏതൊരു രംഗമാണു്. കാണാൻ സാധിക്കുന്നതു്? രാഷ്ട്രീയ രംഗത്തായാലും, പൊതുമേഖലയിലായാലും, സ്വകാര്യ മേഖലകളിലായാലും വ്യവസായങ്ങളിലായാലും മറെറല്ലാ തലങ്ങളിലും ഇന്നു് അഴിമതി നടമാടുകയാണു്. അഴിമതിയില്ലാതെ ജീവിക്കാൻ സാധിക്കുകയില്ല എന്നുള്ള ഒരു കാലഘട്ടത്തിലേക്കു് നാടു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. റേഷൻകാർഡു മുതൽ വാർദ്ധക്യകാല പെൻഷൻ ഫാറം ഒപ്പിട്ടുന്നതുവരെ ഇന്നു് അഴിമതി നടക്കുകയാണു്. ഈ നിലയിൽ ഇന്നു് നമ്മുടെ നാട്ടിലെ ജനങ്ങളം ധാർമ്മികാധഃപതനത്തിൽ എത്തിയിരിക്കുകയാണു്. ഇതിനെ തരണം ചെയ്യാൻ ഒരു വിജിലൻസു് കമ്മിഷനെ നിയമിച്ചതുകൊണ്ടുമാത്രം സാദ്ധ്യമല്ല. ഇതിനെ തരണം ചെയ്യണമെങ്കിൽ പൊതുജനങ്ങളം ഉണരേണ്ടതോവശ്യമാണു്. പൊതുജനങ്ങളുടെ സഹകരണംകൊണ്ടു മാത്രമേ ഇതിനെ നേരിടാൻ സാധിക്കുകയുള്ളു. താലൂക്കുതോറും അഴിമതി വിരുദ്ധക്കമ്മിറ്റികളം രൂപീകരിച്ചു് അതിൽ ജനങ്ങളെ കാര്യമായി പങ്കെടുപ്പിക്കാൻ ഈ ഗവണ്മെൻറു മുൻകൈയെടുത്തു പ്രവർത്തിച്ചെങ്കിൽമാത്രമേ അഴിമതി നിർമ്മാജ്ജനം ചെയ്യാൻ കഴിയുകയുള്ളു. ധാർമ്മികമൂല്യങ്ങളം വച്ചുകൊണ്ടും സത്യസന്ധമായ പ്രവർത്തനം നടത്തിക്കൊണ്ടുംമാത്രമേ ഒരു ഗവണ്മെൻറിനു് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെയും പൊതുജനങ്ങളുടെയും മാഗ്ഗങ്ങളം സുരക്ഷിതമാക്കാൻ കഴിയുകയുള്ളു. നേരെമറിച്ചു് ഉത്തരവാദപ്പെട്ടവർതന്നെ അഴിമതിയാരോപണങ്ങൾക്കു വിധേയരായി അതൊരു പാർട്ടിക്കാര്യമാക്കിത്തീർക്കുകയാണെങ്കിൽ ജൂഡിഷ്യൽ, ട്രിബ്യൂണൽ എൻക്വയറി നടത്തി തങ്ങളം പരിശുദ്ധരാണെന്നു കാണിക്കേണ്ടിവരും. ഇല്ലെങ്കിൽ നാട്ടുകാരുടെയിടയിൽ തങ്ങളം കള്ളന്മാരാണെന്നബോധം ഉണ്ടാക്കിത്തീർക്കുകയാണെങ്കിൽ നാട്ടിലെ പൊതുജനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും അഴിമതി ചെയ്യാൻ പ്രേരിപ്പിക്കുകമായിരിക്കും. ഈ നിലപാടു് സധൈര്യം ഗവണ്മെൻറു് സ്വീകരിക്കാത്തതിൽ ഖേദമുണ്ടു്. അതുകൊണ്ടു് മന്ത്രിമാരെ സംബന്ധിച്ചോ, ഉയർന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചോ, എം. എൽ. എ. മാരായാലും വേണ്ടില്ല പ്രതിപക്ഷമായാലും വേണ്ടില്ല അഴിമതിക്കു് വിധേയമായിട്ടുണ്ടെങ്കിൽ അവരെ സംബന്ധിച്ചു് ഉറച്ച ഒരു നിലപാടു് സ്വീകരിച്ചു് മാതൃകാപരമായി മുന്നോട്ടു പോയി ഈ നാട്ടിലെ പൊതുജനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും അഴിമതിയിൽനിന്നും പിൻതിരിപ്പിക്കാൻ ഗവണ്മെൻറു് ശ്രമിക്കേണ്ടതാണു്.

സർ, വ്യവസായത്തെ സംബന്ധിച്ചും രണ്ടുവാക്കു് എനിക്കു പറയാനുണ്ടു്. ഇന്നു് വ്യവസായത്തിന്റെ മൊത്തം നില വളരെ പീസ്ഫുൾ ആണെന്നു ഭരണകക്ഷിയിൽനിന്നു് പറയുകയുണ്ടായി. ഈ നാട്ടിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഈ നാട്ടിലെ തൊഴിലാളികളം അതു് അക്ഷരംപ്രതി അനുസരിച്ചു. ഈ നാട്ടിലെ തൊഴിലാളികളം അവരുടെ കഷ്ടപ്പാടുകളെല്ലാം മറച്ചുവച്ചു് ഈ നാട്ടിന്റെ അഭിവൃദ്ധിക്കുവേണ്ടിയും, ഈ നാട്ടിന്റെ അടിയന്തിരാവസ്ഥയ്ക്കു യോജിച്ച നിലയിലും പ്രവർത്തിക്കാൻ സന്നദ്ധരായി. അതിനു് യൂണിയനുകളം അവർക്കു് നിർദ്ദേശം നൽകി. ഇതു് അവർക്കു് കഷ്ടപ്പാടില്ലാത്തതുകൊണ്ടല്ല. അവരുടെ കടമ നിർവ്വഹിച്ചതാണു്. എന്നാൽ ഈ നാട്ടിലെ തൊഴിലുടമകളം അതിനനുസരിച്ചു് ഉയർന്നിട്ടില്ല. ഗവണ്മെൻറു്

LIBRARY ARCHIVES Kerala Legislative Assembly

മെഷിനറീസ് അതിനനുസരിച്ച് ഉയർന്നിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. ഈ നാട്ടിലെ അവരുടെ അസമാധാനത്തിന്റെ പ്രതീകംതന്നെയാണല്ലോ ഇന്ന് സെക്രട്ടറിയേറ്റിന്റെ പടിക്കൽ തിരുവനന്തപുരത്തുനിന്നു വന്ന ഗവണ്മെന്റിന്റെ പാർട്ടിയിൽപ്പെട്ട ഒരംഗമായ ശ്രീ. സുധാകരൻതന്നെ നയിച്ച തൊഴിലാളികളും കത്തിയിരിക്കുന്നത്. സർ, രണ്ടുലക്ഷത്തോളം വരുന്ന ബീഡിത്തൊഴിലാളികളും ഇന്ന് സ്റ്റൈക്കുമൂലം കഷ്ടപ്പെട്ടുകയാണ്. ഇവർ എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറായിട്ടും അതിനെക്കുറിച്ച് ആലോചിക്കുകയോ, ഒരൊത്തുതീർപ്പിൽ എത്തിക്കുകയോ ചെയ്യാൻ മുതലാളിമാർ തയ്യാറാകാതെ രണ്ടുലക്ഷത്തോളംവരുന്ന പാവപ്പെട്ട ബീഡിത്തൊഴിലാളികളെ പട്ടിണിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്.

സർ, സാധനങ്ങളുടെ വില കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതിനനുസൃതമായ ഒരുവാക്കുപോലും ഗവർണ്ണരെക്കൊണ്ടു പറയിപ്പിക്കാത്ത ഈ ഗവണ്മെന്റു പാടെ പരാജയപ്പെട്ടിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. സർ, മറ്റൊരുകാര്യം ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു മാവൂരിലെ ഗ്വാളിയോർ റയോൺസിനെപ്പറ്റിയാണ്. ഈ കേരളസംസ്ഥാനത്തിന്റെ വനസമ്പത്തിൽനിന്നു 75 ലക്ഷം ഉറുപ്പിക ഒരുകൊല്ലം നഷ്ടപ്പെട്ടുകൊണ്ടാണ് ഈ വ്യവസായം ഇവിടെ നടത്തുന്നതു്. ഈ 75 ലക്ഷം ഉറുപ്പിക കൊല്ലംതോറും നഷ്ടപ്പെട്ടുകൊണ്ടു കേരളത്തിൽ എന്തു സമ്പത്താണുണ്ടാക്കിയതെന്നു് ഒന്നു പരിശോധിക്കേണ്ടതാണ്. പതിനായിരക്കണക്കിനു ജനങ്ങളും വെള്ളം കുടിച്ചുവന്നിരുന്ന ചാലിയാർപുഴ ഇന്നു് ഉപയോഗശൂന്യമായി ദുർഗന്ധപൂർണ്ണമായി കിടക്കുകയാണ്. അതിലെ വെള്ളം കുടിക്കാൻ നിവൃത്തിയില്ലാതെ അതിന്റെ തീരപ്രദേശങ്ങളിലുള്ള ജനങ്ങളും ഉഴറുകയാണ്. രണ്ടുകൊല്ലമായി ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരുവിധത്തിലുള്ള അന്വേഷണവും ഈ ഗവണ്മെന്റു നടത്തിയിട്ടില്ല. ഇന്നും ആ പാവപ്പെട്ട ജനങ്ങളും വളരെ കഷ്ടപ്പെടുകയാണ്. 75 ലക്ഷത്തോളം ഉറുപ്പികയ്ക്കുവരുന്ന മൂലധനം നഷ്ടപ്പെടുത്തിക്കൊണ്ടു സ്ഥാപിച്ച ഈ സ്ഥാപനംകൊണ്ടു കേരളത്തിനു കിട്ടിയ ഗുണമാണിതു്. ഈ അവസരത്തിൽ ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. ഒരു വ്യവസായത്തിനുവേണ്ടി കൺസഷൻ കൊടുത്തിട്ടു് അതിൽനിന്നും സെയിൽസ് ടാക്സ് ഈടാക്കേണ്ടതുണ്ടോ?

ഒരു ടണ്ണിനു് ഒരു രൂപവീതം ആ മൂലയുടെ മാർക്കറ്റുവിലയ്ക്കു സെയിൽസ് ടാക്സു് ഈടാക്കുകയാണെങ്കിൽ ഗവണ്മെന്റിന്റെ ഖജനാവിലേക്കു് ഏറ്റവും നല്ലൊരു വരുമാനം ഉണ്ടാകുമായിരുന്നു. നേരെമറിച്ചു 75 ലക്ഷത്തിലധികം രൂപ നഷ്ടപ്പെട്ടുകൊണ്ടു നടത്തുന്ന ഈ വ്യവസായത്തിൽ ജനദ്രോഹപരമായ ഒരു നിലപാടു് സ്വീകരിച്ചിരിക്കുന്നതിനെ തടയണമെന്നു അഭ്യർത്ഥിക്കുന്നു, അവിടെനിന്നുള്ള വേസ്റ്റു് ചാലിയാർ പുഴയിലേക്കു പോകുന്നതിനെ തടയണമെന്നു അവിടത്തെ ജനങ്ങളും ആവശ്യപ്പെട്ടിട്ടു് അതു ചെയ്യുവാൻ ഈ ഗവണ്മെന്റിനെകൊണ്ടു സാധിച്ചിട്ടില്ല. ഈ നിലയിൽ നോക്കുകയാണെങ്കിൽ വ്യവസായങ്ങളും വന്നതുകൊണ്ടുമാത്രം കാര്യമായില്ല. വ്യവസായംവന്നാൽ അതുകൊണ്ടു കേരളത്തിലെ ജനങ്ങൾക്കും ഗുണം ഉണ്ടാകേണം.

12 Noon]

എന്റെ പ്രസംഗം അധികം നീട്ടുന്നില്ല. അവസാനമായി ഗവണ്മെന്റു സ്കൂളുകളെ സംബന്ധിച്ച രണ്ടുവാക്കു പറയുകയാണ്. സർ, ഈ സഭയിൽ ഈ ഗവണ്മെന്റിന്റെ അവസാനത്തെ ഒരു കൊല്ലമായതുകൊണ്ടാണോ ഈ കൊല്ലം ഗവണ്മെന്റുടമയിൽ സ്കൂളുകളൊന്നുംതന്നെ കൊടുക്കുന്നില്ലെന്നു തീരുമാനിച്ചതു് എന്നറിയുന്നില്ല. വെറും മാനേജ്മെന്റു സ്കൂളുകളല്ലാതെ ഗവണ്മെന്റു സ്കൂളുകളും ഒന്നും അനുവദിക്കുന്നില്ല എന്നു തീരുമാനിച്ചതായിട്ടാണു അറിയുന്നതു്.

ശ്രീ. ആർ. ശങ്കർ : ഒന്നും തീരുമാനിച്ചിട്ടില്ല, ഇല്ലാത്തതൊന്നും പറയേണ്ടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ : ഞങ്ങളുടെ ഡി. ഡി. സി. യിൽ ഗവണ്മെന്റു സ്കൂളുകൾക്കു് ശുപാർശ ചെയ്യേണ്ടതില്ലെന്നും മാനേജുമെന്റു സ്കൂളുകൾ മാത്രമേ ഇക്കൊല്ലം അനുവദിക്കുന്നുള്ളുവെന്നു പറഞ്ഞതുകൊണ്ടുമാണു് ഞാൻ ഇതു പറഞ്ഞതു്.

ശ്രീ. ആർ. ശങ്കർ : ഡിപ്പാർട്ടുമെന്റിൽനിന്നു ശുപാർശചെയ്യാൻ മാത്രമെ ഗവണ്മെന്റുസ്കൂൾ അനുവദിക്കുകയുള്ളു.

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ : മാനേജുമെന്റു സ്കൂളുകൾ മാത്രമേ അനുവദിക്കുകയുള്ളുവെന്നും, ഗവണ്മെന്റുസ്കൂൾ അനുവദിക്കുന്നതിനു ഡിപ്പാർട്ടുമെന്റു ശുപാർശചെയ്യുന്നില്ലെന്നും ഞങ്ങളുടെ ഡി. ഡി. സി. പറഞ്ഞിരിക്കുന്നതുകൊണ്ടാണു് ഞാൻ ഇത്രയും പറയാൻ ഇടയായതു്.

സർ, യൂണിവേഴ്സിറ്റി നിയമം മാറ്റി എഴുതുവാൻ ഗവണ്മെന്റു വിചാരിക്കുകയാണു്. യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളിൽ അനിയന്ത്രിതമായി ഗവണ്മെന്റു കൈകടത്തുന്ന രീതിയിൽ അതു് മാറ്റി എഴുതുന്നതെന്നാണു് ഞാൻ വിനീതമായി ഈ അവസരത്തിൽ ഗവണ്മെന്റിനോടു് അപേക്ഷിക്കുന്നതു്. യൂണിവേഴ്സിറ്റി ബിൽ ഇവിടെ അവതരിപ്പിച്ച അവസാനത്തിൽ നമ്മുടെ ഇന്നത്തെ റവന്യൂമന്ത്രി ചെയ്ത പ്രസംഗത്തിലെ ഓരോ വരിയും ഞാനിപ്പോഴും ഓർക്കുകയാണു്. എന്നുമാത്രമല്ല, യൂണിവേഴ്സിറ്റിനിയമം മാറ്റി എഴുതുന്നതു് രണ്ടു യൂണിവേഴ്സിറ്റികളും ഉണ്ടാക്കുവാനാണോ എന്നും ബഹുമാനപ്പെട്ട റവന്യൂമന്ത്രി ചെയ്ത പ്രസ്താവനയിൽനിന്നു ഞാൻ സംശയിക്കുകയാണു്. എൻ. എസ്സ്. എസ്സ്. സ്ഥാപനത്തിന്റെ കീഴിലുള്ള സ്കൂളുകളെല്ലാം കൂട്ടിചേർത്തു് അതു് ഒരു യൂണിവേഴ്സിറ്റിയുടെ കീഴിലാക്കുന്നതു് നന്നായിരിക്കുമെന്നു അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്.

അവസാനമായി പിന്നാക്ക പ്രദേശങ്ങളുടെ വികസനം സംബന്ധിച്ചു ഒരു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അടിയന്തിരാവസ്ഥയുടെപേരിൽ, അതിന്റെ മറവിൽ പിന്നാക്ക പ്രദേശങ്ങളെ അവഗണിച്ചു വരുന്നതായിട്ടാണു കാണുന്നതു്. ഒന്നാം പഞ്ചവത്സരപദ്ധതിയിലും, രണ്ടാം പഞ്ചവത്സരപദ്ധതിയിലും പണിനടത്തുവാൻ തീർച്ചയാക്കി ടെൻഡർ കൊടുത്തിട്ടുള്ള എത്രയെത്ര റോഡുകളുടെയും പാലങ്ങളുടെയും പണിയാണു് ഇപ്പോഴും സ്റ്റേ ചെയ്തിരിക്കുന്നതു്. പണി തുടർന്നു നടത്തിക്കൊണ്ടിരുന്ന പല റോഡുകളുടെയും, പാലങ്ങളുടെയും പണി ഇന്നു സ്റ്റേ ചെയ്തിരിക്കുകയാണു്. സർ, ഈ സഭയിലെ ഉന്നതനായ ഒരംഗം ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽവന്നു കാൺഗ്രസ്സ് യോഗങ്ങളിൽ പ്രസംഗിക്കുകയുണ്ടായി. മുസ്ലീംലീഗ് സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്തു അയച്ചാൽ നാട്ടിൽ തോടുകളും പാലങ്ങളും ഉണ്ടാകുമോ എന്നു അദ്ദേഹം ചോദിക്കുകയുണ്ടായി. കാൺഗ്രസ്സുകാരെ തിരഞ്ഞെടുത്തില്ലെങ്കിൽ ഗവണ്മെന്റു ഖജനാവിലെ പണം ആ നാട്ടിലെ വികസന പ്രവർത്തനത്തിനു് ചെലവാക്കുകയില്ലെന്നുള്ളതാണോ ഞങ്ങളും ഇതിൽനിന്നു് മനസ്സിലാക്കേണ്ടതു്. അങ്ങനെ ഒരു നയം ഗവണ്മെന്റിനുള്ളതായിട്ടു് ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജു് : സർ, എന്റെ സ്നേഹിതൻ ശ്രീമാൻ വിശ്വനാഥൻ അവതരിപ്പിച്ച റാന്റിപ്രമേയത്തെ വളരെ സന്തോഷപൂർവ്വം ഞാൻ പിൻതാങ്ങുകയാണു്. ബഹുമാനപ്പെട്ട ഗവർണ്ണർ സ്വാഭാവികമായും ഈ ഗവണ്മെന്റു് 1963–64–ൽ ചെയ്ത കാര്യങ്ങളെ സംബന്ധിച്ചു ഒരു പുനരവലോകനം ചെയ്യുകയും 1964–65–ൽ ഏതെല്ലാം കാര്യങ്ങൾ ചെയ്യുവാൻ പോകുന്നുവെന്നുള്ളതിനെസംബന്ധിച്ചു് ഒരു സൂചന നൽകുകയുമാണു് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ചെയ്തിട്ടുള്ളതു്. ഈ സഭയിൽ ഇതിനുമുൻപു നടന്നിട്ടുള്ള ഗവർണ്ണരുടെ പ്രസംഗത്തിലും ഇങ്ങനെയൊക്കെത്തന്നെയാണു് പറഞ്ഞിട്ടുള്ളതു്. ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ ചെയ്ത പ്രസംഗത്തിൽ എത്രയെത്ര പുരോഗമനാത്മകമായ കാര്യങ്ങളാണു് നമ്മുടെ സംസ്ഥാനത്തു് നിലവിലിരിക്കുന്നതെന്നും ഇനി നടത്തുവാൻ പോകുന്നതെന്നും ഉള്ളതു് ആക്കൊണ്ടു് മനസ്സിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്തതു്. കുറ്റം പറയുന്നതിനുമാത്രം വാസനയുള്ള പ്രതിപക്ഷകക്ഷികളിലെ ആളുകൾ ഒരുപക്ഷേ ഇതു കണ്ടില്ലെന്നു ഭാവിച്ചേക്കാം. അവരുടെ വിമർശനത്തേയും, ആക്ഷേപങ്ങളേയും ഒരു അതിരുവരെ സമ്മതിച്ചു കൊടുക്കാൻ ഞാൻ തയ്യാറാണു്. പക്ഷേ, പ്രസംഗത്തിന്റെ ഉള്ളടക്കത്തിലേക്കു് ആത്മാർത്ഥമായി പ്രവേശിക്കുന്ന ഒരു ആംശമെങ്കിലും അതേപ്പറ്റി കൂടുതൽ വിമർശിക്കുവാനും, ആക്ഷേപിക്കുവാനും സാധിക്കുകയില്ല. കഴിഞ്ഞകാലത്തെ ഭരണദോഷങ്ങളെപ്പറ്റി പലരും പ്രതിപക്ഷത്തുനിന്നു ഇവിടെ ചൂണ്ടിക്കാണിച്ചു. ഗവർണ്ണരുടെ പ്രസംഗത്തെപ്പറ്റി പരാമർശിക്കുന്ന കൂട്ടത്തിൽ മുൻകൊല്ലങ്ങളിൽ ഉണ്ടായ ചില ഭരണദുഷ്യങ്ങളെപ്പറ്റി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിലൊന്നും അത്ഭുതപ്പെടാനില്ല. ഈ രാജ്യത്തെ കാര്യങ്ങളെല്ലാം എങ്ങനെ ഈ ഗവണ്മെന്റു കൈകാര്യം ചെയ്യുന്നുവെന്നുള്ളതു് ഗവർണ്ണരുടെ പ്രസംഗത്തിൽ കാണാവുന്നതാണു്. നമ്മുടെ രാജ്യത്തു് ഏറ്റവും പ്രധാനമായ ഒരു കാര്യമാണു് ഇവിടത്തെ വിദ്യാഭ്യാസ കാര്യം. നമ്മുടെ രാജ്യത്തെ ഏറ്റവും നിസ്സാരനായ ഒരാളെപ്പോലും അതു ബാധിക്കുന്നുവെന്നുള്ളതു് ഒരു വസ്തുതയാണു്. അത്രയും കാര്യമായ ഇവിടത്തെ വിദ്യാഭ്യാസ പരിഷ്കരണത്തെപ്പറ്റി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചില സൂചനകളും നൽകിയിട്ടുണ്ടു്.

ശ്രീ. എൻ. ഈ. ബലറാം : ഇവിടത്തെ ഇന്നത്തെ ഏറ്റവും വലിയ കാര്യം വിദ്യാഭ്യാസകാര്യങ്ങളോ, അതോ ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റകാര്യമോ !

ശ്രീ. കെ. എം. ജോർജ്ജു് : വിലക്കയറ്റം തടയുന്ന കാര്യം പ്രധാനപ്പെട്ട ഒന്നാണെങ്കിലും വിദ്യാഭ്യാസകാര്യം അതിലും പ്രധാനപ്പെട്ട ഒന്നാണു്. മനുഷ്യർ അപ്പംകൊണ്ടു മാത്രമല്ലാ ജീവിക്കുന്നതു്. മനുഷ്യനു് ബുദ്ധിപരമായും സാംസ്കാരികമായും ഉള്ള നേട്ടമില്ലാതെ വയറുമാത്രം നിറഞ്ഞതുകൊണ്ടു് കാര്യമില്ലെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. വേണ്ടുവോളം ഭക്ഷണം കഴിച്ചു വയറുനിറയ്ക്കണം എന്ന വേദാന്തത്തിൽമാത്രം വിശ്വസിക്കുന്നവർക്കു് വിലക്കയറ്റം ഒരു പ്രധാന കാര്യമാണു്. ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റം ഉണ്ടായാൽ അതിനെ നിയന്ത്രിക്കുകയും പ്രത്യേകിച്ചു അദ്ധ്വാനിക്കുന്നവർക്കു് കുറുങ്ങിയ വിലയ്ക്കു ഭക്ഷണസാധനങ്ങളും കൊടുക്കുകയും അതിനു വേണ്ടതൊക്കെ ചെയ്യുകയും ചെയ്യേണ്ടതു് ഒരു പ്രധാനകാര്യമാണു്. അങ്ങനെ ചെയ്യണമെന്നു് എനിക്കും ആഗ്രഹമുണ്ടു്. വിലക്കയറ്റം തടയുന്നതിനു ആവശ്യമായ നടപടികളും എടുക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട ഗവർണ്ണരുടെ പ്രസംഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. അതേപ്പറ്റി ഗവർണ്ണർ ഒന്നും പറഞ്ഞിട്ടില്ലെന്നു പറഞ്ഞതുകൊണ്ടു് ഞാനിതു പ്രത്യേകം എടുത്തു പറയുകയാണു്. അപ്പോൾ വിദ്യാഭ്യാസകാര്യം നമ്മുടെ സംസ്ഥാനത്തു് ഏറ്റവും പ്രധാനമായ ഒരു കാര്യമാണു്. പഞ്ചവത്സരപദ്ധതിക്കു് ആത്മാവുണ്ടാകണമെങ്കിൽ വിദ്യാഭ്യാസത്തിനു് പ്രാധാന്യം കൊടുക്കേണ്ടതാവശ്യമാണെന്നു നമ്മുടെ പ്രധാനമന്ത്രി പറഞ്ഞിട്ടുണ്ടു്. ഇവിടത്തെ വിദ്യാഭ്യാസ പരിഷ്കരണംകൊണ്ടു് ഉണ്ടായ കുഴപ്പങ്ങളെപ്പറ്റി ശ്രീമാൻ രാമുണ്ണിക്കുറുപ്പു് ഇവിടെ പറഞ്ഞു. പല കേസ്സുകളും അദ്ദേഹം എടുത്തു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ തോന്നുക ആ കുഴപ്പങ്ങളെല്ലാം ഉണ്ടായതു് ഈ ഗവണ്മെന്റു ചെയ്ത കുറ്റംകൊണ്ടാണെന്നാണു്. 1960-നു മുമ്പാണു് വിദ്യാഭ്യാസസംബന്ധമായി വലിയ കുഴപ്പങ്ങളും ഉണ്ടായിട്ടുള്ളതു് എന്ന വസ്തുത പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. വിദ്യാഭ്യാസരംഗത്തു് പല പരിഷ്കാരങ്ങളും വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. പരിഷ്കാരങ്ങളും വരുത്തിയതിന്റെ ഫലമായി തകരാറുകളും ഉണ്ടായിട്ടുണ്ടെന്നുള്ളതിന്റെ പേരിൽ പരിഷ്കാരം വരുത്താതിരിക്കുകയാണോ വേണ്ടതെന്നു ഞാൻ ചോദിക്കുകയാണു്. വിദ്യാഭ്യാസരംഗത്തു് ഇന്നുള്ള പോരായ്മകളും തീർത്തു് ആ രംഗത്താവശ്യമായ പരിഷ്കാരം ഉണ്ടാക്കേണ്ടതാവശ്യമാണു്. അതേപ്പറ്റി ആലോചിച്ചു് തീരുമാനിക്കുന്നതിനു് കാലതാമസം വരുത്തുന്നതു് ഈ സംസ്ഥാനത്തെ ഭാവിപൗരന്മാരോടു് ചെയ്യുന്ന ഒരു നീതിയാണോ എന്നാലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്] :

ക്രാഫ്റ്റ് അദ്ധ്യാപനത്തിന്റെ കാര്യത്തിലായാലും, സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും, യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ഇന്നത്തെ സമ്പ്രദായത്തിൽ ഒരു പരിവർത്തനം വരേണ്ടതു് അത്യാവശ്യമാണു്. ഈ കാര്യത്തിൽ വിമർശനങ്ങളെ ഭയപ്പെടാതെ, ഈ രാജ്യത്തിന്റെ ഉത്തമതാൽപര്യങ്ങളെ മറക്കാതെ ധീരമായി മുന്നോട്ടു ഈ ഗവണ്മെന്റു കാലുവച്ചു കാണുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ക്രാഫ്റ്റ് അദ്ധ്യാപനത്തിനും മറ്റു സാങ്കേതിക വിദ്യാഭ്യാസത്തിനും ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കണം, നമ്മുടെ പഞ്ചവത്സര പദ്ധതികളുടെ വിജയത്തിനു് സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ ധാരാളം ആവശ്യമായതുകൊണ്ടു് ഇങ്ങനെയുള്ള ആളുകളെ ഉണ്ടാക്കുന്നതിനു വേണ്ടതൊക്കെ ചെയ്യേണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അതുപോലെതന്നെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുവാനും ഗവണ്മെന്റു ആഗ്രഹിക്കുന്നുണ്ടു്. ഗവണ്മെന്റു ഇപ്പോഴും എടുത്തിട്ടുള്ള നടപടികൊണ്ടു് തൃപ്തിപ്പെടണമെന്നല്ലാ ഞാൻ പറയുന്നതു്. നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്കും, സ്വന്തമായി നെല്ലില്ലാത്തവർക്കും എന്നുവേണ്ടാ ഒരു നിശ്ചിത വരുമാനമുള്ള എല്ലാവർക്കുംതന്നെ ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റംമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ടു്. ഏതെല്ലാംവിധത്തിൽ വിലക്കയറ്റം തടയാമെന്നുള്ളതിനെക്കുറിച്ചു ഗവണ്മെന്റു ആലോചിക്കേണ്ടതാണു്. അദ്ധ്യാപകന്മാർക്കു് അവർതന്നെ നടത്തുന്ന പ്രൊവിഷൻ സ്റ്റോർവഴി ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചാൽ ഉപകാരമായിരിക്കും, അങ്ങനെ ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

വ്യാവസായിക കാര്യത്തിൽ വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു നില നാം സ്വീകരിക്കണം. വലിയ ഇനം വ്യവസായങ്ങളും ഇടത്തരം വ്യവസായങ്ങളും ഉണ്ടാകുന്നതിനു് ഇപ്പോഴുള്ള അന്തരീക്ഷംപോലെ മുൻപു് ഇവിടെ ഉണ്ടായിട്ടില്ലാ എന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. ഇത്രധാരാളം വിദ്യുച്ഛക്തിയുള്ള ഈ രാജ്യത്തു് വിദ്യുച്ഛക്തി കട്ടു ചെയ്യേണ്ടതായി വരുമെന്നു നമ്മളാരും വിചാരിച്ചിരിക്കുകയില്ല, നാലഞ്ചുകൊല്ലങ്ങൾക്കു മുൻപു ഇടുക്കി പദ്ധതിക്കു് മുൻഗണന കൊടുത്തു പ്രവർത്തിക്കണമെന്നു ഞങ്ങൾ ഇവിടെ പറഞ്ഞ അവസരത്തിൽ ഞങ്ങളെ എല്ലാവരും അതിനു ആക്ഷേപിച്ചിരുന്നു. മുൻകാലങ്ങളിൽ നാം ചെയ്യാതെപോയ ചില കാര്യങ്ങളിൽ നാമിന്നു ബുദ്ധിമുട്ടുകയാണു ചെയ്യുന്നതു്. ഏതായാലും വ്യവസായീകരണംസംബന്ധിച്ചും, കാർഷിക പരിഷ്കരണംസംബന്ധിച്ചും വളരെ പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതായിട്ടാണു് ഗവർണ്ണരുടെ പ്രസംഗത്തിൽ കാണുന്നതു്. മാഡം, ഈ നിയമസഭയിൽ എല്ലാവർക്കും അറിയാവുന്നതുപോലെ ഇന്നു മുന്നു് കുതിരശക്തിയുള്ള ജലസേചന യന്ത്രത്തിനു പോലും ഇലക്ട്രിസിറ്റി കൊടുക്കുവാൻ നിവൃത്തിയില്ല. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ നാമിന്നു മദിരാശിയെ ആശ്രയിക്കേണ്ടിവന്നിരിക്കുകയാണു്. അന്നു ധൈര്യപൂർവ്വം ഒരു തീരുമാനമെടുത്തു് ഇടുക്കി പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിരുന്നുവെങ്കിൽ ഈ ദുസ്ഥിതിക്കു് പരിഹാരം ഉണ്ടാകുമായിരുന്നു. ഇടുക്കി, കുറ്റ്യാടി പ്രോജക്റ്റുകളുടെ പ്രവർത്തനംമൂലം ഈ രാജ്യത്തിന്റെ പുരോഗതിയിലേക്കുള്ള പാത തുറക്കണമെന്നുള്ളതുകൊണ്ടു് അതു് സ്വാഗതം ചെയ്യേണ്ടതാണു്. അതോടൊപ്പം ചെലവുചുരുക്കൽ വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണു്. എല്ലാ ബഡ്ജറ്റു സമ്മേളനങ്ങളിലും ഈ പ്രശ്നം ഉന്നയിക്കുക സാധാരണമാണു്. ഈ ഗവണ്മെന്റു ധീരമായ ഒരു നിലപാടു് ഈ കാര്യത്തിൽ എടുത്തിട്ടുണ്ടു്. 9 ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം, സ്പെഷ്യലാഫീസർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെന്നുകാണുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം റിപ്പോർട്ടു സമർപ്പിക്കുന്നതിനു എന്തുകൊണ്ടാണു് താമസം നേരിടുന്നതെന്നു് അറിഞ്ഞുകൂടാ. പഠനം പൂർത്തിയാകാത്തതുകൊണ്ടായിരിക്കാം. ഏതായാലും ഏറ്റവും വേഗം ആ റിപ്പോർട്ടു വരുത്തി ചെലവുചുരുക്കൽ നടപടി നടപ്പിലാക്കേണ്ടതുണ്ടു്. നമ്മെ സംബന്ധിച്ചിടത്തോളം, ഒരു നയാപൈസപോലും ദുർച്ചെലവുചെയ്യാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയാണുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

റോഡ് ട്രാൻസ്പോർട്ടിന്റെ കാര്യമാണെങ്കിൽ അതു് നമ്മുടെ ആളുകളെ വളരെയധികം സ്പർശിക്കുന്ന ഒരു പ്രശ്നമാണു്. അതൊരു കഴഞ്ഞ നിലവാരത്തിൽ എത്തിയിരിക്കുകയാണു്. റോഡ് ട്രാൻസ്പോർട്ട് സഹകാര്യമേഖലയേയും സ്പർശിക്കുന്ന ഒന്നാണു്. ട്രാൻസ്പോർട്ട തൊഴിലാളികളും പ്രൈവറ്റു തൊഴിലാളികളും പ്രയാസം അനുഭവിക്കുന്നുണ്ടു്. പൊതുജനങ്ങൾക്കും വിഷമമുണ്ടു്. ഒരു വിദഗ്ദ്ധകമ്മിറ്റിയെ ഈ കാര്യത്തിനു് വച്ചിട്ടുണ്ടു്. അവരുടെ റിപ്പോർട്ട കിട്ടിയെന്നാണു മനസ്സിലാക്കുന്നതു്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വലിയ ആദായമില്ലെങ്കിലും നടത്തിക്കൊണ്ടുപോകാൻ പബ്ലിക് സെക്ടറിനും പ്രൈവറ്റു സെക്ടറിനും സാധിക്കത്തക്ക ധീരമായ ഒരു നിലപാടു് സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അടുത്തതായി, അഴിമതിയുടെ കാര്യമാണു് പറയുവാനുള്ളതു്, ഇതു് കേരളത്തിൽ മാത്രമുള്ള കാര്യമല്ല. ഒരു വിജിലൻസ് ആഫീസറുടെ നിയമനകാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടെന്നുകാണുന്നതിൽ സന്തോഷമുണ്ടു്. കൂടുതൽ തന്റേടത്തോടുകൂടിയും നിഷ്പക്ഷമായും പ്രവത്തിക്കുന്ന ഒരു ആഫീസർ ഉണ്ടാകുമെന്നാണു ഞാൻ ആഗ്രഹിക്കുന്നതു്. ആരുടെയെല്ലാം കാര്യം ഉംപ്പെടുത്തണമൊ അതെല്ലാം ഉംപ്പെടുത്തി ഏറ്റവും വേഗം നമ്മുടെ സംസ്ഥാനത്തെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും, എല്ലാവക്കും നീതികിട്ടുന്നതിനും ഉന്നതമായ സാന്മാർഗ്ഗിക നിലവാരം പുലർത്തുന്നതിനും, സാധിക്കത്തക്ക ഒരു പരിഷ്കാരം ഉണ്ടാകണമെന്നാണു് ഞാൻ അഭ്യത്ഥിക്കുന്നതു്. ഈ രീതിയിൽ ഈ പ്രസംഗത്തെ വിലയിരുത്തുമ്പോഴും, പ്രതിപക്ഷത്തുനിന്നും ഉണ്ടായ ആക്ഷേപങ്ങളും യാഥാത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതാണോയെന്നു ചിന്തിക്കണം. മുസ്ലീംലീഗ് പാർട്ടിയിലെ ശ്രീ. കരിക്കും പറയുകയുണ്ടായി, മാവൂരിൽ പല സൗജന്യങ്ങളും നൽകി ബർളാ കമ്പനിക്കു ഒരു വ്യവസായത്തിനു അനുമതി കൊടുത്തുയെന്നും. അങ്ങനെയൊക്കെ സൗജന്യങ്ങളും ഉണ്ടായിട്ടും അവിടെയുള്ള ഒരാറിലെ വെള്ളം ഉപയോഗിക്കുവാൻകൊള്ളാത്തതാക്കിയെന്നും പറയുകയുണ്ടായി. ബർളാ കമ്പനിക്കു് ആ ആനുകൂല്യങ്ങളും കൊടുത്തതു് ഈ സക്കാരല്ല. ഇതിനുമുമ്പു ഉണ്ടായ കരാറിന്റെ അടിസ്ഥാനത്തിൻ ഈ ഗവണ്മെൻറിനേയും ബാധിക്കുന്നു എന്നു മാത്രമെയുള്ള. നമ്മുടെ രാജ്യത്തു വ്യവസായം കൊണ്ടുവരണമെന്നുള്ള ആഗ്രഹത്തിൽ അന്നത്തെ ഗവണ്മെൻറു് ചില സൗജന്യങ്ങളും അനുവദിക്കുകയാണു് ചെയ്തിട്ടുള്ളതു്. ആറിലെ വെള്ളം മലീമസമാകുന്നുണ്ടെങ്കിൽ, അതിനു പരിഹാരമുർഗ്ഗം ഉണ്ടാക്കുകയെന്നല്ലാതെ ഗവണ്മെൻറ് നടത്തിയ ഈ പ്രസംഗത്തെ കുറ്റപ്പെടുത്തുന്നതു് ശരിയാണോയെന്നു് ആലോചിക്കണമെന്നു് ഞാനദ്ദേഹത്തോടപേക്ഷിക്കുന്നു. അടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിൽ മുന്നോട്ടുപോകുന്നതിനു ഇന്നു് വിഭാവനം ചെയ്തിട്ടുള്ളതും ഗവർണർ പ്രഖ്യാപിച്ചിട്ടുള്ളതുമായ കാര്യങ്ങളെപ്പറ്റി യാഥാത്ഥ്യത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കണമെന്നു മാത്രമാണു് എനിക്കു അഭ്യത്ഥിക്കുവാനുള്ളതു്. ഞാൻ എന്റെ വാക്കുകളം അവസാനിപ്പിക്കുകയാണു് യാഥാത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ കഴിയുന്ന ഭരണപരമായ നടപടിയുടെ അടിസ്ഥാനത്തിൽ ഉള്ള ഒരു പൂണ്ടുപലകയാണു് ഗവർണറുടെ പ്രസംഗമെന്നു അപ്പുറത്തുള്ള നിഷ്പക്ഷബുദ്ധികളം മനസ്സിലാക്കുമെന്നതു തന്നെയാണു് എന്റെ വിശ്വാസം. ആ നിലയിൽ ശ്രീ. വിശ്വനാഥൻ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങുന്നു.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഞാൻ നന്ദി പ്രമേയത്തെ എതിർക്കയാണു്. ഈ രാജ്യത്തു പാലും തേനും ഒഴുക്കിയില്ലെങ്കിലും അഴിമതിയില്ലാത്ത ഒരു ഭരണം നടന്നു കാണാനാണു് ജനങ്ങളം ആഗ്രഹിക്കുന്നതു്. കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്തെല്ലാം തന്നെ ഈ രാജ്യത്തെ നിയമവാഴ്ച അപകടപ്പെട്ടിരിക്കുന്നതായി വൈക്കോടതിയുടെ ചില റെഫറൻസുപോലും ഈ നിയമസഭയിൽ ഉദ്ധരിച്ചിട്ടുണ്ടു്. സ്വന്തം താൽപര്യത്തിനു വേണ്ടി, സ്വന്തം കക്ഷിതാല്പര്യത്തിനു വേണ്ടി അങ്ങനെ പലതിനുംവേണ്ടി നമ്മുടെ രാജ്യത്തിന്റെ ഭരണയന്ത്രത്തെത്തന്നെ ദുരുപയോഗപ്പെടുത്തുന്നുവെന്നുള്ള ആരോപണം ഈ നിയമസഭയിൽ ഉയന്നുവന്നിട്ടുണ്ടു്. അതിനെല്ലാം ശേഷം കപ്രസിദ്ധമായ നിരവധി ആരോപണങ്ങളും നമ്മുടെ മന്ത്രിസഭയിലെ പ്രമുഖനായ ഒരു വ്യക്തിയെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

സംബന്ധിച്ച് ഉയർന്നു വന്നിട്ടുണ്ട്, ഇതൊക്കെ കണ്ടും കേട്ടും ഇരുന്ന ഈ നാട്ടിലെ ആളുകൾ ഈ രാജ്യത്തിന്റെ രോമകൂപങ്ങളിൽ പടർന്നുകഴിഞ്ഞിട്ടുള്ള താഴിമതിയെ നിവാരണം ചെയ്യുന്നതിനു എന്തു നയമാണു ഗവർണ്ണരുടെ പ്രഖ്യാപനത്തിൽ വരുന്നതെന്നു് കാത്തിരിക്കുകയായിരുന്നു. ഈ പ്രസംഗത്തിന്റെ 43-ാമത്തെ ഖണ്ഡികയിൽ ബഹുമാനപ്പെട്ട ഗവർണർ ഇങ്ങനെ പറയുന്നുണ്ടു്. 'ഇൻഡ്യഗവണ്മെന്റു് അതിന്റെ ദൈനംദിനപ്രവർത്തനത്തിൽ ഗവണ്മെന്റിൽനിന്നും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു കേന്ദ്ര വിജിലൻസു് കമ്മീഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. അതു പോലുള്ള ഒരു കമ്മീഷൻ ഈ സംസ്ഥാനത്തും ഏർപ്പെടുത്തണമോയെന്ന പ്രശ്നം സംബന്ധിച്ചു് എന്റെ ഗവണ്മെന്റു് വളരെ കാര്യമായി ആലോചിച്ചു വരികയാണു്.'' അങ്ങനെയൊന്നു് ഈ രാജ്യത്തു് വേണമൊ വേണ്ടയൊ എന്നു് ആലോചിച്ചു വരികയാണു്. ആലോചിക്കാനേ ഈ ഗവണ്മെന്റിനു കഴിയൂ എന്നാണു് എന്റെ അഭിപ്രായം. നിശ്ചയമായും ഈ നയം നടപ്പിലാക്കാൻ ഉദ്ദേശിച്ചാണു് ഇതിൽ പറഞ്ഞിട്ടുള്ളതെങ്കിൽ അഴിമതി, സ്വജനപക്ഷപാതം, ഭരണയന്ത്രത്തിന്റെ കൈകടത്തൽ അങ്ങനെ എല്ലാം കുറ്റമായി നിരവധി. ആരോപണങ്ങളുടെ മുമ്പിൽ മറുപടിയില്ലാതെ നിൽക്കുന്ന നിയമവകുപ്പുമന്ത്രിയെ നമ്മുടെ രാജ്യത്തെ അഴിമതി നിരോധന വകുപ്പുമന്ത്രിയെ ഡിസ്മിസു് ചെയ്തുകൊണ്ടുള്ള ഒരു പ്രഖ്യാപനത്തിന്റെ പിന്നാലെമാത്രമേ ഇതു പറയാൻ പാടുണ്ടായിരുന്നുള്ളു. അല്ലാതെ ഇതു പറയുന്നതിന്റെ അർത്ഥം, 'ക്ലിയോപാട്രാ ശീലാവതി ചമയുന്നതുപോലെ' കഴമ്പില്ലാത്തതാണു്. ഈ അസംബ്ലി ആദ്യമായി തുടങ്ങിയതുതന്നെ, നമ്മുടെ രാജ്യത്തു് വളരെ അധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ള പീച്ചി സംഭവമുമായിട്ടാണു്. 22 മിനിട്ടോളം അതു സംബന്ധിച്ചുള്ള വാദപ്രതിവാദം ഇവിടെ നടന്നു. അതുകൊണ്ടുമാത്രം ആ സംഭവം ഈ രാജ്യത്തെ ജനങ്ങളുടെ മനസ്സിൽ എത്രമാത്രം ആഴത്തിൽ പതിഞ്ഞിട്ടുണ്ടെന്നു എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും. അതു സംബന്ധിച്ചു് ഒരു എൻക്വയറി നടത്തണമെന്നു വിവിധ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെട്ടു. ഈ മന്ത്രി ഈ മന്ത്രിസഭയിൽ ഉണ്ടായിരിക്കുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം പല കോണിൽനിന്നും വന്നു. അങ്ങനെ വളരെ ശക്തിമത്തായ ആക്ഷേപം പ്രതിപക്ഷ പാർട്ടികളിൽനിന്നുമാത്രമല്ല, ഭരണകക്ഷിയിൽനിന്നുതന്നെ ഉയർന്നുവന്നിട്ടുണ്ടു്. ഈ നടുക്കുപ്രമേയത്തിനു അനുകൂലമായി വോട്ടു ചെയ്യാൻ പോകുന്ന അങ്ങേവശത്തിരിക്കുന്ന ശ്രീ. കൂറൂർ നമ്പൂതിരിപ്പാടു് കോൺഗ്രസ്സിന്റെ മുഖപ്പത്രമെന്നറിയപ്പെടുന്ന മാതൃഭൂമിപ്പത്രത്തിൽ രണ്ടാമതും ഈ കാര്യം ഉന്നയിച്ചിരുന്നു. കെ. പി. സി. സി. പ്രസിഡൻറു് ഇതു സംബന്ധിച്ചു് രഹസ്യമായി നിർദ്ദേശം കൊടുത്തതായി പത്രവാർത്ത കാണുന്നു. ഈ സംഭവത്തിന്റെ വിവിധ വശങ്ങളിലേക്കു് ഞാൻ കടക്കുന്നതിനുമുമ്പു് ഇത്രയധികം അപഹാസ്യമായ ഈ കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രിക്കു് ഒന്നും പറയാനില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്. അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ പ്രമുഖനായ ഒരംഗത്തെക്കുറിച്ചു് വളരെയധികം ആക്ഷേപങ്ങൾ വന്നിട്ടും 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല' എന്നുള്ള മട്ടിൽ ഒരു മൗനവ്രതം അവലംബിച്ചിരിക്കുകയാണു്.

ഈ രാജ്യത്തെ ജനങ്ങളുടെ മനോവിചാരങ്ങളും മനസ്സിലാക്കി അതിനാവശ്യമായ നടപടിയെടുക്കാൻ അദ്ദേഹം തയാറുണ്ടോ? ഈ സംഭവത്തിന്റെ ചില വശങ്ങളിലേക്കു ഞാൻ കടക്കുകയാണു്. ഇന്നത്തെ ചോദ്യോത്തര സമയത്തു് കാറോടിച്ചിരുന്നതു് പി. ടി. ചാക്കോയാണെന്നു ഉത്തരം പറയുകയുണ്ടായി. പി. ടി. ചാക്കൊ കാറോടിച്ചാലൊ ആക്സിഡൻറുണ്ടാക്കിയാലൊ ഈ നിയമസഭയ്ക്കു് ഒരു പ്രശ്നമല്ല. ജനങ്ങൾക്കും അതൊരു പ്രശ്നമല്ല. ഈ രാജ്യത്തെ നിയമവകുപ്പുമന്ത്രി നിയമവിരുദ്ധമായ നടപടിയാണു ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തെ അഴിമതി നിരോധനവകുപ്പുമന്ത്രി അഴിമതി കാണിച്ചു എന്നുള്ളതാണു് കേസു്. പീച്ചി സംഭവത്തിന്റെ ഒരു ഭാഗമെടുക്കാം. ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി കഴിഞ്ഞശേഷം, അതു പുതുക്കാതെ കാറോടിക്കുന്നതു് ഒരു നിയമവകുപ്പുമന്ത്രിക്കു് ചെയ്യാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

78588

താണോ ? ഇതു് നിയമത്തിന്റെ മനസ്സിലുള്ള ഒരു വെല്ലുവിളിയല്ലേ ? നിയമം അറിഞ്ഞുകൂടാത്തവർ ചെയ്യുന്നു എന്നു പറഞ്ഞാൽ മനസ്സിലാക്കാം. വൺവേ ട്രാഫിക്കു് നിയമം ഉണ്ടായിരുന്നതു് ഈ നിയമവകുപ്പുമന്ത്രി ലംഘിച്ചില്ലേ ? ട്രാഫിക് നിയമം അനുസരിച്ചു് ആക്സിഡന്റുണ്ടാകുന്ന സ്ഥലത്തുതന്നെ പൊസിഷൻ മാറാതെ കാറിടുകയാണു വേണ്ടതു്. അതുചെയ്യാതെ അവിടെ നിന്നും കാർ ഓടിച്ചുകൊണ്ടു പോവുകയാണു ചെയ്തതു്. ഇതൊക്കെ നിയമ വകുപ്പുമന്ത്രി ചെയ്തതുകൊണ്ടാണു ഗൗരവതരമാകുന്നതു്. അല്ലാതെ പുല്ലൂട്ടിൽ ചാക്കോ എന്ന നിലയിൽ ചെയ്തതായിരുന്നെങ്കിൽ വലിയ കുറ്റമൊന്നുമില്ല. ഇതിൽനിന്നും രക്ഷപ്പെടാൻവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടറെക്കൊണ്ടു് ഒരു പ്രസ്താവന ഇറക്കിച്ചു. കളക്ടറെക്കൊണ്ടു് ഇതു ചെയ്യിച്ചതു് അവനു വകുപ്പുമന്ത്രിയാണു്. ഡി. എസ്. പി. യെക്കൊണ്ടു് ഇതിനെ മറയ്ക്കാനുള്ള നടപടികളും സ്വീകരിപ്പിക്കുന്നതു് പോലീസു വകുപ്പുമന്ത്രിയെന്ന നിലയിലാണു്. അദ്ദേഹം ഒരു സാമൂഹ്യസഹപ്രവർത്തകയുമായിട്ടാണു പോയതെന്നും അതിൽ സംശയാസ്പദമായി യാതൊന്നുമില്ലെന്നും പറയുകയുണ്ടായി. ശ്രീ. പി. ടി. ചാക്കോ ഉൾപ്പെടെയുള്ള പല നേതാക്കന്മാരും 1958—'59-ൽ നടത്തിയിട്ടുള്ള പ്രസംഗങ്ങളും ഞാനോർക്കുന്നു. അന്നു് മന്ത്രിയായിരുന്ന ശ്രീ. ചാത്തൻ ഒരു മൈമൂൺ ബീവിയുമായി ആലുവായിൽ നിന്നും തിരുവനന്തപുരത്തേക്കു യാത്ര തിരിച്ചു. ഒരു സ്ത്രീയുമൊന്നിച്ചു് യാത്രചെയ്യുന്നതു് തെറ്റല്ലെങ്കിലും സംശയകരമായ സാഹചര്യങ്ങളിൽ അങ്ങനെ സഞ്ചരിച്ചാൽ, ഉത്തരവാദിത്വമുള്ള ആളുകളും രാജിവയ്ക്കണമെന്നു് അന്നു് പ്രസംഗിച്ചിട്ടുണ്ടു്. ശ്രീ. ചാത്തൻ സഞ്ചരിച്ചപ്പോൾ അന്നു കാറോടിച്ചിരുന്നതു് അദ്ദേഹത്തിന്റെ ഡ്രൈവർ ആയിരുന്നു. ആ കാറിൽത്തന്നെ അദ്ദേഹത്തിന്റെ പ്രൈവറ്റു സെക്രട്ടറിയും പേഴ്സണൽ ക്ലാർക്കും ഉണ്ടായിരുന്നു. അദ്ദേഹം കാർ ഓടിച്ചുപോയതു് തിരുവനന്തപുരത്തുള്ള അദ്ദേഹത്തിന്റെ വസതിയിലേക്കാണു്. ഇപ്പോൾ കാറോടിച്ചിരുന്നതു് ആഭ്യന്തര വകുപ്പുമന്ത്രിതന്നെയാണു്. ആ കാറിന്റെ ഇടതുവശത്തുണ്ടായിരുന്നതു് സംശയത്തിനു് ഇടയാക്കുന്ന ഒരു സ്ത്രീയാണു്. ആ കാർ ഓടിച്ചുപോയതു് താൻ ഭാര്യാസമേതം താമസിക്കുന്ന വീട്ടിലേക്കല്ല : മറിച്ചു്, പീച്ചി ഹൗസിലേക്കാണു്. പീച്ചിഹൗസിൽ. ''ശ്രീനിവാസൻ, അഡ്വക്കേറ്റു'' എന്നുള്ള പേരിലാണു് റൂം ബുക്കു ചെയ്തിരുന്നതു്. കാർ എന്തുകൊണ്ടു് സംഭവസ്ഥലത്തു നിർത്തിയില്ല ? കള്ളപ്പേരു കൊടുത്തു റൂം റിസർവ്വു് ചെയ്യണമെങ്കിൽ നിശ്ചയമായും വ്യാജച്ചരക്കായിരിക്കേണ്ടേ ? സാമൂഹ്യപ്രവർത്തകയാണു ഉണ്ടായിരുന്നതെങ്കിൽ എന്തിനു പലതും മറയ്ക്കണം. അവരെ തിരിച്ചയച്ചശേഷം ഭാര്യയെ വരുത്തി അവരുമായിട്ടാണു പോയതെന്നു വരുത്താൻ ഒരു ശ്രമം നടത്തി. സഹപ്രവർത്തകയാണു കൂടെയുണ്ടായിരുന്നതെന്നു് ഇവിടെ പറഞ്ഞു. അങ്ങനെയല്ലെന്നാണു് എന്റെ അഭിപ്രായം. എന്റെ അഭിപ്രായമല്ല, ജനങ്ങളുടെ ഇടയിൽ ഉയർന്നു നിൽക്കുന്ന അഭിപ്രായം അതാണു്. ശ്രീ. ചാക്കോയ്ക്കുവേണ്ടി ആത്മബലി അർപ്പിക്കാൻ ശ്രീമതി പത്മാമേനോൻ തയാറായി. ഒരുപക്ഷേ കോഴയൊ മറ്റുവല്ലതുമോ ആയിരിക്കാം ഇതിനു പ്രേരിപ്പിച്ചതു്. ഈ സംഭവത്തെ സംബന്ധിച്ചു് വന്നിട്ടുള്ള വിവിധ കാര്യങ്ങളും ഇവിടെ ഉദ്ധരിക്കുന്നില്ല. എങ്കിലും, ഈ രാജ്യത്തെ പോലീസു് ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥയാണു" കൂടെ ഉണ്ടായിരുന്നതെന്നു വളരെ ശക്തിയുള്ള അഭിപ്രായം പറഞ്ഞുകൊള്ളുന്നുണ്ടു്.

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി</u> : പോലീസു് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥ എന്നു പറഞ്ഞു. ഉദ്യോഗസ്ഥയാണോ, ഉദ്യോഗസ്ഥന്റെ ഭാര്യയാണോ ?

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പു്</u> : പോലീസു് ഉദ്യോഗസ്ഥന്റെ ഭാര്യ എന്നൊരു Version ഉണ്ടു്. അതേസമയത്തു്, പോലീസു് ഉദ്യോഗസ്ഥ എന്നൊരു വേർഷനുമുണ്ടു്. ഇതിനകത്തു് നാടകങ്ങളും ഒന്നല്ല, 50 ഓളം ഉണ്ടു്. അതുകൊണ്ടാണു് പറയുന്നതു്, അതു സംബന്ധിച്ചുള്ള സംശയങ്ങളും അവസാനിപ്പിക്കുന്നതിനു ഒരു പരസ്യാന്വേഷണം നടത്തി ശ്രീമതി പത്മാമേനോനെ രക്ഷിക്കണം എന്നു്. ഈ പത്മം എസ്. മേനോന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

ഇങ്ങനെ കോഴപറഞ്ഞുകൊണ്ട് സ്വയം ആത്മബലി അർപ്പിക്കുകയായിരുന്നോ എന്നാണ് എനിക്ക സംശയം. കാറിൽപോയതു് ഒരു പോലീസുദ്യോഗസ്ഥയാണെന്ന ഇപ്പോഴും കേൾക്കുന്നു. അതിൽ യാതൊരു ചീത്തത്തരവുമില്ലെന്നാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അഭിപ്രായം. പീച്ചി സംഭവത്തിനു ശേഷം കഴിഞ്ഞ ഒരു മാസത്തിനകത്തു പ്രസിദ്ധീകരിച്ചിട്ടുള്ള പല വിനോദ മാസികകളും നോക്കിയാൽ, അതിനകത്തു വന്നിട്ടുള്ള വിനോദചിത്രങ്ങളും ഒന്നു നോക്കുകയാണെങ്കിൽ നമുക്ക കാണാൻ കഴിയും. അശ്ലീലവിരോധിയായ ശ്രീ. പി. ടി. ചാക്കോ അതു കണ്ടിട്ടുണ്ടോ ? അങ്ങു്, തൃശ്ശൂർ നാഷണൽ ബുക്കസ്റ്റാളിൽ അലമാരകൾക്കകത്തു അടുക്കിവച്ചിരിക്കുന്ന പുസ്തകങ്ങളുടെ അകത്തു അശ്ലീലമുണ്ടോ എന്നു പോലീസുദ്യോഗസ്ഥന്മാരെക്കൊണ്ടു അവിടെ അയച്ചുപരിശോധിപ്പിച്ചല്ലോ. അങ്ങനെ പരിശോധിപ്പിച്ച ആഭ്യന്തരമന്ത്രി ആ വിനോദമാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പടങ്ങളും കണ്ടിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. ഇപ്പോഴും അതിൽ ഒന്നുരണ്ടെണ്ണംമാത്രം ഇവിടെ എടുത്തു കാണിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : അതൊക്കെ സംസ്കാരസമ്പന്നമാണല്ലോ.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, ഒരു ചിത്രം ഇതാണു് [കാണിക്കുന്നു] പോലീസുമന്ത്രി ശ്രീ. ചാക്കോ എന്ന അഴകിയ രാവണന്റെ മുമ്പിൽ രംഭാപ്രവേശം നടത്തുന്ന കാര്യമാണു് ഈ ചിത്രം. മറൊരു ചിത്രം ഒരു യുവതി നഗ്നയായിട്ടു നിൽക്കുന്നു. പോലീസുമന്ത്രി ചാക്കോ അവരെ പോലീസിൽ റിക്രൂട്ടു ചെയ്യാൻ അവരുടെ ജഘനപ്രദേശം അളക്കുന്നു. അവിടെ മന്ത്രി നഗ്നനായി നിൽക്കുന്ന ചിത്രമാണു്. ഇതു് ഒന്നും അശ്ലീലമല്ലേ ? എന്തുകൊണ്ടു് മി. ചാക്കോ ഇങ്ങനെയുള്ള അശ്ലീലചിത്രങ്ങളും പ്രസിദ്ധീകരിച്ചതിനു അവരുടെ പേരിൽ നടപടി നടത്തുവാൻ പറഞ്ഞില്ല. ഈ മാസികകളും നിരോധിക്കുവാൻ ഇതുവരെ പറഞ്ഞില്ല. പതിനായിരം പതിനയ്യായിരം കണക്കിനു ഈ മാസികകളുടെ പ്രതികളും ദോശചുട്ട വിറ്റഴിക്കുന്നതുപോലെ വിറ്റഴിച്ചിട്ടു എന്തുകൊണ്ടു നടപടി എടുത്തില്ല എന്നുള്ളതാണു് ഞാൻ ചോദിക്കുന്നതു്. ശ്രീ. കേശവദേവു് എഴുതിയ ഒരു പുസ്തകത്തിൽ കഥാനായകൻ വിവാഹം കഴിഞ്ഞ ആദ്യരാത്രിയിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ കൈ താമരത്തണ്ടുപോലെ അദ്ദേഹത്തിന്റെ നെഞ്ചിൽ പതിച്ചു എന്നു എഴുതിയിരുന്നതു അശ്ലീലമാണു് എന്നു പറഞ്ഞുകൊണ്ടു ഈ നിയമസഭയിൽത്തന്നെ അതു പൂണ്ടിക്കാണിച്ച ശ്രീമാൻ കെ. എം. ജോർജ്ജ് ഈ വിധത്തിലുള്ള ചിത്രങ്ങളേപ്പറ്റി എന്തു പറയുന്നു ? അതേപ്പറ്റി അഴിമതി ആരോപണങ്ങളും ഒന്നുംതന്നെ പറഞ്ഞുകേട്ടില്ല. കേശവദേവിന്റെ പുസ്തകത്തിലും എൻ. ബി. എസിന്റെ ചില പുസ്തകങ്ങളിലും അശ്ലീലം കാണാൻ കഴിഞ്ഞ ശ്രീ. പി. ടി. ചാക്കോയുടെ പോലീസിനു ഇതിലൊന്നും അശ്ലീലം കാണാൻ കഴിയുന്നില്ലേ ? ചാക്കോ സംഭവത്തെക്കുറിച്ചു വന്ന പത്രവാർത്തകളും തേജോവധമാണെന്നു് അദ്ദേഹംതന്നെ പറഞ്ഞു. ക്ലിയോപാട്രാ ശീലാവതി വായിക്കുമ്പോലെയാണു് ഈ പറച്ചിൽ. അധഃപതിച്ച ഒരു സംസ്കാരത്തിന്റെ പ്രതീകമാണു് ശ്രീമാൻ ചാക്കോ.

Shri R. Raghava Menon : Madam, I want to know how those criticisms, let it be about a minister, are relevant in a discussion of this type. What he has done is not relevant to be placed before the Assembly. It is throughly irrelevant. It is a matter to be disposed in a proper way and at proper place. Those criticisms, personal criticisms have nothing to do with the administration. I want a ruling on that.

Shri K. Bhargavan : That is only a matter of opinion. That is not a point of order.

Shri R. Raghava Menon : I want an answer from the Chair.

Mr. Speaker : Sri Kurup may continue the Speech.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : കാഷ്ടികപരിഷ്ക്കരണമില്ല് പാസാക്കിയെടുത്തതിന്റെ വിജയഭേരിയുമായി രാവണനായ അഭ്യന്തരമന്ത്രി പീച്ചീനികനാലിയിലേക്കു പോകുന്ന വഴി അങ്ങനെ സംഭവിച്ചു എന്നു അഭിമാനിക്കുകയാണു്. മുണ്ടോസ്സുൽ ചാക്കോയിൽനിന്നും അതിനെന്തെങ്കിലും ഒരു മറുപടി കേട്ടില്ല. ഇപ്പോഴും അതിനെപ്പറ്റി പറഞ്ഞിരിക്കുന്നതു അതൊന്നും ശരിയല്ല എന്നാണു്. വളരെ നിസ്സാരമായ ഒരു മറുപടി പറഞ്ഞു ഒഴിഞ്ഞുകളയാം എന്നാണു് വിചാരിക്കുന്നതു്.

ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതി നിർമ്മാജ്ജനം ചെയ്യാൻ ഉത്തരവാദപ്പെട്ട മന്ത്രിതന്നെ, ഈ അഴിമതി നിരോധനവകുപ്പുമന്ത്രി തന്നെ ഈ പത്രങ്ങളും വായിച്ചോ? ഈ വകുപ്പിന്റെ ചുമതല ഈ മന്ത്രിക്കെങ്ങനെ വിജയകരമായി വഹിക്കാൻ സാധിക്കും. ഈ മാസികകളും പത്രങ്ങളും വായിക്കുന്ന, ഈമാസികകളിൽ വന്നിട്ടുള്ള പടങ്ങളും കാണുന്ന ഉദ്യോഗസ്ഥന്മാർ ശിപായിമുതൽ ചീഫ് സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥന്മാർ അഴിമതിനിരോധനം നടപ്പാക്കാൻ ചുമതലപ്പെട്ട ഈ മന്ത്രിയെപ്പറ്റി എന്തു വിചാരിക്കും? സർ, ഇതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാടെ ഇടയിലുള്ള ഭീതി അവസാനിച്ചില്ലേ? ഏതു സമയത്തും ആൻറികറപ്ഷൻ ഉദ്യോഗസ്ഥന്മാർ ഭീതിപ്പെടുത്തിക്കൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാരുണ്ടു്. സർ, ഇതിന്റെ എല്ലാം ഫലമായി അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാക്കു് ഇനി ധൈര്യമായി പ്രവത്തിക്കാൻ കഴിയും. ഇങ്ങനെ ഇത്ര മാത്രം അധ : പതിച്ച ഒരു സംസ്ഥാനം ഇതിനുമുമ്പു കേട്ടിട്ടുണ്ടോ? സർ, ഇന്നു ഇതു സംബന്ധിച്ചു കെ. പി. സി. സി. പ്രസിഡണ്ടോ നമ്മുടെ മുഖ്യമന്ത്രിയോ ഒന്നും മിണ്ടുന്നില്ല. കെ. പി. സി. സി. പ്രസിഡണ്ടു പറയുന്നതു്, ഇതേസംബന്ധിച്ചു ഒന്നുംപറയുവാൻ സമയമായിട്ടില്ലാ എന്നാണു്. അതു കണ്ടപ്പോഴും പണ്ടു് ഉപഗ്രഹൻ പറഞ്ഞ മറുപടിയാണു് ഓർമ്മയിൽ വരുന്നതു്. അദ്ദേഹം അങ്ങനെ പറഞ്ഞതിനു ചിലപ്പോഴും മറ്റു ഉദ്ദേശങ്ങളും വല്ലതും ഉണ്ടാകും. ഒരുപക്ഷെ, ജനരോഷത്തിന്റെ ആഘാതമേറ്റു കരചരണാദികളും വേർപെട്ട മുണ്ടോസ്സുൽ ചാക്കോമാത്രം സമീപം ഇച്ഛയാട്ടിക്കൊണ്ടിരിക്കുന്നു് അദ്ദേഹത്തിന്റെ ശവം കാണാൻ മാത്രം അദ്ദേഹം ഇഷ്ടപ്പെടുകയുള്ള എന്നുമാവാം.

ഉദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥകളും അടങ്ങിയ ഒരു വ്യൂഹമാണു് നമ്മുടെ ഉദ്യോഗസ്ഥമണ്ഡലം, സർ, ഇത്ര അധപതിച്ച ഒരു മന്ത്രിയുടെ അടുത്തു എങ്ങനെ ഒരു ഉദ്യോഗസ്ഥ ഒരു ഫയലുമായി പോകും? എങ്ങനെ അവക്കു ധൈര്യമായി പ്രവത്തിക്കാൻ കഴിയും?

ഈ രാജ്യത്തിന്റെ രാഷ്ട്രീയസദാചാരത്തെ വ്യഭിചരിച്ചു, ഈ രാജ്യത്തെ നിയമവാഴ്ചയെ വ്യഭിചരിച്ചു, ഭരണയന്ത്രത്തെ വ്യഭിചരിച്ചു, സോഷ്യാധിപത്യം കൊണ്ടു ജനാധിപത്യത്തെ വ്യഭിചരിച്ചു, വർഗീയതകൊണ്ടു സാമൂഹ്യമണ്ഡലത്തെ വ്യഭിചരിച്ച ഈ മന്ത്രിക്കു ആസ്ഥാനത്തു തുടരാൻ അർഹതയില്ല. ഒന്നുകൂടി എനിക്കു അഭ്യന്തരമന്ത്രിയോടു പറയാനുണ്ടു്. അദ്ദേഹം ഈ ഗവണ്മെൻറിന്റെയും ഈ രാജ്യത്തെ ജനങ്ങളുടെയും വികാരം എന്താണെന്നു മനസ്സിലാക്കണം. അതു മനസ്സിലാക്കാൻ അദ്ദേഹം തയാറാണോ? അതില്ലെങ്കിൽ തൊലിക്കട്ടിയുണ്ടെന്നുള്ള ഒരു സമീപനം അദ്ദേഹം എടുക്കുകയാണോ? മനുഷ്യക്കു നാണം എന്താണെന്നുള്ളതു മനസ്സിലാക്കാൻ കഴിയണം. മീശകൊണ്ടുമാത്രം നാണം മറയ്ക്കാൻ സാദ്ധ്യമല്ല എന്നു മനസിലാക്കണം. അതുകൊണ്ടു ജനങ്ങളുടെ വികാരത്തെ മാനിച്ചു അദ്ദേഹം രാജിവച്ചു മാറിപോകുകയാണു് അദ്ദേഹത്തിനു നല്ലതു്.

ശ്രീ. ആൻറണി ഡിക്രൂസ് : സർ, എനിക്കുമുമ്പു പ്രസംഗിച്ച എന്റെ സുഹൃത്തു ശ്രീമാൻ ഗോപാലക്കുറുപ്പു പറഞ്ഞഅഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണു്. വളരെ നിസ്സാരമായി തള്ളാവുന്ന ഒരു സംഭവമല്ലാ ഇവിടെ നടത്തിയിരിക്കുന്നതു്. അതുസംബന്ധിച്ചു ഗവർണറുടെ പ്രസംഗത്തിൽ പരാമർശനങ്ങളും ഉണ്ടാകുമെന്നു ഞങ്ങളും പ്രതീക്ഷിച്ചിരുന്നു. ഈ രാജ്യത്തു് നിയമത്തിന്റെ കാവൽക്കാരനായിരിക്കേണ്ട നാം അംഗീകരിക്കുന്ന ഒരു മന്ത്രി തന്നെ ഏറ്റവും ഹീനമായ ഒരു പ്രവൃത്തി ചെയ്തിരിക്കുകയാണു്. അദ്ദേഹം ചെയ്ത പ്രവൃത്തി ഏതൊരുദ്ദേശത്തോടുകൂടി ആയിരിക്കട്ടെ അതെന്താണെന്നു

[ശ്രീ. ആൻറണി ഡിക്രൂസ്]

ആലോചിക്കേണ്ട ആവശ്യം ഈ രാജ്യത്തെ ജനങ്ങൾക്കില്ല. സർ, വളരെ ചൂട പിടിച്ച ഒരു രാഷ്ട്രീയ ചൂറ്റുപാടാണ്. ഇന്ന നമ്മുടെ നാട്ടിലുള്ളത്. വളരെ വിചിത്രമായ ഒരു രാഷ്ട്രീയചുറ്റുപാടാണ്. സർ, ഈ കേരളം രാഷ്ട്രീയത്തി ലേക്ക വന്നിരിക്കുകയാണ്. ഇവിടെ കെ. പി. സി. സി. തെരഞ്ഞെടുപ്പുനടന്ന. തെരഞ്ഞെടുപ്പ നടത്തുന്നതിന ഏ. ഐ സി. സി. യിൽനിന്നും നിയോഗിച്ചി ട്ടുള്ള പി. ആർ. കംബോംജാ എന്നൊരാളം ഇവിടെ വന്ന. ആ കംബോംജായു മൊന്നിച്ചു ഈ പറയുന്ന പത്മം എസ്. മേനോൻ യാത്രചെയ്തതായി കേട്ടിട്ടുണ്ട് അന്ന കംബോംജാ തിരിച്ചുപോകണം എന്ന ഒരു വിഭാഗക്കാർ വിളിച്ചു പറയു കയുണ്ടായി.

(Shri K. M. George in the Chair.)

Shri C. M. Stephen : The Hon. member is making allegations against persens who are not in this House. The allegations should be of the nature of evincing evidence. Making such allegations against persons who are not in the House and who are connected with very high organisations in the country is highly irregular and out of order. This should be prevented.

Mr. Chairman: Hon. members are awarethat those who are not in this House cannot be brought, into. Hon. member will strictly confine themselves to the scope of the motion which is now before the House.

ശ്രീ ആൻറണി ഡിക്രൂസ് : സർ, അവക്ക ചെയ്യാവുന്നത എനിക്ക പറ യാൻ വയ്യാ എന്നാണോ. ഏറണാകുളത്തു ബോർഡുവച്ചിരുന്ന. അതേപ്പററി യാണ പറയുന്നത്. പത്രങ്ങളിലൊക്കെയുണ്ടായിരുന്ന ഇത്. അങ്ങനെ വളരെ നീണ്ട വൃത്തിഹീനമായ ഒരുമാതിരി കവലചട്ടമ്പിമാർ പറയുന്നതുപോലെ എൻെറ ഭാര്യയാണ്, എൻെറ ഭർത്താവിൻെറ സമ്മതത്തോടുകൂടിയാണ്, ആക്കാണ് നഷ്ടം എന്നെല്ലാം ചോദിക്കുന്നത വളരെ പരിതാപകരമാണ സർ. സർ' ആ സ്ത്രീയെപ്പററി എന്തെങ്കിലും മതിപ്പുണ്ടായിരുന്നെങ്കിൽ ഈ അഭ്യന്തര മന്ത്രിയുടെ പ്രവർത്തനത്തോടുകൂടി അത അവസാനിച്ചു. ഇങ്ങനെയുള്ള ഈ ചുറ്റ പാടിൽ അതിനെസംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്തി എന്തെങ്കിലും ഒരു പ്രസ്താവന നൽകുമെന്ന ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന. അതുണ്ടായില്ല.

സർ, മൂന്നുകൊല്ലങ്ങൾക്കുമുമ്പ 1959-ൽ ഇവിടെ വളരെ ഐതിഹാസിക മായി ഒരു സമരം നടത്തി. അന്ന് നാട്ടിൽ ഇറങ്ങി വോട്ട ചോദിച്ചാൽ സ്വന്തംപാർട്ടിയും സ്വന്തംഅമ്മയും സഹോദരങ്ങൾപോലും വോട്ടുകൊടുക്കാതെ ഇരുന്ന ഒരുപാർട്ടിയുടെ മുഖ്യമന്ത്രിയാണ് ഇന്ന അധികാരസ്ഥാനത്തിരി ക്കുന്നത്. അങ്ങനെ വോട്ട നേടി അധികാരത്തിൽ വരാൻ വേണ്ടി ജനങ്ങൾക്ക പല വാഗ്ദാനങ്ങളും നൽകി. സർ, പെറിയ തുറയിൽ ഉണ്ടായ വെടിവെയ്പ്പിൽ മരണമടഞ്ഞ ഫോ്ളറിയുടെ ദേഹത്തു തറച്ച വെടിഉണ്ടകളാണ് ഈ ഇരിക്ക ന്നത്. അങ്ങനെ ഇവക്ക അധികാരത്തിൽ വരാൻ പററിയത സ്വന്തം ജീവൻ ഉപേക്ഷിച്ചതിൻെറ ഫലമായിട്ടുകൂടിയാണ്. ഇവർ അധികാരത്തിൽവന്ന തിന ശേഷം എന്തെല്ലാം അഴിമതിയാണ്. ഇന്ന നടക്കുന്നത്. ഇവർ ആള കളെ എന്തെല്ലാം ചെയ്യുന്ന എന്ന പറയാൻ എനിക്ക വിഷമമാണ്. സ്വന്തം കക്ഷിക്കാരെ പ്രീതിപ്പെടുത്താൻ വേണ്ടി വലിയ തുറയിൽ പോലീസുകാരെ അഴിച്ചുവിട്ട രാത്രിമുഴവൻ പാവപ്പെട്ട ജനങ്ങളെ ഉപദ്രവിച്ചു, ഇതിനൊക്കെ ഞങ്ങൾ മറുപടി പറഞ്ഞുകൊള്ളാം. ഇതിനൊക്കെ പകരം ചോദിക്കുവാൻ ധാരാളം സമയമുണ്ട്. എന്തൊക്കെയായിരുന്നാലും നിയമസഭയിലും പൊതു സഭകളിലും എന്തെല്ലാം പച്ചക്കള്ളങ്ങൾ പറഞ്ഞാലും അത എല്ലാസ്സമയം ജന ങ്ങൾ കേൾക്കുകയില്ല എന്നമാത്രമേ എനിക്കീയവസരത്തിൽ പറയാനുള്ള. സർ,ഇന്നത്തെ ഭരണകൂടത്തിൻെറ അഴിമതികളെപ്പററിയുള്ള നീണ്ട പട്ടികകളാ ണുള്ളത്. സ്ലൈഡുകൾ വേണമെങ്കിൽ പതിനായിരം രൂപാ പതിനായിരം കൈക്കൂലി കൊടുത്താൽ സ്ലൈഡുകൾ അന്നവദിച്ചുകിട്ടും. ഈയിടെ ഒരു കാളേജിന വേണ്ടി ഫണ്ട പിരിക്കുവാൻ പോന്ന കമ്മററിക്കാരോട നമ്മുടെ മുഖ്യമന്ത്രി പറയുകയുണ്ടായി, 10 സ്ലൈഡുകൾ ഞാൻ നിങ്ങൾക്കുതരാം അതുകൊണ്ട് ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : പറഞ്ഞതു ഒന്നുകൂടി പറയണം.

ശ്രീ. ആൻറണി ഡിക്രൂസ് : ഇവിടെ ഒരു കാളേജ് തിരുവനന്തപുരത്തിനടുത്തു സ്ഥാപിക്കുവാൻ വേണ്ടി ഫണ്ടു പിരിക്കുവാൻ ചെന്ന കമ്മറ്റിക്കാരോടു മുഖ്യമന്ത്രി പറഞ്ഞതു, ഞാൻ നിങ്ങൾക്കു 10 സ്കൂളുകൾ അനുവദിക്കാം, അതിൽ നിന്നും കിട്ടുന്ന കാശുകൊണ്ടു കാളേജിൻറെ ഫണ്ടുണ്ടാക്കണം.

ശ്രീ. ആർ. ശങ്കർ : ഈ പറഞ്ഞതു സാധുകരിക്കാമോ? അല്ലാതെ വായിൽ തോന്നിയതു പറഞ്ഞാൽപോരാ. ഇതു സാധുകരിക്കാമോ ? ഞാൻ വെല്ലുവിളിക്കുകയാണു്.

Chairman (Shri K. M. George): Mr. D' Cruz you have to take responsibility for all the statements made by you. The Chief Minister was asking whether you are prepared to take the responsibility of proving what you have said now.

ശ്രീ. ആൻറണി ഡിക്രൂസ് : ഇങ്ങനെ ഓരോരുത്തരും പറയുന്നതു പറഞ്ഞു എന്നുമാത്രം ഞങ്ങളുടെ കൂടെ നിന്നിട്ടാണു് അവർ അങ്ങനെ പറഞ്ഞതു്.

ശ്രീ. കെ. ഭാർഗവൻ : പ്രൂഫു ചെയ്യണമെന്നുപറഞ്ഞാൽ എങ്ങനെയാണു്; കറക്ടർ അങ്ങനെ പറഞ്ഞു.

ശ്രീ. ആർ. ശങ്കർ : പ്രസംഗങ്ങൾ ചെയ്യുമ്പോൾ ഒരാൾക്കുള്ള അഭിപ്രായം സ്ഥാപിക്കുന്നതിനു എന്തെങ്കിലും പറയുന്നു എന്നുള്ളതു ഒരു നിയമസഭയ്ക്കും ചേർന്നതല്ല. വളരെ ഉത്തരവാദിത്വത്തോടുകൂടി പറയണം. അങ്ങനെ ഒരു ചാർജു് ഉണ്ടെങ്കിൽ ആചാർജു് വയ്ക്കണം. അതിനു തെളിവുതരാമെങ്കിൽ ഞാൻ അതു വെല്ലുവിളിക്കുകയാണു്.

Chairman : Mr. D'Cruz your time is over.

Shri V. R. Krishna Iyer : Sir, I would have heartily associated with the Motion of Mr. K. K. Viswanathan brought up here if it had been a Motion of regret rather than a Motion of Thanks to the Governor because it is the misfortune for the Governor's office under the Indian Constitution with the peculiar complexion of British Parliamentary system that he has to play a ventriloquist's role and speak what the Government want and not what he feels. It is this unfortunate performance that has taken place here. Naturally, the criticisms will not be on the Governor's Address as such, but on the Government which prepared the speech and asked him to read it. That is why I would like to make a few observations. There is hardly any time to touch the policies which are expressed and which are not expressed, so far as this Government is concerned.

The democratic process by which this country is governed obviously implies the rigorous observance of the rule of law. But now there has been a criticism so far as this Government is concerned, so far as this Ministry is concerned, about the breach of the rule of law. Every time we meet here, some incidents would have taken place. Last time it was the 'Thaickal' incident where a judge of the High Court had clearly observed that there was a violation of the rule of law. Of course, technical pleas were put forward by the Home Minister to extricate himself from the tight corner in which he was found then. A similar but far mor edisgraceful incident, has taken place now. In fact, I was not here when the speech was made by my hon. friend Mr. Gopala Kurup. Many of those opinions expressed through the press statements, one at Trivandrum and another at Ernakulam simultaneously, make one wonder what degeneration has taken place in high places. My

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

criticism is not to curse down entirely the private business of a particular individual, whether he be a Minister or any other authority, to have his own relaxation. It is certainly not right to probe into the personal and private affairs of somebody else, however, honourable it might be. Therefore, I have absolutely nothing to do with what took place at Trichur-May be, or may be not, something creditable took place. Heroic receptions were given to what had taken place. I do not know why? I do not know whether something discreditable took place there because a number of people have been running down the hon. Minister with an amount of interest. I would only say that the rule of law is in great jeopardy because of what had taken place. A Minister in charge of the Home Affairs, a Minister who holds the reins of the office of prosecution and withdrawal of prosecutions in this State, if he becomes an accused person, and what is worse, a self-confessed cutprit, then where are we to go for the rule of law? What I find is that there is an admission by the hon. Minister that he was the driver. Of course, the Collector of Trichur said that a case has been registered against the 'driver'. The Collector would not associate a Minister in the form of a driver. He must have meant somebody else. Whatever that may be, here is a case where we find a Minister in charge of prosecution, himself becoming an accused person. In the worst days of the British rule, once, a judge of the High court of Madras Mr. Bains, was an accused person. There was a big demand that he should be kept out of the judiciary and he was kept out. That was in the British period! Now, we have that elementary culture, that Parliamentary culture to adapt Should we not adopt something in that direction? Then, a public prosecutor in Madras, who came by an accident where a pregnant woman flung herself before the car while he was driving fast, was prosecuted. There was an uproar in the whole state. Editorials were written to the effect that that man should not prosecute because he himself was an accused under Section 304 (A). Here we find an innocent, naive statement of an unfortunate Minister: 'I drove the car'. Who asked him to drive the State car? I do not know whether such a thing happens in the whole of India. I do not think there was any incident where a Minister would drive a State car unless it be for some suspicious purposes. Now, who asked the Minister to go to Peechi on an unscheduled visit with a rather stranger woman? These are questions which naturally agitated the public. But I would like to say that I have nothing to do with that. In this background when there is a case registered and the Collector rushes to the press and says that a case has been registered against the driver, it is positively misleading the public about the culprit. The hon. Minister comes forward and says, 'I drove the car'. Then, naturally the question arises: Under section 89 of the Motor vehicles Act, if in a car accident, if a certain person is injured, it is the obligation of the person who drives the car or the person who is in charge of the vehicle to see that the injured person is carried or conveyed to the Hospital. Was that done? Is it not an admission of guilt? Is he not the person to decide that he should be prosecuted because after all, we know it is not the Sub-Inspector in Peechi who has anything to do with this prosecution. It is somebody else. And still you say you are having an independent and impartial administration. "I have the right to prosecute myself" and two

LIBRARY ARCHIVES Kerala Legislative Assembly

months have passed and yet no charge is framed. It is shocking to the criminal administration of this country that there should be such an incident; a simple incident where a Minister goes out in a car and hits and injures three persons; the injured are removed to the hospital, investigations take place, the Collector is seized of the matter, public statements have been issued by the Minister and others. The Collector's statement has been recorded. Nearly two months have run out. Is it a complicated murder case to be investigated by the X-Branch at Trivandrum. Or is it a case where the Central Intelligence Bureau has to find out who the culprit actually is? It is two months since this has happened. I was told here that it was stated in the morning during the question time that since the man who is injured is still in the hospital a charge has not been made. Are we re-writing the Criminal procedure Code? If the injured persons were to be in the hospital for 6 months, does it mean that you would not make out a charge? It is a strange argument indeed! There is a grave breach of the rule of law. We are inclined to think so.

Again, there is one obvious thing. The Collector of Trichur has committed a serious breach of propriety when he rushed to the press with a statement and misled the public as to who exactly is the culprit. He said it was the driver. Now the Minister says: 'I was driving the car'. The Minister was driving the car! What does it all show? The frank fact is that in the Thaickal affair, the Collector of Alleppey was pressurized and in the present case, that is, the Peechi incident, the Collector of Trichur had obviously been pressurized to issue these statements. Is this in accordance with the rule of law and democratic propriety? We have to secure democracy from bureaucracy.

The Minister has violated the rule of law and where are we to look for it now? Here is an instance where a high official has become pliable under the pressure of the Minister against the rule of law and democratic process. I feel ashamed of such things. I am aggrieved that there is a trampling over of the rule of law.

Another thing, the forests have been encroached upon, obviously trespassed. The other day I read in the "Mathrubhumi" a detailed editorial. It is a responsible paper from the Government's point of view. "കൊടികുത്തിയ കൊള്ളരുതായ്മ" That is how it has been described. Now thousands of acres of Government forest lands which are the wealth of the country are being encroached upon by people, probably, 50 acres by one big man, 100 acres by another big man and then 150 acres by another, and so on. The rule of law is being observed by saying that all the culprits shall be acquitted and all of them coming in just in the last year before the election. It is an implication that you are prepared to sacrifice the rule of law and propriety for the purpose of winning a few votes "as the Mathrubhumi" has insinuated. For Heaven's sake, for the country's sake, for emergency's sake, for Kerala's sake, please do not sell the State for a few electoral tactics and incidentally violate all the canons and propriety of the rule of law. Please do not do that.

Now we are told about Anti-corruption. There is an enquiry going on against a very big officer, it has come to a pass. I want to ask this Government, the hon. Chief Minister, who has given the challenge,

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishnan Iyer]

one thing. I would like to entreat the Government, for, the language of 'entreaty' would have some effect—is there a chance of a public enquiry on the basis of the various letters written by a Congress leader—unfortunately no more—who directed Devaswom forest lands to be leased out the D. C. C. Secretary of Alleppy or D. C. C. Secretary, Quilon, or 500 acres from the "Minister's quota" from the "Devaswoms Trustees quota". This kind of thing has taken place. I would alert the Chief Minister' and alert the Home Minister and request them to enquire in to the matter. Copies of those letters have also come to my notice. I would like to request the Government whether they mean seriously about this problem of anti-corruption and all this talk about anti-corruption about persons here and there. There is corruption in the Forest Department. There is corruption in the Road Transport Department. There is corruption everywhere. It is endless corruption that is taking place. The common man stands helpless. That is the position. Demoralisation has set in. I think nothing can help this Government or any other Government if it is corrupt. If this Government is corrupt, whom are we to look up to for redress. To whom are we to ask for the boon? You must set an example. We cannot delive the goods if we do not have the moral stamina. Unfortunately, in this Government the position is that. The final act of the drama is coming on; the election is coming next year. Nobody knows what will happen. All I can say is that in this State the people have been so frustrated and so demoralised that I can only say that if the history of Kerala is to be ever written, the fewer the pages the better would it be, for this Government.

Mr. Chairman: This morning a lot of time was taken up for other business and the allotted time for the discussion on Governer's address may not be available to-morrow, if we close the business now. So, we will have to sit for another 15 minutes today. If the House is agreeable, we will sit for another 15 minutes.

(The House agreed)

Mr. Chairman: Now, Mr. E. P. Gopalan may speak, and he may please stop exactly at 1.15 p. m.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ശ്രീമാൻ വിശ്വനാഥൻ അവതരിപ്പിച്ച പ്രമേയത്തിനു് എന്റെ ഭേഗതി അവതരിപ്പിച്ചുകൊണ്ടു് ഞാൻ സംസാരിക്കുവാൻ ആഗ്രഹിക്കുകയാണു്. ബഹുമാനപ്പെട്ട ഗവർ

1.00 p.m.] ണ്ണരുടെ പ്രസംഗം ഒരു നയപ്രഖ്യാപനമേ അല്ല. അതിൽ ഒരു നയവുമില്ല. അതു് ഒരു പ്രഖ്യാപനവുമില്ല. ഇതൊരു ഭരണറിപ്പോർട്ടുകൂടിയല്ല. ഒരു അസിസ്റ്റന്റു സെക്രട്ടറിയെ ഏൽപ്പിച്ചാൽ ഇതിലും നല്ലൊരു ഭരണ റിപ്പോർട്ട് എഴുതിക്കിട്ടും. എന്റെ അഭിപ്രായത്തിൽ മദ്ധ്യപ്രദേശത്തുനിന്നും മനംമറിഞ്ഞു് ഇറങ്ങിത്തിരിച്ച മാൻസിംഗും കൂട്ടുകാരുമാണു് ഇവിടെ ഭരണംനടത്തുന്നതു്. അവരുടെ മേൽവിലാസം C/o ശ്രീ. മന്നത്തു പത്മനാഭൻ, പേരൂരു് മേത്തോട്ട താഴം ഇവർക്കു് ഇവിടെ എന്തും നടത്താം എന്നായിരിക്കുന്നു. എന്തും കാട്ടാം എന്ന മനോഭാവമാണു് മന്ത്രിമാർക്കുള്ളതു്. ഇവിടുള്ള തൊഴിൽ നയം എന്താണു്? വൻകിട മുതലാളിമാരുടേയും തോട്ടമുടമകളുടേയും കാൽക്കീഴിൽ കൊണ്ടുചെന്ന പാവപ്പെട്ട തൊഴിലാളികളെ കെട്ടിയിടുക എന്നുള്ളതല്ലേ? വ്യവസായ നയത്തെപ്പറ്റി പറയാതിരിക്കുകയാണു് നല്ലതു്. വിദ്യുച്ഛക്തി ജനുവരിമാസംതൊട്ടു് നാൽപ്പതു ശതമാനം കട്ട ചെയ്തേ ഞ്ഞിവന്ന ഒരു സംസ്ഥാനത്തിൽ വ്യവസായമല്ല ഉണ്ടാകുക. സുഖമായി വെള്ള

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിക്കൊണ്ടിരുന്ന തിരുവനന്തപുരം പട്ടണത്തിൽ ഇപ്പോഴും വെള്ളം കിട്ടാത്ത സ്ഥിതി വന്നിരിക്കുന്നു. വിദ്യാഭ്യാസ നയമെന്താണു്? സ്കൂൾ കച്ചവടംതന്നെ. പ്രൈമറി സ്കൂൾ മുതൽ ജൂനിയർ കോളേജുവരെ കാശിനു് വിൽക്കാനുള്ള പരിപാടി ആവിഷ്കരിച്ചിരിക്കയാണു്. സ്വകാര്യ വ്യക്തികൾക്കു് പള്ളിക്കൂടങ്ങളും കോളേജുകളും കൊടുക്കുന്നതൊഴിച്ചാൽ മറെറാരു നയവുമില്ല. ഇതു കണ്ടിട്ടു്, മുസ്ലിം ലീഗുകാരും പി. എസ്. പി.ക്കാരും ഇപ്പോൾ സങ്കടപ്പെടുന്നുണ്ടാകും.

ശ്രീ. പി. നാരായണൻതമ്പി: സങ്കടമൊന്നുമില്ല.

ശ്രീ. ഈ. പി. ഗോപാലൻ: സങ്കടമില്ലെങ്കിൽ വേണ്ട. ഇപ്പുറത്തിരുന്നു പറയുന്നതു് കേൾക്കുമ്പോൾ അങ്ങിനെ തോന്നി ഇല്ലെങ്കിൽ വിടുന്നു. ഏതായാലും വ്യവസായത്തിന്റെ കാര്യത്തിലായാലും ശരി, തൊഴിൽ കാര്യത്തിലായാലും ശരി, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ശരി, യാതൊരുനയവുമില്ലാതെയാണു് ഈ ഗവണ്മെന്റു പ്രവർത്തിക്കുന്നതു്. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളതു ഇഷ്ടംപോലെ പ്രവർത്തിക്കുകയാണു് ചെയ്യുന്നതു്. വേവുന്ന പുരയ്ക്കു ഊരുന്ന കഴക്കോലു ലാഭം. ഇതാണു് ഇവിടുള്ള നയം. ഷാപ്പു പൂട്ടുമ്പോൾ മൂട്ട മുറുക്കുന്ന നയം. ഈ സംസ്ഥാനത്തു എന്തെല്ലാ അനീതികളാണു് ഇവർ നടത്തുന്നതെന്നു വിസ്തരിക്കാൻ സമയം പോരാ. കോൺഗ്രസ്സു് മണ്ഡലികളാണു് ഇവിടെ അനുദിന ഭരണം നടത്തുന്നതു്. അവരുടെ പോലീസിയോ, അഴിമതി, കൈക്കൂലി, സ്വജന പക്ഷപാതം തുടങ്ങിയവയും. മന്ത്രിമാർ അതിനു കൂട്ടുനിൽക്കുന്നു. കഴിഞ്ഞ നവംബറിൽ അരിയുടെ വില കൂടിയപ്പോൾ അരിയുടെ വില കയറിയിട്ടില്ല എന്നു പ്രസ്താവനയിറക്കിയ ഭക്ഷ്യമന്ത്രി ഉണ്ടിവിടെ. അരിക്കു് ദിവസേന വിലകൂട്ടുതൽ കൊടുത്തു കൊടുത്തു നട്ടംതിരിഞ്ഞു കണ്ണീർപൊഴിക്കുന്ന ജനങ്ങളോടു് അരിയുടെ വില കയറിയിട്ടില്ല എന്നു പറയുക. കരിഞ്ചന്തക്കാർക്കു് എതിരായി വിരലനക്കാതിരിക്കുക. വിലക്കയറ്റം തടയാൻ യാതൊന്നും ചെയ്യുന്നില്ല. ഇന്നു് ഇവിടെ കോൺഗ്രസ്സു് ആണു് ഭരിക്കുന്നതു്. ഇവിടെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും ഒക്കെ ഈ മണ്ഡലികളാണു്. ഈ മണ്ഡലികൾ പോലീസു് ഉദ്യോഗസ്ഥന്മാരെ കൂടിയും അവരുടെ വരുതിയിൽ നിർത്തിയിരിക്കുന്നു. പോലീസു് വെരിഫിക്കേഷൻ നടത്തുന്നതു ഹെഡ്കാൺസ്റ്റബിളോ, സബ് ഇൻസ്പെക്ടറോ, സർക്കിൾ ഇൻസ്പെക്ടററോ അല്ല. ഈ മണ്ഡലികളാണു്. എല്ലാം അവർക്കുള്ളതാണു്. സർക്കാർ ഖജനാവും അവരുടേതുതന്നെ. ഈയിടെമാത്രം ഭരണകക്ഷി ബഞ്ചിലെത്തിയ ശ്രീ. സി. ജി. ജനാർദ്ദനനു ഒരു വ്യവസായശാല തുടങ്ങിക്കൊടുത്ത വകയിൽ സർക്കാറിനു് വാടക വകയിൽ 33,000 ക. ബാക്കിവരാനുണ്ടു് സർക്കാർ വ്യവസായം കോൺഗ്രസ്സുകാരനുള്ളതല്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: അങ്ങനെ കൊടുക്കുവാനുണ്ടെന്നുള്ളതിനു യാതൊരു എഗ്രിമെന്റും ഇല്ലെന്നും ഒരു എഴുത്തുമാത്രമേയുള്ളൂ എന്നും ഉള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കു അറിവില്ലേ?

ശ്രീ. ഈ. പി. ഗോപാലൻ: എവിടെയും കള്ളക്കച്ചവടമാണു്. എന്തായാലും ശ്രീ. സി. ജി. ജനാർദ്ദനൻ 33,000 രൂപാ വാടക ഇനത്തിലും 18,000 രൂപ സെയിൽസ്ടാക്സ് ഇനത്തിലും സർക്കാറിനു് കൊടുക്കാനുണ്ടു്. ഇവരുടെ നയം സ്വന്തക്കാർക്കു് വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിച്ചു കൊടുക്കുക എന്നുള്ളതാണു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെപ്പററി ഇവിടെ പറഞ്ഞു. ഒരു ട്രാൻസ്പോർട്ടു അന്വേഷണക്കമ്മീഷനുണ്ടല്ലോ. പക്ഷേ നയാപൈസ മിനിമം ചാർജു് ആക്കാമെന്നു കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന്റെ അവസാന യോഗത്തിൽ ഉറപ്പു തന്നിരുന്ന മന്ത്രി സ്വകാര്യ മോട്ടോർ ഉടമകളുടെ നിർബന്ധത്തിന്റെ ഫലമായി ഇന്നുവരെയും അതു് നടപ്പാക്കിയിട്ടില്ല. അന്വേഷണത്തിനു നിയമിച്ച കമ്മിററി ടി. എ.യും ഓണറേറിയവുമായി ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപ പററി ഒഴിഞ്ഞു. ഇവിടെ ചെലവു ചുരുക്കലിനെപ്പററി ഉച്ചത്തിൽ പറയാറുണ്ടു്. ഗവർണ്ണരുടെ പ്രസംഗത്തിലും അതുണ്ടു്. എന്തു ചെലവു ചുരുക്കലാണിവിടെ? ആരുടെ ചെലവാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ൯. പി. ഗോപാലൻ]

ചുരുക്കുന്നത്. ആരുടെ ചെലവാണ് കൂടുതലാക്കിയിട്ടുള്ളത്? ശിപായിമാരെ കുറയ്ക്കുന്നതാണോ ചുരുക്കുന്ന ചിലവ്? അഡ്മിനിസ്ട്രേറ്റിവ് റിഫാംസ് വരുത്തി ചിലവുചുരുക്കിയത് കണ്ടില്ലേ? ഇപ്പോഴും റവന്യൂബോർഡിൽമെമ്പർ നാലായിരിക്കുന്നു!

ശ്രീ. ആർ. ശങ്കർ: അതു ശരിയല്ല. നാലണ്ണമില്ല.

ശ്രീ. ഇ൯. പി. ഗോപാലൻ: പിന്നെ നാലാം മെമ്പറായിട്ട നിയമിക്കപ്പെട്ട ആൾക്ക് ശമ്പളം കൊടുക്കുന്നതു സ്വന്തം തറവാട്ടിൽ നിന്നല്ലല്ലോ?

ശ്രീ. ആർ. ശങ്കർ: ഇങ്ങനെ പറയുന്നതുകൊണ്ട് ഒരു കാര്യവുമില്ല. ഇവിടെ നാലാം.....

ശ്രീ, ഇ൯. പി. ഗോപാലൻ: ആ പറയുന്നതുകൊണ്ടൊന്നും വലിയ കാര്യമില്ല. എന്തും ചെയ്യാനൊരുങ്ങി നിൽക്കുന്നവർക്ക് എന്തും പറയാമല്ലോ.

Mr. Chairman: Shri E.P. Gopalan will please resume his seat.

ശ്രീ. ഇ൯. പി. ഗോപാലൻ: ഞാൻ സംസാരിക്കുന്നതിനിടക്ക മന്ത്രിയ്ക്ക് കയറി പറയുവാൻ അവകാശമുണ്ടോ?

Mr. Chairman: At any time any hon. Minister can intervene and make an explanation. If the hon. Chief Minister has any thing to say he can very well say it.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭാ നടപടികളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കുമ്പോഴും ഈ മാതിരി മിസ്ലീഡിംഗ് ഉണ്ടാകാൻ പാടില്ല. അതിൽ എപ്പോഴെല്ലാമാണ് മന്ത്രിമാർ സംസാരിക്കുവാൻ പാടുള്ളതെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിൽ മെമ്പറന്മാർ ഇരുന്നിട്ട മന്ത്രിമാർക്കു സംസാരിക്കുവാൻ അവസരം നൽകണമെന്നു ഒരിടത്തും പറഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ട മെമ്പർ ചെയറിന്റെ മിസ്ലീഡിംഗിനെ ചോദ്യം ചെയ്യുകയായിരുന്നു.

Mr. Chairman: The hon. member Shri E. P. Gopalan was speaking and when he made certain observations, the hon. Chief Minister wanted to correct the same. As the Hon. Chief Minister was on his legs, I requested Shri E. P. Gopalan to resume his seat so that the Chief Minister may say what he has to say since the Chief Minister has a right to intervene and correct the statement alleged to be wrong. That is my ruling. There is no need to question my ruling.

ശ്രീമതി കെ. ആർ. ഗൗരി: ചലഞ്ചിംഗ് ഒന്നുമല്ല. ഒരു മന്ത്രിയെപ്പറ്റിയോ, അല്ലെങ്കിൽ വേറെ ആരെയെങ്കിലുമോ പറ്റിയോ ചോദ്യം വരികയാണെങ്കിൽ അതിനു പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കുന്നതു ആ മെമ്പർ ഇരുന്നതിനു ശേഷമേ പാടുള്ളൂ എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്.

Mr. Chairman: That is about personal explanation. I think the question is clear and Shri E. P. Gopalan can continue.

ശ്രീ. ആർ. ശങ്കർ: വേണമെങ്കിൽ അതിന്റെ ക്ലാരിഫിക്കേഷൻ തരാൻ തയ്യാറാണ്.

ശ്രീ, ഇ൯. പി. ഗോപാലൻ: റവന്യൂബോർഡ് നാലാം മെമ്പറായി ഒരാളെ നിയമിച്ചു എന്ന വാർത്തയെ നിഷേധിക്കയാണോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോഴും മൂന്നു മെമ്പറന്മാർ മാത്രമേയുള്ളൂ.

ശ്രീ. ഇ൯. പി. ഗോപാലൻ: നാലാമതൊരു മെമ്പറായി ഒരാളെ പ്രമോട്ടു ചെയ്തു എന്നു പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ ശങ്കർ: അതാണു് ഞാൻ പറഞ്ഞതു അതിന്റെ വിശദീകരണം നൽകാമെന്നു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇപ്പോഴും സമയമില്ല. പിന്നീടു് മതി.

ശ്രീ. കെ. ഭാർഗ്ഗവൻ: സീനിയാറിട്ടി ഉണ്ടെന്നുള്ള കാരണത്താൽ ശ്രീ. കെ. കെ. രാമൻകുട്ടി എന്നയാളെ റവന്യൂ ബോർഡു് മെമ്പറുടെ ശമ്പള സ്കെയിലിലേക്കു് ഉയർത്തുകയാണുണ്ടായതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കു അറിവില്ലയോ? ഇതൊക്കെ അവരുടെ ഓരോ സൂത്രമാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇവിടെയും ഹീനമായ നടപടിയാണു് കൈക്കൊള്ളുന്നതു്. ഏതായാലും ചെലവു ചുരുക്കൽ ഇല്ല. വർദ്ധിപ്പിക്കലാണു് ഇവിടെ നടക്കുന്നതു്. കമ്മിറ്റികളെ ഉണ്ടാക്കി ടി. എ. കൊടുക്കുക. മൂവായിരം രൂപ ചെലവുചെയ്തു ഒരു കെട്ടിടം ഉൽഘാടനം ചെയ്യാൻ മൂന്നു മന്ത്രിമാർ എത്തിയിരിക്കുന്ന കോഴിക്കോട്ടു്. അദ്ധ്യക്ഷൻ ഒരു മന്ത്രി, ഉൽഘാടകൻ ഒരു മന്ത്രി, പ്രാസംഗികൻ ഒരു മന്ത്രി. എന്തിനാണിപ്പണി എന്നറിയാത്തവരാരുണ്ടു്? ചെലവു ചുരുക്കലോ, വർദ്ധിപ്പിക്കലോ?

ശ്രീ. ആർ. ശങ്കർ: ആ മന്ത്രിമാർ ആരൊക്കെയാണെന്നുംകൂടി പറയണം.

ശ്രീ. ഈ. പി. ഗോപാലൻ: ഒരു വരിയിൽ ഇരിക്കുന്ന മൂന്നു മന്ത്രിമാർ. ഇനി ഞാൻ പേരു പറയേണ്ട കാര്യമില്ലല്ലോ?

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അതു ഒരു കെട്ടിടം ഉൽഘാടനം ചെയ്യുവാൻ വേണ്ടിയല്ല. ഒരു സാമൂഹ്യ സേവാസദനം ഉൽഘാടനം ചെയ്യാൻവേണ്ടി വന്നിട്ടുള്ളതാണു്.

ശ്രീ. ഈ. പി. ഗോപാലൻ: എതായാലും ചെലവു ചുരുക്കലിനെപ്പറ്റി ഒന്നും പറയേണ്ട. പിന്നീടുള്ളതു് ഇവിടത്തെ അഴിമതിയെപ്പറ്റിയാണു്. അഴിമതി നിരോധനത്തിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഒരു ഒന്നാംതരം അഴിമതിക്കാരനാണെന്നുള്ള ചാർജ്ജു ഞാൻ ഉന്നയിക്കുകയാണു്. അദ്ദേഹംതന്നെ സമ്മതിക്കുകയുണ്ടായി മോട്ടോർ വെഹിക്കിൾസു് ആക്ടിന്റെ പ്രകാരം താൻ കുറക്കാരനാണു് എന്നു്. എന്നാൽ അദ്ദേഹത്തെ പ്രോസിക്യൂട്ടു ചെയ്യേണ്ട പോലീസു് ഏതാണു്? വലിയ ഉദ്യോഗസ്ഥന്മാരെപോലും മാനസികമായി അധഃപതിപ്പിക്കുകയും അവരെ കേവലം വെള്ളംകോരികളും വിറകുവെട്ടികളുമായി തരംതാഴ്ത്തുകയും ചെയ്യുന്ന പണിയിലാണു് ഈ മന്ത്രി വൈദഗ്ദ്ധ്യം കാണിക്കുന്നതു്. പറയാൻ മടിയുണ്ടു്; ദുഃഖമുണ്ടു്. അവരിൽ ചിലരെ സ്വന്തം സ്വാർത്ഥത്തിനു വേണ്ടി ഹീനമായ "ഡാഫർ" പണിക്കുപോലും നിർബന്ധിക്കുന്നുവെന്നതാണു് കഷ്ടതരമായിട്ടുള്ളതു്.

(ഷെയിം വിളികൾ)

Mr. Chairman: You will kindly not use such words.

ശ്രീ. ഈ. പി. ഗോപാലൻ: എന്താണു് പീച്ചി സംഭവം? ജില്ലാ ഉദ്യോഗസ്ഥന്മാരെ ഈ മന്ത്രി എന്താക്കി മാറ്റി? തൃശ്ശൂർ കലക്ടർ ഒരു പ്രസ്താവന ഇറക്കി; തെറ്റിദ്ധാരണ തീർക്കാൻ. അതിനും കടക വിരുദ്ധമായി ശ്രീ. ചാക്കോ പുറപ്പെടുവിച്ച പ്രസ്താവനയാണു് ഇന്നു നിലവിലുള്ളതു്. ഇങ്ങനെ വ്യാജപ്രസ്താവന കലക്ടറെക്കൊണ്ടു് ചെയ്യിക്കാമോ? അദ്ദേഹം ഇപ്പോഴും കലക്ടറായി അവിടെ തുടരുന്നു. ഈ മന്ത്രിയുടെ മേൽ കേസു് എടുക്കേണ്ട പോലീസു് ഉദ്യോഗസ്ഥന്മാരുടെ നിലയെന്താണു്? അവരെന്തു ചെയ്തു? പീച്ചിയിൽ മന്ത്രിക്കു് വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ വ്യഗ്രത കാണിച്ചു. ഇത്രയധികം അധഃപതിച്ച മറ്റു കാലം ഇതിനുമുമ്പു ഈ രാജ്യത്തുണ്ടായിരുന്നില്ല. കിരാതഭരണം നടത്തിയിരുന്ന സർ. സി. പി.യുടെ കാലത്തുപോലും ഭരണയന്ത്രം ഇത്രമാത്രം അധഃപതിച്ചിരുന്നില്ല. Suppression of Immoral Traffic in Women and

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ഈ. പി. ഗോപാലൻ)

Childrens Act" അനുസരിച്ച് ഈ മന്ത്രി കറം ചെയ്തിട്ടുണ്ട്. ശ്രീ. ചാക്കോയുടെ സ്റ്റേറ്റുമെൻറിൽ നിന്നുതന്നെ വെളിപ്പെടുന്ന വസ്തുതയാണ് ഞാൻ പറയുന്നതു്. ഈ ആക്റ്റു ബഹുമാനപ്പെട്ട മന്ത്രി വായിച്ചിട്ടില്ലയോ? എങ്കിൽ അദ്ദേഹത്തിൻറെ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി ആക്റ്റിൻറെ സെക്ഷൻ 5 പ്രകാരം അദ്ദേഹത്തിൻറെ പേരിൽ കേസ് ചാർജ് ചെയ്യേണ്ടതാണു്. വാസ്തവത്തിൽ എ. എസ്. പി.യിൽ താഴത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു് കേസ്സന്വേഷിപ്പിച്ചു്, തുടർന്നുള്ള നടപടി നടത്തേണ്ടതാണു്. കോഗ്നൈസബ്ൾ ഒഫൻസ് ആകയാൽ, വാറണ്ടുകൂടാതെ അറസ്റ്റുചെയ്യേണ്ട കറമാണു് ചെയ്തിരിക്കുന്നതു്. പക്ഷെ ആരുണ്ടു് ഇയാളെ പിടിക്കുവാൻ? കാണ്ടാമൃഗത്തിൻറെ തൊലിക്കട്ടിയും, മെരുകിൻറെ മദ്യപാനാസക്തിയും, പാമ്പിൻറെ പകയും, അമ്പലക്കുററൻറെ കാമഭ്രാന്തും ഉള്ള ഒരാളിൻറെ കയ്യിൽ പോലീസ് വകുപ്പും നിയമവകുപ്പും റവന്യൂവകുപ്പും സർവോപരി അഴിമതി നിരോധന വകുപ്പും കൊടുത്തിരിക്കുകയാണു്. ഇദ്ദേഹത്തെ മന്ത്രിസഭയിൽനിന്നും ഡിസ്മിസ്ചെയ്യുകയാണു് വേണ്ടതു്. ജനാധിപത്യ മര്യാദയ്ക്കും സൽഭരണത്തിനും വേണ്ടി, ഇത്തരം ആളുകളെഡിസ്മിസ് ചെയ്യേണ്ടതു് വളരെ ആവശ്യമാണു്. ഇവർ തുടർന്നിരിക്കുന്നിടത്തോളം കാലം ഭരണത്തിൽ അഴിമതി തുടർന്നു ഉണ്ടായിക്കൊണ്ടിരിക്കും. ഇങ്ങനെയുള്ള ആളുകളെ മാറ്റി ഭരണത്തിനു സംശുദ്ധി വരുത്തേണ്ടതു വളരെ അത്യാവശ്യമായിത്തീർന്നിരിക്കുന്നു. സ്റ്റേറ്റു മിഷനറി സ്വന്തം ഇംഗിതത്തിനു ഉപയോഗിക്കുന്ന മറെറാരു മന്ത്രിസഭയെ കാണാൻ കഴിയുകയില്ല. വാസ്തവത്തിൽ ഇവിടെ ഈ മന്ത്രിമാരുടെ കൂടി ഇരിക്കുവാൻ ഞങ്ങൾക്കു ലജ്ജതോന്നുകയാണു് സർ. ജനങ്ങളം തെരഞ്ഞെടുത്തു അയച്ചുവല്ലോ, ഇരിക്കാതെ എന്തു ചെയ്യും. പിന്നെ എവിടെപോയി ഇരിക്കുവാനാണു് എന്നോർത്തു് ഇരിക്കുകയാണു്. കോൺഗ്രസ്സിൻറെ പേരിൽ ഇതൊക്കെ ചെയ്യാമെന്നു കരുതുന്നവർ ഈ സഭയിൽ ഉണ്ടാകുമെങ്കിലും എല്ലാവറിനും ഒരു അതിർ വേണം എന്നു് പറയട്ടെ. അത്രയും നാണംകെട്ട പണിയാണു് ഇവിടെ ഭരണമെന്ന പേരിൽ നടത്തുന്നതു്. അത്രത്തോളം അധഃപതിച്ച ഒരു ഭരണമാണു് ഇവിടെയുള്ളതെന്നു ആളുകൾ മനസ്സിലാക്കി ഈ സംസ്ഥാനത്തെ ഈ ദൂഷിത വലയത്തിൽനിന്നും മോചിപ്പിക്കുമെന്നു് വിശ്വസിക്കുകയല്ലാതെ മറെറന്തു ചെയ്യും? ഇത്രയും പറഞ്ഞുകൊണ്ടു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണു്.

Mr. Chairman: Order order. The House will now adjourn and meet again to-morrow at 8. a. m.

The House adjourned at 1-18 p. m. to meet again at 8. a. m. on Wednesday, the 29th January, 1964.

LIBRARY ARCHIVES Kerala Legislative Assembly